
ഏരുവേശ്ശി ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം








ജനകീയാസൂത്രണം


വികസന റിപ്പോർട്ട് – 96




ഏരുവേശ്ശി ഗ്രാമപഞ്ചായത്ത്



ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് ഓഫീസ്


N
S
കണ്ണൂർ ജില്ല
കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്ത്

ഏരുവേശ്ശി പഞ്ചായത്ത്
വാർഡുകൾ



ഏരുവേശ്ശി ഗ്രാമപഞ്ചായത്ത്

പൊതുവിവരങ്ങൾ

ജില്ല	:	കണ്ണൂർ
താലൂക്ക്	:	തളിപ്പറമ്പ്
ബ്ലോക്ക് പഞ്ചായത്ത്	:	ഇരിക്കൂർ
നിയോജകമണ്ഡലം	:	ഇരിക്കൂർ
ഗ്രാമപഞ്ചായത്ത്	:	ഏരുവേശി
വില്ലേജ്	:	ഏരുവേശി
വിസ്തീർണ്ണം	:	54.06. ച.കി.മീ.
ജനസംഖ്യ	:	17752
മണ്ഡലം	:	9
സ്ത്രീസംവരണവാർഡുകൾ	:	3
പട്ടികജാതി സംവരണം	:	1

അതിരുകൾ

കിഴക്ക്	:	പയ്യാവൂർ പഞ്ചായത്ത്
തെക്ക്	:	ശ്രീകണ്ഠാപുരം പഞ്ചായത്ത്
പടിഞ്ഞാറ്	:	ശ്രീകണ്ഠാപുരം പഞ്ചായത്ത്
വടക്ക്	:	നടുവിൽ പഞ്ചായത്ത് കർണാടക സംസ്ഥാനം.

പ്രധാന സർക്കാർ സ്ഥാപനങ്ങൾ

1. കൃഷിഭവൻ
2. വില്ലേജ് ഓഫീസ്
3. കെ.ഇ.ബി. ഓഫീസ്
4. പ്രൈമറി ഹെൽത്ത് സെന്റർ - 2 എണ്ണം.
5. ആയുർവേദ ഡിസ്പെൻസറി - 1 "
6. ഹോമിയോ ഡിസ്പെൻസറി - 1 "
7. മൃഗാശുപത്രി - 1 "
8. കെ. എസ്.ഇ.ബി. സബ്ഓഫീസ് - 1 "
9. സബ്ബ് പോസ്റ്റാഫീസ് - 1 "
10. പോലീസ് സ്റ്റേഷൻ - 1 "
11. ജി.യു.പി സ്കൂൾ - 2 "
12. ജി.എൽ.പി സ്കൂൾ - 1 "
13. ടെലിഫോൺ എക്സ്ചേഞ്ച് - 2 "
14. ബ്രാഞ്ച് പോസ്റ്റാഫീസ് - 7 "

ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് ഭരണസമിതി

1. പ്രസിഡൻറ് : ശ്രീ. എം. നാരായണൻമാസ്റ്റർ
2. വൈസ് പ്രസിഡൻറ് : ശ്രീ. കെ. കരുണാകരൻ
3. സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ : ശ്രീ. ജോർജ്ജ് ജോസഫ് കട്ടയ്ക്കൽ
4. മെമ്പർമാർ :


ശ്രീമതി. കെ. നാരായണി ടീച്ചർ
ശ്രീമതി മേരി കുര്യൻ
ശ്രീ. എ. ഗോപാലകൃഷ്ണൻ
ശ്രീ. എ. പി. ജോസഫ്
ശ്രീ. തോമസ് മാത്യു. പാലോലിൽ
ശ്രീമതി വത്സമ്മ തോമസ്

പഞ്ചായത്ത് ജീവനക്കാർ

1. ശ്രീ. എ. പി. തോമസ് (സെക്രട്ടറി)
2. " ടി. വി. നാരായണൻ (H.C)
3. " പി. രവീന്ദ്രനാഥൻ നായർ (UDC)
4. " കെ. ടി. ജോർജ്ജ് (UDC)
5. " പി. കെ. ശ്രീധരൻ (LDC)
6. " പി.പി. നാരായണൻ (പ്യൂൺ)

ഉള്ളടക്കം

1. ആമുഖം
2. അല്പം ചരിത്രം
3. കൃഷി-ജലസേചനം
4. മൃഗസംരക്ഷണം.
5. മത്സ്യബന്ധനം
6. വ്യവസായം
7. ഊർജ്ജം
8. ഗതാഗതം
9. മാർക്കറ്റ്
10. വിദ്യാഭ്യാസം
11. സംസ്കാരം
12. പൊതുജനാരോഗ്യം
13. കുടിവെള്ളം
14. സാമൂഹ്യക്ഷേമം
15. പാർപ്പിടം
16. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം
17. വനിതാക്ഷേമം
18. സഹകരണം.
19. വിഭവസമാഹരണം.



ആമുഖം

1947 ആഗസ്റ്റ് 15

വൈദേശികാധിപത്യത്തിൽ നിന്ന് ഭാരതം മോചിതമായ സുദിനം. അര നൂറ്റാണ്ട് കഴിഞ്ഞു. അധികാരികൾ മാറി മാറി വന്നു. ഭരണരംഗത്തും വികസനരംഗത്തും ജനകീയ സംരംഭങ്ങൾ, സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. ഭരണഘടനാ നിർദ്ദേശക തത്വങ്ങളായ 'ഗ്രാമപഞ്ചായത്തുകൾ' നടപ്പാക്കാൻ നീണ്ട 47 വർഷങ്ങൾ വേണ്ടിവന്നു. "ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ" എന്ന ജനാധിപത്യസ്വപ്നം തെരഞ്ഞെടുപ്പ് എന്ന പ്രക്രിയയിൽ ഒതുങ്ങി നിന്നു.

അധികാരവും ആസൂത്രണവും മേൽതട്ടിൽ ഒതുങ്ങി. ജനാഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കപ്പെട്ടില്ല. ആവശ്യങ്ങൾ തൊട്ടറിഞ്ഞവർ അന്യവല്ക്കരിക്കപ്പെട്ടു.


തീരുമാനമെടുക്കാനും, നടപ്പാക്കാനും, നടപ്പാക്കുന്നത് പരിശോധിക്കാനും സാധാരണക്കാരന് അവസരം ഉണ്ടാവണം. അതിന് നിലവിലുള്ള ആസൂത്രണപ്രക്രിയ അടിമുടി മാറിയേ തീരൂ! അണപൊട്ടിയ ജനാഭിലാഷങ്ങളുടെ മൂർത്തീവത്ഭാവമാണ് കേരളം നടപ്പിലാക്കുന്ന ജനകീയാസൂത്രണം. അടിത്തട്ടിൽ നിന്നും മേൽത്തട്ടിലേക്ക് ദിശാമാറ്റം നല്കപ്പെട്ട ആസൂത്രണ തന്ത്രമാണ് അവതരിപ്പിക്കുന്നത്. ആസൂത്രണത്തിലും വികസനപ്രവർത്തനത്തിലും തുല്യപങ്കാളിത്തം. ജാതിമതാദിഭിന്നതകൾക്കതീതമായി


മാനവൈക്യം ഉറപ്പ് വരുത്താൻ ജനകീയ ആസൂത്രണപ്രസ്ഥാനത്തിന് കഴിയുമെന്നത് നിശ്ചയമാണ്. ഒമ്പതാം പദ്ധതി ജനകീയപദ്ധതിയായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കയാണ്. ഇത് വികസനചരിത്രത്തിലെ ഒരു നാഴികകല്ലാണ്. അധികാരത്തോടൊപ്പം സമ്പത്തും (40% പദ്ധതിവിഹിതം) പഞ്ചായത്തുകൾക്ക് നല്കുന്നതിനാൽ ജനതാല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്ന സ്ഥിതി വിശേഷം വളർന്നു വരുന്നുണ്ട്.

പഞ്ചായത്തുകൾക്കുള്ള സർക്കാർ വിഹിതം (40%) കേരളസർക്കാരിന്റെ 60%ൽപെട്ട സ്കീമുകൾ, കേന്ദ്രസർക്കാർ ഫണ്ട്, ബാഹ്യവികസന ഏജൻസികളിൽനിന്ന് സന്നദ്ധസംഘങ്ങൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ, നികുതിവരുമാനം എല്ലാറ്റിനും പുറമെ ജനകീയ സംഭാവനകൾ തുടങ്ങിയ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകൾ പലതാണ്. കേരളം ഇന്നഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിലും ഭാഗികവും ആശാവഹവുമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണ തന്ത്രത്തിന് കഴിയും. ബഹുജനപങ്കാളിത്തം ഫലപ്രദമാകുമ്പോൾ സ്വാഭാവികമായും അഴിമതിയുടെ എല്ലാ കൈവഴികളും നിയന്ത്രിക്കാൻ കഴിയും.

അഭൂതപൂർവ്വമായ ജനകീയ കൂട്ടായ്മയുടെ വേദികളായിരുന്നു നമ്മുടെ ഗ്രാമസഭകൾ. സപ്തംബർ 21 ന് ആരംഭിച്ച ഗ്രാമസഭകൾ ഒക്ടോബർ 2 ന് പൂർത്തിയായി. 80 മുതൽ 200 വരെ സമ്മതിദായകർ നമ്മുടെ ഗ്രാമസഭകളിൽ പങ്കാളികളായി. പന്ത്രണ്ട് വിഷയങ്ങൾ അവതരിപ്പിച്ചുകൊണ്ട് വിശദമായ ചർച്ചകൾ നടത്തി. അനുഭവസമ്പത്തും ആർജ്ജിച്ച അറിവും (ദ്വിതീയവിവര ശേഖരണവും മറ്റും) ഈ റിപ്പോർട്ടിന് ആധാരമാണ്.

വികസന റിപ്പോർട്ടിന്റെ വിശദപഠനത്തിലൂടെ നമ്മുടെ ഐക്യബോധത്തിന്റെ താളലയത്തോടെ, വികസന പാതയിലൂടെ ഈ യാഗാശ്വത്തെ നമുക്ക് തെളിക്കാം.





അല്പം ചരിത്രം.

കോഴിക്കോട് ആസ്ഥാനമായ പഴയ മലയാം ജില്ല (മലബാർ ജില്ല) യിലെ ചിറക്കൽ താലൂക്കിൽ മലയോര മേഖലയിൽപ്പെട്ട കാഞ്ഞിലേരി അംശത്തിലെ ഒരു ദേശമായിരുന്നു ഏരുവേശ്ശി. പൗരാണികമായി കിഴക്ക് ഉടുമ്പപ്പുഴ, തെക്ക് മുണ്ടയാട്ട് കൊളവും നുച്യാട് പുഴയും, പടിഞ്ഞാറ് കബ്ളാരിക്കുന്ന്, വടക്ക് നടുവിൽ വില്ലേജ് എന്നിവ അതിരുകളായി സംരക്ഷിക്കപ്പെട്ടിരുന്നു. ഇരിക്കൂർ ഫർക്കയിൽ 45 ചതുരശ്രമൈൽ വിസ്തൃതി പ്രസ്തുത പ്രദേശത്തിനുണ്ടായിരുന്നു. ആസ്ഥാനം എള്ളരിഞ്ഞി. ഭരണാധികാരി കരക്കാട്ടിടം നായനാർ. പിൽക്കാലത്ത് ഏരുവേശ്ശി, പയ്യാവൂർ എന്നീ ദേശങ്ങൾ ചേർന്നതായിരുന്നു ഏരുവേശ്ശി അംശവും പഞ്ചായത്തും. അംശം അധികാരി ജന്മി കുടുംബാംഗമായ എടക്കുവൻ കുടുംബക്കാരായിരുന്നു. അധികാരി, മേനോൻമാർ, കോൽക്കാർ എന്നിങ്ങനെയുള്ള ഉദ്യോഗസ്ഥ രീതിയായിരുന്നു അന്നുണ്ടായിരുന്നത്. സനത് (പാരമ്പര്യം) രീതിയിലായിരുന്നു ഭരണക്കാരെ നിശ്ചയിച്ചിരുന്നത്. അധികാരം പിൻതുടർച്ചയായിരുന്നു.

ഭൂനികുതി പിരിക്കാനും, നീതി-ന്യായം നടത്താനും, ജനനമരണം രജിസ്റ്റർ ചെയ്യാനും ഉള്ള അധികാരമുണ്ടായിരുന്നു അധികാരികൾക്ക്. അധികാരി, ഗ്രാമമുൻസിഫ്, ഗ്രാമമജിസ്ട്രേട്ട്, ജനനമരണരജിസ്ട്രാർ, പൗണ്ട്കീപ്പർ എന്നീ ഔദ്യോഗിക നാമങ്ങളും അധികാരിക്കുണ്ടായിരുന്നു.

വിസ്തൃതമായ ഈ ഭൂവിഭാഗത്തിൽ ജനവാസം വളരെ പരിമിതമായിരുന്നു. സാമുദായിക അടിസ്ഥാനത്തിലാണ് ജനങ്ങൾ താമസിച്ചിരുന്നത്. അവരവർക്ക് പ്രത്യേകം ആരാധനാലയങ്ങൾ

ഉണ്ടായിരുന്നു. മുച്ചിലോട്ട് ഭഗവതിക്ഷേത്രം, ഗണപതി ക്ഷേത്രം മുതലായവ. ആദിവാസി വിഭാഗക്കാരായ കരിമ്പാലർ, മാവിലർ എന്നിവരും ഈ പ്രദേശങ്ങളിൽ അധിവസിച്ചിരുന്നു. കരിമ്പാലർ സ്ഥിരതാമസക്കാരും മാവിലർ മാറിമാറി താമസിച്ച് വന്നിരുന്നവരും ആണ്. മുസ്ലീങ്ങളും നാമമാത്രമായി ഇവിടെയുണ്ടായിരുന്നു.

സവർണ മേധാവിത്വം നിലനിന്ന അക്കാലത്തു ഭൂമിയുടെ ഉടമസ്ഥാവകാശം അവർക്കുമാത്രമായിരുന്നു. കരക്കാട്ടിടം നായനാർ, എടക്കുവന്മാർ, ചിറയ്ക്കൽ രാജാവ് എന്നിവരായിരുന്നു അധിപന്മാർ. കൂടാതെ പയ്യാവൂർ ദേവസ്വം വകയായും ഭൂമിയുണ്ടായിരുന്നു.

ചിറക്കൽ കോവിലകത്ത് വകയായ ഈ പ്രദേശത്തെ ഭൂമിയുടെ ഉടമസ്ഥത മന്ദനാർക്കു ലഭിച്ചു. ചിറക്കൽ കോവിലകത്ത് നിന്നും ഭ്രഷ്ടരാക്കപ്പെട്ട ഒരു കുടുംബാംഗമായിരുന്നു മന്ദനാർ. ചിറയ്ക്കൽ കോവിലകത്തിന്റെ രാജകീയ പദവിയും അധികാരാവകാശങ്ങളും മന്ദനാരിൽ നിക്ഷിപ്തമായിരുന്നു.

മന്ദനാരുടെ വാസസ്ഥലം മൂത്തേടത്ത് അരമന എന്ന പേരിലറിയപ്പെട്ടു. അരമനയുടെ നഷ്ടാവശിഷ്ടങ്ങൾ പൂപ്പറമ്പിന് സമീപം ഇന്നും ദൃശ്യമാണ്. മൂത്തേടത്ത് അരമന കൂടാതെ ഇളയിടത്ത് അരമന, മുണ്ടായ അരമന, കൂരാരി അരമന, ഇടയില്ലം അരമന എന്നിങ്ങനെ നാല് അരമനകളും സ്ഥാപിച്ചു. എല്ലാം ഇന്ന് ചരിത്രതാളുകളിൽ മാത്രം.

ചിറയ്ക്കൽ കോവിലകത്ത് നിന്നും ഭ്രഷ്ട് കല്പിക്കപ്പെട്ടവരെന്നും മന്ദനാർ അരമനയിൽ നിന്നും ഭ്രഷ്ടാക്കപ്പെട്ടവരെന്നും ഐതിഹ്യം പറയപ്പെടുന്ന ഒരു വിഭാഗമാണ് കുടിയാട്ടികൾ. അവരുടെ പേരുമായി ബന്ധപ്പെട്ടിട്ടാണ് കുടിയാന്മല എന്ന സ്ഥലനാമം ലഭിച്ചതെന്ന് പറയപ്പെടുന്നു.

സ്വേച്ഛാധികാര പ്രമത്തത മൂലം ശത്രുശക്തി വർദ്ധിക്കുകയാൽ ആത്മരക്ഷാർത്ഥം സ്ഥലം വിടേണ്ടിവന്ന മന്ദനാർ തന്റെ സ്വത്തുക്കൾ സർക്കാരിലേക്ക് എഴുതിക്കൊടുത്തു.

ഏരുവേശ്ശിയിലെ പൗരാണികമായ ക്ഷേത്രങ്ങളിലൊന്നാണ് ശ്രീ പാടിക്കുറ്റി ദേവീക്ഷേത്രം. അതിന്റെ ആരൂഢം മൂത്തേടത്ത് അരമനയായിരുന്നു. മന്ദനാരും ശാന്തിക്കാരനും തമ്മിലുള്ള അഭിപ്രായ വ്യത്യാസമാണ് ക്ഷേത്രത്തിന്റെ ആസ്ഥാനം ഇന്നു കാണുന്ന സ്ഥലത്തേക്ക് മാറ്റാൻ കാരണമെന്ന് പറയപ്പെടുന്നു. ശ്രീ കുന്നത്തൂർ പാടി മുത്തപ്പന്റെ ആരൂഢ സ്ഥാനവും പാടിക്കുറ്റിയാണത്രേ.

പഴയ ഏരുവേശ്ശിയുടെ ഭാഗമായിരുന്നു വൈതൽമല. മന്ദനാർ രാജകുടുംബത്തിൽ നിന്നും വിസ്തൃതമായ വൈതൽമലയുടെ ശൃംഗങ്ങളിൽ ക്ഷേത്രം നിർമ്മിച്ചു. ക്ഷേത്രനിർമ്മാണത്തെക്കുറിച്ചുള്ള ഐതിഹ്യമെന്തായാലും തകർന്നടിഞ്ഞ അടിത്തറ ഇന്നും കാണുന്നു. ഏതു കാലഘട്ടത്തിലും ശുദ്ധജലം ലഭിക്കുന്ന ഒരു ജലസ്രോതസ്സ് മലയുടെ ഉത്തുംഗശൃംഗത്തിൽ കാണപ്പെടുന്നു എന്നത് അത്ഭുതകരമായ കാഴ്ചയാണ്.

പഴയ സാംസ്കാരികകേന്ദ്രങ്ങളായി ശോഭിച്ചിരുന്ന കാഞ്ഞിരങ്ങാട്ടു ശിവക്ഷേത്രം (മുയിപ്ര), ചെങ്ങോത്ത് ചുഴലി ഭഗവതി ക്ഷേത്രം, ഏരുവേശ്ശിതെരുവ് ഗണപതി ക്ഷേത്രം, മുച്ചിലോട്ട് ഭഗവതിക്ഷേത്രം, പുതിയഭഗവതികാവ്, പൂപ്പറമ്പ് വൈരാൻ

കോട്ടം, പുലിയനാർകാവ്, കിളിയങ്കൽ വയനാട്ട് കുലവൻക്ഷേത്രം, നെല്ലിയോട്ടു പറമ്പ്ക്ഷേത്രം തുടങ്ങി വിവിധസ്ഥലങ്ങളിലായി നിരവധിക്ഷേത്രങ്ങളും കരിവെള്ളേരി തുടങ്ങി നിരവധി മുണ്ട്യസ്ഥാനങ്ങളും പുരാതനമായിത്തന്നെ തെയ്യക്കോലങ്ങൾ കെട്ടിയാടുന്ന നിരവധി സ്ഥലങ്ങളും ഈ ദേശത്തുണ്ട്.

ഏരുവേശ്ശി പഞ്ചായത്തിലെ കുടിയേറ്റയജ്ഞം സമാരംഭിച്ചത് 1943-ലാണ്. കാഞ്ഞിരപ്പള്ളി സ്വദേശിയായ ശ്രീ. പുൽപ്പേൽ ജോസഫാണ് ആ ദീപശിഖാ വാഹകൻ. അദ്ദേഹത്തിന്റെ സഹയാത്രികരായി മടുക്കക്കുഴിയിൽ ജോസഫ് ഇവരുടെ സഹായി ഇട്ടിച്ചേട്ടൻ തുടർന്ന് കാക്കനാട്ട് വർക്കി വർഗ്ഗീസ്, വാലുവണ്ണേൽ അബ്രഹാം, കടുവാത്തൂക്കിൽ ജോസഫ്, കൊട്ടാരത്തിൽ ഔസേഫ്, മുന്തിരിങ്ങാട്ട് കുന്നേൽ ചാക്കോ, ജോസഫ് കടുക്കുന്നേൽ എന്നിവരും കടന്നുവന്നു.

പ്രകൃതിയുടെ പ്രതികൂലാവസ്ഥ, വന്യജീവികളുടെ ക്രൂരത, മാരകരോഗങ്ങളുടെ നഗ്നതാണ്ഡവം, അഭയസ്ഥാനങ്ങളുടെ അഭാവം എന്നിവ കുടിയേറ്റക്കാർക്ക് ഭീഷണി ഉയർത്തി. സാഹസികതയുടെ കൈക്കരുത്തും, നിശ്ചയദാർഢ്യത്തിന്റെ മനക്കരുത്തുമുള്ള കുടിയേറ്റ കർഷകർ എല്ലാ പ്രതിബന്ധങ്ങളേയും അതിജീവിച്ചു.

പ്രാണേശ്വരിയുടെ മൃതദേഹം സംസ്ക്കരിക്കാൻ, മലമ്പനി തളർത്തിയ വിറയാർന്ന കൈകൾകൊണ്ട് കുഴിയുണ്ടാക്കി, പെറ്റമ്മയുടെ മരണം കണ്ട് തളർന്ന് കിടക്കുന്ന മക്കളുടെ കൺമുമ്പിൽ നിന്ന് തോളിൽ താങ്ങിയെടുത്തു പോയ വന്ദ്യ വയോധികന്റെ ചിത്രം- കുടിയേറ്റത്തിന്റെ ചരിത്രത്താളുകളിൽ ഇന്നും മായാതെ കിടക്കുന്നു.

ഈ പ്രദേശത്തെ ജനങ്ങളുടെ ആതിഥ്യമര്യാദയും സ്നേഹവായ്പും, കുടിയേറ്റകർഷകരെ ഹഠാദാകർഷിച്ചു. രോഗത്തിന്റെ കടന്നാക്രമണവും, പ്രകൃതിയുടെ ക്രൂരതയും വാളും പരിചയുമായി ഏറ്റുമുട്ടുമ്പോൾ തദ്ദേശീയരുടെ സഹകരണം കുടിയേറ്റ കർഷകരുടെ ആത്മവീര്യത്തെ പ്രോജ്ജ്വലിപ്പിച്ചു.

ക്രൈസ്തവ മതവിശ്വാസികളാണ് കുടിയേറ്റ കർഷകരിൽ ബഹുഭൂരിഭാഗവും. അവരുടെ ആരാധനയുടെ ആവിർഭാവം ഏതാണ്ടിങ്ങനെയാണ്. തളിപ്പറമ്പിൽ തൃച്ചംബരത്തുള്ള ലത്തീൻ ഇടവകയിൽ നിന്നും റവ. ഫാദർ ജോസഫ് കിഴക്കേഭാഗം ചെമ്പേരിയിലുള്ള പുളിക്കൽ ജോസഫിന്റെ ഭവനത്തിൽ വെച്ചാണ് വിശുദ്ധ ബലി ഈ കുടിയേറ്റ മേഖലയിൽ ആദ്യമായി അർപ്പിച്ചത്. അതിനു ശേഷം താല്ക്കാലിക ഷെഡ് കെട്ടി മാസത്തിലൊരു ദിവസം ആരാധന നടന്നു വന്നു.

1950 വരെ കുടിയേറ്റപ്രവാഹം മലയോരമേഖലയിലേക്ക് തുടർന്നു. അരീക്കമല, കുടിയാന്മല, നെല്ലിക്കുറ്റി, രത്നഗിരി, ചുണ്ടപ്പറമ്പ്, ചെറിയഅരീക്കമല, കോട്ടക്കുന്ന്, വഞ്ചിയം, പൊട്ടൻപ്ലാവ്, ചുണ്ടക്കുന്ന് തുടങ്ങി മലയോര മേഖലകളിൽ കുടിയേറ്റ കർഷകർ രംഗപ്രവേശം ചെയ്തു.

കാലം കടന്നു. ഭൂവുടമാവ്യവസ്ഥയിൽ സാരമായ മാറ്റങ്ങൾ വരുത്തുവാൻ പര്യാപ്തമായ കർഷകസമരങ്ങൾ നാടെല്ലാം പടർന്നു. 1946 ഡിസംബർ 30-ന് നടന്ന കാവുമ്പായി സമരം ഈ പ്രദേശത്തെ കാർഷികബന്ധങ്ങളെ സാരമായി ബാധിച്ചു. ഭൂവുടമകളുടെ സംരക്ഷകരായ പോലീസുകാരും കർഷകരും തമ്മിൽ ഏറ്റുമുട്ടി.

തീജ്വാലകളുയർത്തിയ, ധീര സ്മരണകളുണർത്തുന്ന ആ സമരഭൂവിൽ 5 രണധീരർ രക്തസാക്ഷികളായി. തെങ്ങിൽ അപ്പനമ്പ്യാർ (ഏരുവേശ്ശി), പി. കുമാരൻ (ഊരത്തൂർ), എ. പി. കൃഷ്ണൻ (ബ്ലാത്തൂർ), മഞ്ഞേരി ഗോവിന്ദൻ നമ്പ്യാർ (എള്ളരിഞ്ഞി), പുളുക്കൂൽ കുഞ്ഞിരാമൻ (പയ്യാവൂർ) എന്നിവരാണ് ആ അനശ്വരർ.

അനശ്വരരായ ആ രക്തസാക്ഷികളെ കൂടാതെ നിരവധി പേർ മർദ്ദനത്തിനു വിധേയരായി ജീവിക്കുന്ന രക്തസാക്ഷികളായി ഇന്നും നമ്മളോടൊപ്പമുണ്ട്. അവർക്ക് സ്വാതന്ത്ര്യസമര പെൻഷൻ നല്കി അംഗീകരിക്കുകയും താമ്രപത്രം കൊടുത്ത് ആദരിക്കുകയും ചെയ്തിട്ടുണ്ട്. കാവുമ്പായി സമരത്തിന് ധീരമായി നേതൃത്വം നല്കിയവരിൽ പ്രമുഖൻ എം. സി. ആർ എന്ന പേരിൽ അറിയപ്പെടുന്ന എം. സി. രയരപ്പൻ മാസ്റ്ററാണ്. ഈ സംഭവം മലബാറിലെ ജന്മി സമ്പ്രദായത്തെ വിറളി പിടിപ്പിക്കുകയുണ്ടായി. ജന്മികൾ ഭൂമി കിട്ടിയവിലയ്ക്ക് വില്ക്കാൻ തുടങ്ങിയപ്പോൾ കാർഷിക വൃത്തിയ്ക്കു ഇവിടുത്തെ മണ്ണ് അനുയോജ്യ മെന്നു മനസ്സിലാക്കിയ കുടിയേറ്റ കർഷകരുടെ പ്രവാഹം ദ്രുതഗതിയിലായി.

ഈ പ്രദേശത്തിലെ അക്ഷരവിദ്യയുടെ ഹരിശ്രീ കുറിച്ചത് ഏരുവേശ്ശി എ. യു.പി. സ്കൂളിലാണ്. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ എടക്കുവൻ കോരോത്ത് രാമർകുട്ടി നമ്പ്യാരാണ് സ്ഥാപകൻ. 1950-ൽ ആരംഭിച്ച ചെമ്പേരി നിർമ്മലാ എൽ.പി. എസ്. ഐക്യകേരളജന്മത്തോടെ ഹൈസ്കൂളായി ഉയർത്തി.

ഏരുവേശ്ശി പഞ്ചായത്തിന്റെ ആദ്യത്തെ പഞ്ചായത്ത് ബോർഡിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നത് 1955 ഡിസംബർ മാസത്തിലാണ്. അന്നു നടന്ന തെരഞ്ഞെടുപ്പിന് ചില പ്രത്യേകതകളുണ്ടായിരുന്നു. പ്രസിഡൻറിന്റേയും മെമ്പർമാരുടെയും തെരഞ്ഞെടുപ്പ് സമ്മതിദായകർ ഒരിടത്ത് കേന്ദ്രീകരിച്ച് നടത്തിയിരുന്നു. നിയോജക മണ്ഡലമോ, ബാലറ്റു സമ്പ്രദായമോ ഇല്ലായിരുന്നു. ഓരോ സ്ഥാനാർത്ഥിയുടേയും പേര് വിവരങ്ങൾ വിളിച്ച് പറഞ്ഞ് അദ്ദേഹത്തെ അനുകൂലിക്കുന്നവർക്ക് വോട്ട് ചെയ്യാൻ താല്പര്യപ്പെടുന്ന, തയ്യാറുള്ളവർ കൈ പൊക്കുന്നു. കൈകൾ എണ്ണിതിട്ടപ്പെടുത്തി വോട്ടായി രേഖപ്പെടുത്തുന്നു. ഈ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ എത്തിയ ഭരണസമിതി.

പ്രസിഡൻറ്:-എം.പി.അബ്രഹാം മറ്റപ്പിള്ളിൽ
മെമ്പർമാർ:-

1. ശ്രീ. അലക്സാണ്ടർ കടുക്കുന്നേൽ
2. " ആഗസ്തി കവളക്കാട്ട്.
3. " രാഘവൻ നമ്പ്യാർ കുറ്റ്യാട്ട് രയരോത്ത്
4. " ടി.ടി. മാത്യു തെക്കേടത്ത്. വൈ. പ്രസി.
5. " ജോസഫ് തുടിയംപ്ലാക്കൽ
6. " പി. ഗോവിന്ദൻ നായർ
7. " ഇ.സി. ജോസഫ് എലവുമുറി.
8. " കേളൻ എളയടൻ

ആദ്യത്തെ പഞ്ചായത്ത് ബോർഡ് നിലവിൽ വന്ന് അധികം താമസിയാതെ ചില സ്ഥാനചലനങ്ങൾ ബോർഡിൽ ഉണ്ടായി. പ്രസിഡൻറ് തെരഞ്ഞെടുപ്പ് കോടതിവിധിയാൽ അസാധുവാക്കി. വൈസ് പ്രസിഡൻറ് പ്രസിഡൻറായി ചുമതലയേറ്റു. പിന്നീട് നടന്ന പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ തോമസ് കുളത്തറ (പരേതൻ) എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. ദീർഘമായ എട്ടുവർഷ ഇടവേളയ്ക്കുശേഷം രഹസ്യബാലറ്റ് സമ്പ്രദായത്തിൽ തെരഞ്ഞെടുപ്പ് നടന്നു.

1. ശ്രീ. അലക്സാണ്ടർ കടുക്കുന്നേൽ
2. " എം.സി. പത്മനാഭൻമാസ്റ്റർ

3. ശ്രീ. ജോസഫ് അയ്യംകാനാൽ
4. " ഇ.കെ. കുമാരൻമാസ്റ്റർ
5. " ജോസഫ് ഇരുപ്പക്കാട്ട്.
6. " ഇ.സി. ജോസഫ്.
7. " ഡോ. കെ. വി. മോഹനൻ
8. " ജോൺ അരിച്ചാലിൽ
9. ശ്രീമതി. പി.കെ. രാജമ്മ (നോമിനേറ്റഡ്.)

എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

ഇ.സി. ജോസഫ് പ്രസിഡൻറും, എം.സി. പത്മനാഭൻമാസ്റ്റർ വൈസ് പ്രസിഡൻറായും ഭരണസമിതി നിലവിൽ വന്നു. ഇ.കെ. കുമാരൻമാസ്റ്റർ രാജി വെച്ചപ്പോൾ കെ. പി.കുഞ്ഞിരാമനെ തൽസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു.

അക്കാലത്ത് ഇ.സി. ജോസഫ് പ്രസിഡൻറ് സ്ഥാനം രാജിവെച്ചപ്പോൾ ശ്രീ.എം.സി. പത്മനാഭൻമാസ്റ്റർ പ്രസിഡൻറായും, ഡോ. കെ. വി. മോഹനൻ വൈസ് പ്രസിഡൻറായും ചുമതല യേറ്റെടുത്തു.

ഇക്കാലത്ത് പഞ്ചായത്ത് ആസ്ഥാന ത്തെക്കുറിച്ച് ഗൗരവമായ തർക്കങ്ങൾ ഈ പ്രദേശത്തെ ശബ്ദമുഖരിതമാക്കിയിരുന്നു. പയ്യാവൂർ നിന്നും ആസ്ഥാനം ഇടക്കാലത്ത് പൂപ്പറമ്പിലേക്ക് മാറ്റി. 1972ൽ പഞ്ചായത്ത് വിഭജനം നടന്നു. ഏരുവേശ്ശി പഞ്ചായത്ത് ചെമ്പേരി ആസ്ഥാനമാക്കി പ്രവർത്തിച്ചു തുടങ്ങി. 1976 ഡിസംബറിൽ പുതിയ ഓഫീസ് ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ എം. എൽ.എ ഉദ്ഘാടനം ചെയ്തു.

ഒന്നര ദശാബ്ദത്തിലധികം കഴിഞ്ഞ് 1979ൽ തെരഞ്ഞെടുപ്പ് നടന്നു.
1. ശ്രീ. കെ. വി. വർക്കി.
2. " എ. സി. മാത്യു.
3. " കല്ലാ കേളൻ
4. " പി.ഒ. കുര്യൻ മാസ്റ്റർ
5. ശ്രീമതി. ഫിലോമിന ടീച്ചർ തുരുത്തിയിൽ
6. ശ്രീ. എം. നാരായണൻമാസ്റ്റർ
7. " ജോസഫ് വല്യാത്ത്
8. " കെ. രാഘവൻ

ഇവർ അംഗങ്ങളായ ബോർഡിൻെറ ഭരണസാരഥികളായി അധികാരത്തിലെ ത്തിയത് പ്രസിഡൻറ് ശ്രീ. കെ. വി. വർക്കി, വൈസ് പ്രസിഡൻറ് ശ്രീ. കല്ലാകേളൻ എന്നിവരാണ്. കാലാവധിക്കുശേഷം തെരഞ്ഞെടുപ്പ് നടക്കാത്തതിനാൽ ഉദ്യോഗ സ്ഥഭരണത്തിലായി, നമ്മുടെ പഞ്ചായത്തും. 1988-ൽ നടന്ന തെരഞ്ഞെടുപ്പിൽ
1. ഇ.പി. കുഞ്ഞമ്പു മാസ്റ്റർ
2. കെ.സി. വിജയകുമാരി.
3. അലക്സാണ്ടർ കടുക്കുന്നേൽ
4. കെ. രാഘവൻ
5. മാർഗരറ്റ് മാത്യു.
6. കെ. വി. വർക്കി.
7. അഗസ്റ്റ്യൻ കവളക്കാട്ട്.
8. കെ.കരുണാകരൻ
9. സി. എ. മാത്യു.


എന്നിവരെ തെരഞ്ഞെടുത്തു. സി. എ. മാത്യു പ്രസിഡൻറും കെ. രാഘവൻ വൈസ് പ്രസിഡൻറുമായി ഭരണസമിതി നിലവിൽ വന്നു.


1994ൽ പഞ്ചായത്ത്രാജ് നിയമ മനുസരിച്ച് ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് നിലവിൽ വന്നു. 1995-ൽ പഞ്ചായത്തിലേക്ക് നടന്ന പ്രഥമ തെരഞ്ഞെടുപ്പിൽ
1. കെ. നാരായണിടീച്ചർ
2. എം. നാരായണൻമാസ്റ്റർ
3. മേരി കുര്യൻ
4. എ. ഗോപാലകൃഷ്ണൻ
5. എ. പി. ജോസഫ്
6. തോമസ് മാത്യു പാലോലിൽ
7. ജോർജ്ജ് ജോസഫ് കട്ടയ്ക്കൽ
8. കെ. കരുണാകരൻ
9. വത്സമ്മ തോമസ്

എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ.എം. നാരായണൻമാസ്റ്റർ പ്രസിഡൻറും

ശ്രീ. കെ. കരുണാകരൻ വൈസ് പ്രസിഡൻറും ശ്രീ. ജോർജ്ജ് ജോസഫ് കട്ടയ്ക്കൽ സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാനും ആയ ഭരണസമിതിയാണ് നിലവിലുള്ളത്.

ചരിത്രത്തിലൂടെ ഓട്ടപ്രദക്ഷിണം നടത്തി, കാലഘട്ടം വരുത്തിയ മാറ്റങ്ങൾ വിലയിരുത്തി നാം നില്ക്കുന്നതെവിടെ? ലക്ഷ്യത്തെക്കാൾ എത്രയോ പിന്നിൽ. ഇനിയും ബഹുദൂരം സഞ്ചരിക്കണം. ലക്ഷ്യബോധത്തോടെ വസ്തുനിഷ്ഠ സാഹചര്യപഠനത്തിലൂടെ.





കൃഷി-ജലസേചനം

അരനൂറ്റാണ്ടുമുമ്പു ഏരുവേശ്ശി പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും വനങ്ങളായിരുന്നു. കാട്ടാനകളും കാട്ടുപോത്തുകളും മലമ്പാമ്പുകളും വിഹരിച്ചിരുന്നു. ഈ പ്രദേശത്ത് ഒറ്റപ്പെട്ട ജനവാസമേ ഉണ്ടായിരുന്നുള്ളൂ. ഏരുവേശ്ശി, പൂപ്പറമ്പ്, ചെറിയഅരീക്കാമല, വലിയഅരീക്കാമല പ്രദേശങ്ങളിൽ മാത്രമേ സ്ഥിരമായ വീടുകൾ ഉണ്ടായിരുന്നുള്ളൂ. ഭൂമിയുടെ പൂർണ്ണാവകാശം ജന്മിക്കായിരുന്നു. അതുകൊണ്ടു തന്നെ ദീർഘകാല വിളകൾ കുറവായിരുന്നു. കൃഷിസ്ഥലങ്ങളെ നഞ്ച, പുഞ്ച, തോട്ടം എന്നും പുഞ്ചയെ സ്ഥിരം, അസ്ഥിരം എന്നും തിരിച്ചിരുന്നു. വാർഷികവിളകളായിരുന്നു ഏറെയുണ്ടായിരുന്നത്. പുനംകൃഷിയായിരുന്നു മുഖ്യരീതി. നെല്ല്, മുത്താറി, ചാമ, ചോളം, തിന, തുവര, പച്ചക്കറികൾ എന്നിവയും ആവണക്ക്, പരുത്തി തുടങ്ങിയവയും കൃഷിചെയ്തിരുന്നു. പുനംകൃഷിയെ മലനാടിന്റെ കപ്പൽ എന്നും പറഞ്ഞിരുന്നു. കാടുവെട്ടിത്തെളിച്ച് തീയിട്ട്, വൃത്തിയാക്കി പ്രത്യേകതരം ആയുധമായ വരിയ ഉപയോഗിച്ച് കിളച്ച് വിത്തിട്ടിരുന്നു. പ്രധാന വിപണനകേന്ദ്രം ചെങ്ങളായി ആയിരുന്നു.

1940കളിൽ തിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റം ആരംഭിച്ചു. അതോടെ വനപ്രദേശങ്ങൾ കൃഷിയിടങ്ങളായി മാറി. മരച്ചീനി, ഇഞ്ചിപ്പുല്ല് എന്നിവ കൃഷി ചെയ്യാൻ തുടങ്ങി. ക്രമേണ ഭൂപ്രകൃതികൾക്കും കാലാവസ്ഥയ്ക്കും അനുയോജ്യമായ നാണ്യവിളകൾ വ്യാപകമാവുകയും ഭക്ഷ്യവിളകളുടെ ഉൽപ്പാദനം കുറഞ്ഞുവരികയും ചെയ്തു. റബ്ബർ, കശുമാവ്, കമുക്, തെങ്ങ്, കുരുമുളക് എന്നീ കൃഷികളിൽ ഇന്നെത്തി നില്ക്കുന്നു.

ഇക്കാലത്തിനിടയിൽ കാർഷികബന്ധങ്ങളിൽ വന്നിച്ച മാറ്റങ്ങളുണ്ടായി. സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് വളർന്നുവന്ന ഐക്യബോധം കർഷകസമരങ്ങളുടെ വേലിയേറ്റത്തിന് പ്രചോദനമായി. ജന്മിത്വം അവസാനിപ്പിക്കാനുള്ള പോരാട്ടങ്ങളിലേക്കെത്തി ജീവത്യാഗത്തിനു പോലും തയ്യാറായ ചരിത്രം നമ്മുടെ പ്രദേശത്തെ ജനങ്ങൾക്കുണ്ട്.

നമ്മുടെ പഞ്ചായത്തിന് 12129 ഏക്കർ വിസ്തീർണ്ണമുണ്ട്. ഇതിൽ ചെറിയൊരു ശതമാനം ഭൂമി മാത്രമേ തരിശായി കിടക്കുന്നുള്ളൂ. മാവും, പ്ലാവും, വാഴയും തിങ്ങിനിറഞ്ഞിരുന്ന പറമ്പുകൾ റബ്ബർ മരങ്ങൾക്ക് വഴി മാറിയിരിക്കുന്നു. പച്ചക്കറികൾ ലഭ്യമായിരുന്ന വീടുപറമ്പുകളിൽ നിന്ന് അവയെല്ലാം അന്യമായിരിക്കുന്നു. കുരുമുളക് തോട്ടങ്ങൾ നാശോന്മുഖമായിരിക്കുന്നു.

തീർത്തും മലയോരഗ്രാമമാണ് ഏരുവേശ്ശി പഞ്ചായത്ത്. അതുകൊണ്ടു തന്നെ റബ്ബർ-കശുമാവ് എന്നീ തോട്ടകൃഷികൾക്ക് അനുയോജ്യമാണ്. ഭക്ഷ്യധാന്യങ്ങൾ കൃഷിചെയ്യാവുന്നിടത്തുപോലും കൂടുതൽ ആദായകരമെന്ന നിലയിൽ റബ്ബർ കൃഷി ചെയ്യുന്നു.

രണ്ടുതരം മണ്ണാണ് പൊതുവെ കാണപ്പെടുന്നത്. ഉയർന്ന പ്രദേശങ്ങളിൽ കരിങ്കൽ കഷണങ്ങൾ ചേർത്തുള്ള വളക്കൂറുള്ള മണ്ണ്. നിരപ്പായ പ്രദേശങ്ങളിൽ ചെങ്കല്ല് ചേർന്നു കൊണ്ടുള്ള ചരൽ മണ്ണ്.

മണ്ണ്	വിസ്തൃതി
കരിങ്കൽ കലർന്ന മണ്ണ്.	89%
ചെങ്കല്ല് കലർന്ന ചരൽമണ്ണ്	10%
പശയുള്ള അഭ്രാംശമുള്ള മണ്ണ്.	1%

ഉയർന്ന പ്രദേശങ്ങളിൽ പൊതുവെ റബ്ബർ കൃഷിയാണുള്ളത്. എന്നാൽ ചിലയിടങ്ങളിൽ കശുമാവ്, തെങ്ങ് എന്നിവയും കൃഷി ചെയ്യുന്നു. ചെങ്കൽപ്രദേശങ്ങളിൽ കശുമാവാണ് പ്രധാനമായും കാണപ്പെടുന്നത്. അടുത്തകാലത്തായി മൺതരം പോലും നോക്കാതെ എല്ലായിടത്തും റബ്ബർകൃഷി ചെയ്യുന്ന പതിവുണ്ട്.

തെങ്ങിൻ തോട്ടങ്ങളിൽ കൊക്കോ ഇടവിള കൃഷിയായി ചെയ്തിരുന്നു. കാപ്പിയും ചില പ്രദേശങ്ങളിൽ നാമമാത്രമായി കാണുന്നു.

വിളകൾ സംബന്ധിച്ച വിവരം

വിള	വിസ്തീർണ്ണം ഏക്കറിൽ	ഉല്പാദനം
റബ്ബർ	4500	1500 ടൺ
കശുമാവ്	3000	760
തെങ്ങ്	2000	20 ലക്ഷംഎണ്ണം
കവുങ്ങ്	600	320 ടൺ
കുരുമുളക്	200	40
വാഴ	60	120
നെല്ല്	16	4
മരച്ചീനി	80	160

ഭൂമി സംബന്ധിച്ച വിവരങ്ങൾ (ഏക്കറിൽ)

പട്ടിക-3

പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	മറ്റു ഭൂമികൾ	ആകെ
11114.35	42.65	230	500	242	12129

കൈവശഭൂമി സംബന്ധിച്ച വിവരങ്ങൾ

പട്ടിക-4

വിഭാഗം	ആകെ
നാമമാത്രമായ കർഷകർ (1 ഹെക്ടറിൽ താഴെ)	40%
ചെറുകിടകർഷകർ (1-2 ഹെക്ടർ)	45%
വൻകിടകർഷകർ (2 ഹെക്ടർ)	15%

ജലസേചനം

ഈ പഞ്ചായത്തിൽ കൃഷി പ്രധാനമായും മഴയെ ആശ്രയിച്ചാണ് നടത്തുന്നത്. പുഴ, തോടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയിൽ നിന്ന് വെള്ളം എടുത്ത് ജലസേചനം നടത്തുന്നുണ്ട്. കുടിയാന്മല മുതൽ പാറക്കടവ് വരെ നെടു നീളത്തിൽ ഒഴുകുന്ന പുഴയാണ് മുഖ്യജല സ്രോതസ്സ്. ഈ പുഴയിൽ ചെന്നു ചേരുന്ന നിരവധി തോടുകളും അവയുടെ കൈവഴി കളും പഞ്ചായത്തിലുണ്ട്. ഇവയെല്ലാം അടുത്ത കാലങ്ങളിലായി വറ്റിപോകുന്നവയാണ്.

പട്ടിക 6 പുഴ, തോട് എന്നിവ

പേര്	തുടങ്ങുന്ന സ്ഥലം	ചേരുന്ന സ്ഥലം
1. ഏരുവേശ്ശിപ്പുഴ	കുടിയാന്മല	പാറക്കടവ് പുഴ
തോടുകൾ		
1. നെല്ലിക്കുറ്റിതോട്	അരീക്കാമല	പാറക്കടവ് പുഴ
2. പായിത്തോട്	കാണമല	മണ്ണംകുണ്ട്പുഴ
3. പോളിയറത്തോട്	പോളിയറ	മണ്ണംകുണ്ട്പുഴ
4. വെട്ടിയ്ക്കതോട്	വലിയഅരീക്കാമല	കുടിയാന്മലപുഴ
5. മുക്കോടിതോട്	ചുണ്ടക്കുന്ന്	ഏരുവേശ്ശിപുഴ
6. വില്ലേജ്ആഫീസ്തോട്	വള്ള്യാട്	ചെമ്പേരിപുഴ
7. ചാത്തമലതോട്	പൊട്ടൻപ്ലാവ്	കുടിയാന്മല
8. മുന്നൂർകൊച്ചിതോട്	കുടിയാന്മല	കുടിയാന്മലപുഴ
9. മുയിപ്രതോട്	ഞെക്ലി	ആലത്തൂർപുഴ
10 ഓടംപ്ലാവ്തോട്	ഓടംപ്ലാവ്	നല്ലൂർകടവ്

ഏരുവേശ്ശി പഞ്ചായത്ത് ധാരാളമായി മഴ ലഭിക്കുന്ന പ്രദേശമാണ്. മഴ ലഭിക്കുന്നത് പ്രത്യേക സമയപരിധിക്കുള്ളിലായതിനാലും കുന്നിൻപ്രദേശമായതിനാലും മഴവെള്ളം മുഴുവൻ വാർന്നൊഴുകി നഷ്ടമാകുന്നു.

ജലസേചനത്തിനായി ചെറുകിട ജലസേചനവകുപ്പ് വെട്ടിക്കൽ തോട്ടിൽ ഒരു ചെക്ക്ഡാം നിർമ്മിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് അര ഏക്കർ സ്ഥലത്ത് നെൽകൃഷി നടത്തുന്നുണ്ട്. കുനിയമ്പുഴയിൽ ഒരു ചെക്ക്ഡാം അടുത്തകാലത്തായി നിർമ്മിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി ലഭിക്കാത്തതിനാൽ വെള്ളം പമ്പ് ചെയ്തുപയോഗിക്കാൻ തുടങ്ങിയിട്ടില്ല. 50 ഏക്കർ ജലസേചനത്തിന് ലക്ഷ്യമിട്ടാണ് ഈ ചെക്ക് ഡാം നിർമ്മിച്ചിട്ടുള്ളത്.

മണ്ണ്-ജലസംരക്ഷണം

മഴ കൂടുതലായി ലഭിക്കുമ്പോൾ താല്ക്കാലികമായി ജലം കിട്ടുമെങ്കിലും മഴ തീരുന്നതോടെ വെള്ളം മുഴുവൻ കുത്തിയൊലിച്ച് പുഴയിലേക്കൊഴുകി എത്തുകയാണ് ചെയ്യുന്നത്. ചരിവായ പ്രദേശങ്ങളായതിനാൽ വെള്ളം കെട്ടി നില്ക്കുന്ന പ്രശ്നമേയില്ല. അതിനാൽ മഴ കൂടുതൽ ലഭിച്ചാലും വരൾച്ച അനുഭവപ്പെടുന്നു. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടക്കുന്നില്ല. അതു കൊണ്ടുതന്നെ വളക്കൂറുള്ള മേൽമണ്ണു മുഴുവൻ ഒഴുകി ഫലഭൂയിഷ്ഠത നഷ്ടപ്പെടുന്നു. ഇപ്പോൾ പഞ്ചായത്തിലെ രത്നഗിരി പ്രദേശത്ത് നീർമറി പദ്ധതി നടപ്പാക്കിവരുന്നു. അരീക്കാമലയിലും നീർമറി പദ്ധതി സംബന്ധിച്ച പ്രാരംഭ പ്രവർത്ത

നങ്ങൾ ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തു മുഴുവൻ പദ്ധതി വ്യാപിപ്പിക്കേണ്ടതുണ്ട്.

നേഴ്സറികൾ

സ്ഥിരമായ സർക്കാർ നേഴ്സറികൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. റബ്ബർ തൈകൾ ഉല്പാദിപ്പിക്കുന്ന സ്വകാര്യ നേഴ്സറികൾ രംഗത്തുണ്ട്. വനംവകുപ്പിന്റെ വകയായി ചിലവർഷങ്ങളിൽ തേക്കിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ ഉണ്ടാകാറുണ്ട്.

കാർഷിക വിളരോഗങ്ങൾ

കാർഷികരംഗത്തെ പ്രധാന വിളകൾക്കുണ്ടാകുന്ന രോഗങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

റബ്ബർ	കശുമാവ്	തെങ്ങ്	കവുങ്ങ്	വാഴ	കുരുമുളക്
ഇലപ്പുള്ളി	തടിതുരപ്പൻപുഴു	കൂമ്പുചീയൽ	മഞ്ഞളിപ്പ്		ദ്രുതവാട്ടം
ചീക്ക്	തേയിലകൊതുക്	മഞ്ഞളിപ്പ്	മാഹാളി	കൂമ്പടപ്പ്	പൊള്ളവണ്ട്
പിങ്ക്	പശചാട്ടം	ചെന്നീരൊലിപ്പ്	കുറുനാമ്പ്		
				കോക്കാൻ	
പട്ടമരപ്പ്				ഡിസീസ്	
നൂൽപ്പുഴു		മാഹാളി	വേരുചീയൽ	മാണപ്പുഴു	
ബാധ		കൊമ്പൻചെല്ലി			
		ചെമ്പൻചെല്ലി			
		പൂങ്കുലചാഴി			
		എലി			

രാസവളം-കീടനാശിനി ഉപഭോഗം.

രാസവളങ്ങളും കീടനാശിനികളും ക്രമാതീതമായി ഉപയോഗിച്ചു വന്നിടങ്ങളിൽ ഇപ്പോൾ ജൈവവളപ്രയോഗത്തിന് മുൻതൂക്കം നല്കിതുടങ്ങിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ രണ്ട് സ്വകാര്യവളംഡിപ്പൊകളും ഒരു സഹകരണവളംഡിപ്പോയും നിലവിലുണ്ട്.

രാസവള-കീടനാശിനിഉപഭോഗം പട്ടിക 8

വർഷം	രാസവളം	കീടനാശിനി	
		ഖരം	ദ്രാവകം
	കി.ഗ്രാം	കി.ഗ്രാം	ലിറ്റർ
1993-1994	6310	34.77	308
1994-1995	7214	18.10	389
1995-1996	6804	36.03	339
ആകെ	20328	88.96	1036

അവലംബം വളംഡിപ്പോ വിതരണസ്റ്റോക്ക് രജിസ്റ്റർ

കൃഷിഭവൻ

പഞ്ചായത്ത് കൃഷിഭവൻ ഏരുവേശ്ശിയിലാണ് സ്ഥിതിചെയ്യുന്നത്. പ്രധാനകേന്ദ്രങ്ങളിൽ കൃഷി അസിസ്റ്റൻറുമാരുടെ ഓഫീസുകൾ സ്ഥാപിച്ചാൽ മാത്രമേ വിദഗ്ദരുടെ സേവനം കർഷകർക്ക് ലഭിക്കൂ. വിത്ത്, വളം, കീടനാശിനികൾ, നടീൽ വസ്തുക്കൾ എന്നിവ യഥാകാലം ലഭിക്കാൻ ആവശ്യമായ ഏർപ്പാടുകൾ ഉണ്ടാകണം.

പട്ടിക -9

1995-1996 വർഷത്തിൽ കൃഷിഭവൻ മുഖേന വിതരണം ചെയ്ത നടീൽ വസ്തുക്കൾ

1. തെങ്ങ്	783	എണ്ണം.
2. കശുമാവ്	2400	"
3. കുരുമുളക്	15000	"
4. കവുങ്ങ്	50	"

ഇങ്ങനെ വിതരണം ചെയ്യപ്പെടുന്ന നടീൽ വസ്തുക്കളുടെ ഗുണനിലവാരം സംബന്ധിച്ച് കർഷകർക്ക് ആശങ്കയുണ്ട് പലപ്പോഴും. നടീൽ വസ്തുക്കളുടെ വിതരണം അനവസരത്തിലാകുന്നു.

റബ്ബർ കർഷകസംഘം

പഞ്ചായത്തിൽ 7 സംഘങ്ങൾ പ്രവർത്തിക്കുന്നു. റബ്ബർ കർഷകർക്കാവശ്യമായ ഉപദേശ-നിർദ്ദേശങ്ങൾ നല്കുകയും കാർഷികോപകരണങ്ങളും വളവും മറ്റും സബ്സിഡി നിരക്കിൽ എത്തിക്കുകയും ചെയ്യുന്നു.

കേരവികസനസമിതി.

പഞ്ചായത്തടിസ്ഥാനത്തിൽ കേരവികസന സമിതി പ്രവർത്തിക്കുന്നു. മുമ്പ് വാർഡടിസ്ഥാനത്തിൽ ഈ സമിതി ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ പഞ്ചായത്തടിസ്ഥാനത്തിൽ ആയതിനാൽ കേരകർഷകർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാകുന്നു. വാർഡടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കണം.

കുരുമുളക്സംരക്ഷണസമിതി

9 വാർഡുകളിലും പ്രവർത്തിക്കുന്നു. കാലാകാലങ്ങളിൽ ഗവൺമെൻറ് കുരുമുളക് കൃഷിക്കാർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ കൃഷിഭവനുമായി ബന്ധപ്പെട്ട് അവർക്ക് എത്തിച്ചു കൊടുക്കുന്നു.

കൃഷിവിചാരവിനിമയകേന്ദ്രം (F.I.E.C)

നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിൻെറ ആഭിമുഖ്യത്തിൽ കൃഷിവിചാര വിനിമയ കേന്ദ്രം ചെമ്പേരിയിലും കുടിയാന്മലയിലും പ്രവർത്തിക്കുന്നു. നടീൽ വസ്തുക്കൾ എത്തിച്ചുകൊടുക്കുക, ബോധവല്ക്കരണക്ലാസുകൾ നടത്തുക, കാർഷികവിള പ്രദർശനം നടത്തുക തുടങ്ങിയവ ഈ കേന്ദ്രത്തിൻെറ പ്രവർത്തനങ്ങളാണ്.

സെറികൾച്ചർ സൊസൈറ്റി

പട്ടുനൂൽപ്പുഴു വളർത്തുന്നതിന് പഞ്ചായത്തിൽ സൊസൈറ്റികൾ രൂപീകരിക്കുകയും ഏതാനും കർഷകർ പട്ടുനൂൽ പുഴുവളർത്തുകയും ചെയ്തിരുന്നു. എന്നാൽ സ്ഥിരമായ വിലയോ നിശ്ചിത വിപണിയോ ഇല്ലാത്തതിനാൽ പുഴു വളർത്തൽ അനാദായകരമായി തീർന്നു.

തേനീച്ച വളർത്തൽ

പഞ്ചായത്തിലെ ചില സ്ഥലങ്ങളിൽ തേനീച്ച വളർത്തൽ ചെറിയ തോതിൽ ഉണ്ടായിരുന്നെങ്കിലും രോഗം കാരണം ഈച്ചകൾ ചത്തുപോയതിനാൽ ഇപ്പോൾ ഇല്ല.

തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥ

കാർഷിക മേഖലയിൽ ഏകീകരിച്ച കൂലി നിരക്ക് നിലവിലില്ലെങ്കിലും തോട്ടം മേഖലയിലും മറ്റും ഏതാണ്ട് ഏകീകൃത രീതിയിലുള്ള കൂലി നിരക്കാണുള്ളത്.

പട്ടിക 10 കൂലിനിരക്ക്

തൊഴിൽ	ജോലിസമയം	ശരാശരികൂലി	
		പുരുഷൻ	സ്ത്രീ
കിളയ്ക്കൽ	ഉച്ച	60	-
കിളയ്ക്കൽ	അന്തി	90	-
കാടുതെളിക്കൽ	ഉച്ച	-	40
കാടുതെളിക്കൽ	അന്തി	-	60
ചുമട്	ഉച്ച	-	50
റബ്ബർ ടാപ്പിംഗ്	100മരത്തിന്	22	-
തേങ്ങയിടൽ	ഉച്ച	100	-

കൂലി പൊതുവെ മോശമല്ല. കൂടുതലാണ് എന്ന അഭിപ്രായം കൃഷിക്കാർക്കും ഇല്ല. കർഷകതൊഴിലാളികളെ കിട്ടാത്ത അവസ്ഥയും ഉണ്ട്. ചെങ്കൽ നിർമ്മാണമേഖലയിൽ കൂലി കൂടുതൽ ലഭിക്കുന്നതിനാൽ ആ മേഖലകളിലേക്ക് കൂടുതൽ ആളുകൾ ആകർഷിക്കപ്പെട്ടതു കൊണ്ടാണ്.

വായ്പകൾ

ഏരുവേശ്ശി സർവീസ് സഹകരണ ബാങ്ക് നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ രണ്ടു ശാഖകൾ, ഫെഡറൽ ബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക്, ജില്ലാസഹകരണബാങ്ക്, ജില്ലാകാർഷിക വികസന ബാങ്ക് എന്നിവയിൽ നിന്നുമാണ് കൃഷിക്കാർ വായ്പയെടുക്കുന്നത്.

കാർഷികോപകരണങ്ങൾ.

പഞ്ചായത്തിൽ കാർഷികോപകരണങ്ങൾ ഉദ്ദേശം താഴെപ്പറയുന്ന എണ്ണം ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

1. പവർടില്ലർ	1
2. മൈക്രോൺ സ്പ്രെയർ	4
3. റോക്കർ സ്പ്രെയർ	380
4. റബ്ബർ റോളർ	150
5. തെങ്ങുകയറ്റയന്ത്രം	100
6. കവുങ്ങ്കയറ്റ്യന്ത്രം	40

കൃഷിഭവനിലൂടെ സ്പ്രെയറുകളും പമ്പുസെറ്റുകളും ഫ്ലൈബേർസും നല്കണം.

വിപണനരംഗം

റബ്ബർ വിപണനരംഗത്ത് ജില്ലാ റബ്ബർ മാർക്കറ്റിങ്ങ് സൊസൈറ്റിയുടെ ചെമ്പേരി ശാഖയും സ്വകാര്യ ഏജൻസികളും രംഗത്തുണ്ട്. റബ്ബർ വിപണനത്തിന് സൗകര്യമുണ്ട്. മറ്റെല്ലാ വിളകളുടെയും വിപണനത്തിന് സ്വകാര്യ ഏജൻസികളെ ആശ്രയിക്കണം.

പ്രശ്നങ്ങൾ.

1. ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തത
2. മണ്ണ് സംരക്ഷണപ്രവർത്തനങ്ങളുടെ അഭാവം.
3. മഴവെള്ളം പൂർണ്ണമായും കുത്തിയൊലിച്ചു പോകുന്നു.
4. ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ഉല്പാദനം തീരെയില്ല.
5. ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ആവശ്യാനുസരണം ലഭിക്കായ്ക.
6. വൈദ്യുതി ക്ഷാമം, വോൾട്ടേജ് ക്ഷാമം. വായ്പകൾ ലഭിക്കാനുള്ള സാങ്കേതിക വൈഷമ്യങ്ങൾ
8. ഉല്പന്നങ്ങൾക്ക് ഉല്പാദനചിലവുമായി ബന്ധപ്പെട്ട് ന്യായമായ വില ലഭിക്കുന്നില്ല.
9. കൃഷി ഉദ്യോഗസ്ഥന്മാരുടെ സേവനം കൃഷിയിടങ്ങളിൽ വേണ്ടത്ര ലഭിക്കായ്ക.

10. വളങ്ങളുടെയും കീടനാശിനികളുടെയും അമിതമായ വിലക്കയറ്റം.

11. രാസവളകീടനാശിനികളുടെ അശാസ്ത്രീയമായ ഉപയോഗം.

12. കാർഷികരോഗങ്ങൾക്ക് പ്രതിവിധി കണ്ടെത്തി യഥാസമയം ബോധവല്ക്കരണം നടത്താനുള്ള സംരംഭങ്ങൾ ഇല്ലായ്മ.

13. കാർഷിക മേഖലയിൽ തൊഴിലാളികളുടെ ലഭ്യതക്കുറവ്.

14. എലി നമ്മുടെ വിളകളിൽ ഒരു പ്രധാന ഭാഗം നശിപ്പിക്കുന്നു.

15. മണ്ണ് പരിശോധനയ്ക്ക് സൗകര്യമില്ല.

സാധ്യതകൾ

1. ജലസേചനസൗകര്യം വർദ്ധിപ്പിക്കാൻ പുഴയിലും തോടുകളിലും സംവരണ വിയറുകൾ തടയണകൾ, ബ്രിഡ്ജ് കം റഗുലേറ്റർ, ബെൻറഡ് ക്രോസ്ബാർ എന്നിവ നിർമ്മിക്കണം.

2. കുളങ്ങൾ, കിണറുകൾ എന്നിവ നിർമ്മിച്ച് ജലസേചനം നടത്താൻ സാമ്പത്തിക സഹായം വർദ്ധിപ്പിക്കണം.

3. പമ്പ്സെറ്റുകൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ ഊർജ്ജം നല്കണം.

4. മണ്ണ്, ജലസംരക്ഷണത്തിന് സമഗ്ര പദ്ധതി പഞ്ചായത്തടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യണം.

5. പുറമ്പോക്ക് ഭൂമി സംരക്ഷിക്കണം, പുറമ്പോക്ക് കൃഷിയോഗ്യമാക്കണം, ഔഷധച്ചെടികളും പ്രചരിപ്പിക്കണം.

6. പുഴയുടെ കരയിടിച്ചിൽ തടയുക, തോട്ടയിട്ടും മറ്റും മത്സ്യം പിടിക്കുന്നത് വളരെ കർശനമായി തടയണം. പുഴയോരങ്ങളിൽ കൈത വെച്ച് പിടിപ്പിക്കാം.

7. പച്ചക്കറി കൃഷി നടത്തുന്നതിനാവശ്യമായ സംരംഭങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കണം.

8. സബ്സിഡി ലഭിക്കുന്ന കാർഷികോപകരണങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം വെക്കരുത്. മാർക്കറ്റിൽ നിന്ന് യഥേഷ്ടം വാങ്ങാൻ കഴിയണം.

9. അംഗീകൃത നേഴ്സറികൾ ആരംഭിക്കണം.

10. കാർഷികോത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

11. ജൈവവളപ്രയോഗത്തിന് പ്രാമുഖ്യം കൊടുത്ത് കൃഷി ചെയ്യുന്നതിനാവശ്യമായ ബോധവല്ക്കരണം നടത്തണം.

12. കമ്പോസ്റ്റ് നിർമ്മാണം, മണ്ണിര കമ്പോസ്റ്റ് എന്നിവ പ്രോത്സാഹിപ്പിക്കണം.

13. വായ്പകൾ അനുവദിക്കുന്നത് സ്കീമിന് ആവശ്യമായ അത്രയും തുക ആയിരിക്കണം.

14. കശുമാങ്ങ സംസ്കരണത്തിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കണം.

15. കൂൺകൃഷി, പൂകൃഷി, ഔഷധസസ്യകൃഷി എന്നിവ സംബന്ധിച്ച് സാങ്കേതിക ജ്ഞാനം നല്കണം. അവ കൃഷി ചെയ്യുന്നതിനുള്ള നേട്ടം ബോധ്യപ്പെടുത്തണം.

16. എലികളെ നശിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സംഘടിതശ്രമം ഉണ്ടാകണം.

17. മണ്ണ് പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിൽ തന്നെ ഏർപ്പെടുത്തണം.





മൃഗസംരക്ഷണം

ആദ്യകാലഘട്ടത്തിൽ പശുക്കളെയും എരുമകളെയും കൂട്ടത്തോടെ വളർത്തുന്ന പതിവാണുണ്ടായിരുന്നത്. കന്നുകാലികളുടെ എണ്ണം തറവാടിന്റെ മഹത്വമായി കണക്കാക്കിയിരുന്നു. കന്നുകാലുകളെ മേയ്ക്കാൻ പ്രത്യേകം ആളുകളെ നിയോഗിച്ചിരുന്നു. കന്നുകാലികളെ പോറ്റാൻ കൊടുക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു.

പണ്ട് പശുക്കളുടെയോ എരുമകളുടെയോ മാംസം ആഹാരത്തിനുപയോഗിച്ചിരുന്നില്ല. പശുക്കളെ തീറ്റാൻ പോകുമ്പോൾ അവയുടെ സഞ്ചാര ദിശയറിയാൻ കഴുത്തിൽ മണികളും മരം കൊണ്ടുള്ള തട്ടകളും കെട്ടുമായിരുന്നു. മേയ്ക്കാൻ കൊണ്ടുപോകുമ്പോഴും, രാത്രികാലങ്ങളിലും കടുവകൾ കന്നുകാലികളെ കൊന്നുതിന്നിരുന്നു. അങ്ങനെ സംഭവിച്ചാൽ മേയ്ക്കുന്നവർ അവയുടെ കൊമ്പും തലയും ഉടമസ്ഥന് കാട്ടികൊടുത്താൽ മതിയായിരുന്നു. അന്ന് കന്നു കാലികളെല്ലാം നാടൻ ഇനങ്ങളായിരുന്നു.

കന്നുകാലികളെ ആക്രമിക്കുന്ന കടുവയെ കൊന്നുകഴിഞ്ഞാൽ അവയുടെ നാക്ക് അംശം അധികാരിയുടെ മുന്നിൽ വെച്ച് മുറിച്ചെടുത്ത് കത്തിച്ചുകളയുന്ന പതിവുണ്ടായിരുന്നു. പിന്നീട് കടുവയെ എടുത്ത്, ചെണ്ടകൊട്ടി, നാടുചുറ്റി ആഘോഷിക്കുകയും ചെയ്തിരുന്നു. കുടിയേറ്റത്തോടെ കന്നുകാലിവളർത്തലിൽ കാര്യമായ മാറ്റം വന്നു. എരുമകളെ കുട്ടത്തോടെ വളർത്താനായി സങ്കരയിനത്തിൽപ്പെട്ട പശുക്കളെ ദൂരസ്ഥലങ്ങളിൽ നിന്നും കൊണ്ടുവന്നു. നമ്മുടെ പഞ്ചായത്തിലെ വയലുകളിൽ കാളകളേയും പോത്തുകളേയും ഉപയോഗിച്ചാണ് നിലം ഉഴുതിരുന്നത്.

1960കളിൽ ബീജസങ്കലന പരിപാടി ആരംഭിച്ചു. ഇപ്പോൾ പഞ്ചായത്തിൽ സങ്കരയിനത്തിൽപ്പെട്ട കാലികളാണ് ഏറെയുള്ളത്. പഞ്ചായത്തിൽ 5 ക്ഷീര സഹകരണ സംഘങ്ങളുണ്ട്. പാൽ ലഭ്യത കുറവാണ്. കന്നുകാലി സംരക്ഷണത്തിൽ ജനങ്ങൾ പൊതുവെ വിമുഖരാവുകയാണ്. റബ്ബർ പോലുള്ള തോട്ടവിളകൾ മൂലം തീറ്റപ്പുല്ല് ഉല്പാദിപ്പിക്കാൻ കഴിയാത്തതും, വയൽകൃഷി ഇല്ലാത്തതും, കാലിത്തീറ്റ, പിണ്ണാക്ക് തുടങ്ങിയവയുടെ വില വർദ്ധനയും കെട്ടിമേയ്ക്കാൻ തരിശുഭൂമി ഇല്ലാത്തതുമാണ് ഈ വൈമുഖ്യത്തിന് കാരണം. മിൽമാപാൽ ശേഖരിച്ചുകൊണ്ടു പോകുന്നു.

എരുമകൾ കുറവാണെങ്കിലും ഒറ്റപ്പെട്ട രീതിയിൽ ചിലർ വളർത്തുന്നുണ്ട്. ആട് വളർത്തൽ വ്യാപകമായുണ്ട്. ഒരു ജീവനോപാധി എന്ന നിലയിൽ ഇല്ല. നാടൻ ഇനങ്ങളും വടകര ആടുകളും മറ്റു സങ്കരയിനങ്ങളും ഉണ്ട്. ആടിൻ പാൽ വിപണനമില്ല.

നാടൻ കോഴികളും, വൈറ്റ് ലഗോൺ, ഗിരരാജ ഇനങ്ങളും വളർത്തപ്പെടുന്നുണ്ട്. മിക്ക വീടുകളിലും കോഴിയുണ്ടെങ്കിലും മുട്ട ഉല്പാദനം കുറവാണ്. ഇറച്ചിക്കോഴി വളർത്തുന്ന രീതി വ്യാപകമായിട്ടില്ല. മുട്ടയും ഇറച്ചിയും മറ്റു സ്ഥലങ്ങളിൽ നിന്ന് കൊണ്ടു വരുന്നു. കോഴിവളർത്തൽ രീതി കേന്ദ്രങ്ങൾ നിലവിലില്ല.

പഞ്ചായത്തിൽ പട്ടികളുടെ രജിസ്ട്രേഷൻ ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ല. അലഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തത് പേവിഷബാധ ഉണ്ടാകുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. പന്നി വളർത്തൽ ഒറ്റപ്പെട്ട രീതിയിൽ നടക്കുന്നുണ്ട്. മുയൽ വളർത്തൽ പരിമിതമായി നടത്തപ്പെടുന്നു.

പട്ടിക 11

വളർത്തുമൃഗങ്ങൾ

ഇനം	ക്രോസ്		മറ്റിനങ്ങൾ		
	ആണ്	പെണ്ണ്	ആണ്	പെണ്ണ്	ആകെ
പശു	331	1606	287	1361	3585
എരുമ	28	193	-	-	221
ആട്	553	1863	-	-	2414
പന്നി	-		-	-	864
പട്ടി	-		-	-	1762

പ്രശ്നങ്ങൾ

1. തീറ്റപ്പുൽ വളർത്തൽ സൗകര്യമില്ല.
2. ജലസേചന സൗകര്യമില്ല.
3. മേച്ചിൽ സ്ഥലങ്ങൾ ഇല്ല.
4. കാലിത്തീറ്റയുടെ വിലവർദ്ധന
5. മൃഗാശുപത്രിയിൽ മരുന്നുകൾ ഇല്ല.
6. മൃഗാശുപത്രി ജീവനക്കാരുടെ സേവനം യഥാസമയം ലഭിക്കുന്നില്ല.
7. കോഴിത്തീറ്റയുടെ വിലവർദ്ധന
8. ഇറച്ചി, മുട്ടകോഴിവളർത്തലിൽ പരിജ്ഞാനമില്ല.
9. പട്ടികൾ പെരുകുന്നു. നശിപ്പിക്കാൻ നടപടികൾ ഇല്ല.

സാധ്യതകൾ

1. തീറ്റപ്പുല്ല് കൃഷിക്ക് പഞ്ചായത്ത് റവന്യൂ പുറമ്പോക്കുകൾ അനുവദിക്കുക
2. കാലിത്തീറ്റ കുറഞ്ഞ നിരക്കിൽ ലഭിക്കാൻ സൗകര്യമുണ്ടാക്കുക
3. കന്നുകാലിവളർത്തലിനുള്ള വായ്പാ സൗകര്യം ഉദാരമാക്കുക.
4. ഇറച്ചി, മുട്ടക്കോഴിവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കണം.
5. കന്നുകാലിവളർത്തലിൽ കൂട്ടായ്മാ സമ്പ്രദായം നടപ്പിലാക്കണം.
6. മൃഗാശുപത്രിയിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കണം.
7. ആട്, പന്നി, മുയൽ വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക.


8. പട്ടികളെ നശിപ്പിക്കാൻ വാർഡു തലത്തിൽ ഏർപ്പാടുകൾ ഉണ്ടാക്കണം.


9. പഞ്ചായത്ത് തലത്തിൽ ഒരു കാലിതീറ്റ നിർമ്മാണ ഫാക്ടറി ആരംഭിക്കണം.

10. കന്നുകാലി വികസന സെൻററുകളിൽ പ്രാഥമിക രോഗങ്ങൾക്കാവശ്യമായ മരുന്നുകളെങ്കിലും ലഭ്യമാക്കണം.

11. ഐ.സി.ഡി.പി. സെൻററുകളിൽ ഉപയോഗപ്പെടുത്തുന്ന ബീജത്തിൻെറ വില കുറയ്ക്കണം.

12. പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന പാല് കൊണ്ട് പാലുല്പന്ന യൂനിറ്റ് ആരംഭിക്കുക





മത്സ്യബന്ധനം


മത്സ്യബന്ധനം ഒരു തൊഴിലായി സ്വീകരിക്കുന്നവരില്ല. അതിനുള്ള സാഹചര്യങ്ങളുമില്ല. ഒരുവേഴ്ശിപുഴയിൽ പലതരം മത്സ്യങ്ങൾ മുമ്പുണ്ടായിരുന്നു. പുഴയിൽ ചൂണ്ടയിട്ട് മത്സ്യം പിടിക്കുന്ന പതിവാണ് ആദ്യം ഉണ്ടായിരുന്നത്. ഇപ്പോൾ മത്സ്യസമ്പത്ത് മുഴുവൻ നശിച്ചിരിക്കുന്നു. തോട്ടയിട്ടും നഞ്ചുകലക്കിയും കൂട്ടത്തോടെ നശിപ്പിക്കുന്നതും വേനൽക്കാലത്ത് പുഴ വറ്റിവരളുന്നതുമാണ് ഇതിനു കാരണം. ചെറുകുളങ്ങളിൽ ഒറ്റപ്പെട്ട നിലയിൽ മത്സ്യം വളർത്തുന്നവരുണ്ട്. മത്സ്യവിപണനത്തിന് ഇവിടെ മത്സ്യമില്ല.

പ്രശ്നങ്ങൾ

1. തടഞ്ഞുനിർത്തിയ വെള്ളക്കെട്ടില്ല.
2. മത്സ്യം വളർത്തുന്നത് സംബന്ധിച്ച് പരിജ്ഞാനമില്ല.
3. വിപണനസാധ്യതകളെക്കുറിച്ച് ധാരണയില്ല.

സാധ്യതകൾ

1. ചെക്കുഡാമുകളും കുളങ്ങളും നിർമ്മിച്ച് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കണം.
2. മത്സ്യം വളർത്തുന്നതിനുള്ള ധാരണ ഉണ്ടാക്കാൻ കഴിയണം.
3. മത്സ്യവിപണനത്തിന് പഞ്ചായത്തിൽ സാധ്യതയുണ്ട്.
4. തോട്ട, നഞ്ച് എന്നിവ ഉപയോഗിച്ച് മത്സ്യം നശിപ്പിക്കുന്നത് കർശനമായി നിരോധിക്കണം.



വ്യവസായം

ഏരുവേശ്ശി പഞ്ചായത്തിൽ പരമ്പരാഗത കുടിൽവ്യവസായങ്ങൾ ഉണ്ടായിരുന്ന കാര്യം വളരെ വ്യക്തമാണ്. ഇവിടുത്തെ ആദിവാസികൾ കുട്ട, പനമ്പ്, പായ്നെയ്ത്ത് ഓലക്കുട, കൊരമ്പ എന്നിവ.ഉടെ നിർമ്മാണത്തിൽ വിദഗ്ധർ ആയിരുന്നു. ഇവരുടെ ഇടയിൽ അന്ന് നിലനിന്നിരുന്നത് ഉല്പന്ന കൈമാറ്റ സമ്പ്രദായമായിരുന്നു. ഇതേ കാലഘട്ടത്തിൽ കല്ല്കൊത്ത്, ബീഡിതെറുപ്പ് അതുപോലെ തന്നെ ഏരുവേശ്ശിയിൽ കുഴിത്തറിനെയ്ത്തും ഉണ്ടായിരുന്നു. മുയിപ്രയിലും ചെമ്പേരിയിലും മരച്ചക്കട നിലനിന്നിരുന്നു. 1942-43 കാലഘട്ടത്തിൽ തിരുവിതാംകൂറിൽ നിന്നു വന്ന കുടിയേറ്റക്കാരുടെ വരവോടെ പുൽത്തൈലം, രാമച്ചത്തൈലം എന്നിവയുടെ ഉല്പാദനം നല്ല വിധത്തിൽ നടന്നിരുന്നു. 1965-ൽ ചെമ്പേരിയിൽ ഡീസൽ ഉപയോഗിച്ച് പ്രവർത്തിച്ചിരുന്ന ഒരു ഫ്ലവർമില്ലും, പിന്നീട് പാറപ്പുറത്ത് ഓയിൽമില്ലും, 1975ൽ ഒരു തടിമില്ലും സ്ഥാപിതമായി.

പരമ്പരാഗത വ്യവസായം

ക്രമനമ്പർ	ഇനം	തൊഴിലാളികൾ		
		പുരുഷൻ	സ്ത്രീ	ആകെ
1.	കല്ല്കൊത്ത്	300	100	400
2.	കള്ള്ചെത്ത്	15	-	15
3.	കൊട്ട, വട്ടി നിർമ്മാണം	16	23	39

ഒട്ടേറെ സാധ്യതകളുള്ള പരമ്പരാഗത വ്യവസായം ഇന്ന് തകർച്ചയിലാണ്. അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവ്, തൊഴിലിനോടുള്ള വിമുഖത, സംഘടിത സംരംഭങ്ങൾ ഇല്ലായ്മ എന്നിവയാണ് മുഖ്യകാരണങ്ങൾ.

പിൽക്കാലത്ത് റീഫില്ലർ, സൂപ്പർ വൈറ്റ്, മെഴുകുതിരി, സോപ്പുനിർമ്മാണം, പപ്പടനിർമ്മാണം, സോഡാനിർമ്മാണ യൂനിറ്റുകൾ എന്നിവയ്ക്ക് പുറമെ അടയ്ക്കാ സംസ്കരണം, കൊപ്ര സംസ്കരണം എന്നി വയും മിഡിലാക്കയത്തും ചുണ്ടപ്പറമ്പിലും ഓരോ ഖാദി യൂനിറ്റും ഉണ്ടായിരുന്നു. ഇതിൽ പലതും പിൽക്കാലത്ത് നിന്നു പോയി. ഈ പഞ്ചായത്തിലേക്ക് ഇതുവരെ ആധുനിക വ്യവസായങ്ങളൊന്നും കടന്നു വന്നിട്ടില്ല.

നിലവിലുള്ള വ്യവസായ യൂനിറ്റുകൾ

ക്രമ നമ്പർ	ഇനം	ആകെ യൂനിറ്റുകൾ	തൊഴിലാളികളുടെ എണ്ണം		
			പുരുഷൻ	സ്ത്രീ	ആകെ
1.	തടിമില്ല്	1	8	-	8
2.	ഓയിൽമില്ല്	5	10	-	10
3.	ഫർണിച്ചർഷോപ്പ്	10	30	-	30
4.	ബേക്കറി	5	15	-	15
5.	മെറ്റൽഎഞ്ചിനിയറിംഗ് വർക്ക്ഷോപ്പ്	2	4	-	4
6.	ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്	2	10	-	10
7.	ടയർ റിസോളിങ്ങ്	1	3	-	3
8.	ഇരുമ്പുപകരണനിർമ്മാണം	13	13	5	18
9.	പ്രിൻറിംഗ് പ്രസ്സ്	1	1	4	5
10.	ഫോട്ടോസ്റ്റാറ്റ്	1	0	1	1
11.	മെഴുകുതിരി നിർമ്മാണം	1	1	2	3
12.	സോപ്പ്	1	2	-	2
13.	സിനിമാശാല	3	16	2	18
14.	ഖാദി നൂൽനൂല്പ്	1	0	50	50
15.	ഖാദി നെയ്ത്ത്	1	1	20	21
16.	ഡയരി ഫാം യൂനിറ്റ്	1	0	10	10

സാങ്കേതിക മേഖലയിൽ സ്വയം തൊഴിൽ സ്ഥാപനങ്ങൾ

ക്രമ നമ്പർ	ഇനം	ആകെയൂനിറ്റ്	തൊഴിലാളികളുടെ എണ്ണം		
			പു	സ്ത്രീ	ആകെ
1.	ടാപ്പിങ്ങ്ലൈറ്റ്	8	16	-	16
2.	സ്റ്റെപ്പപ്പ്, എമർജെൻസി, അസംബ്ളിങ്ങ് യൂനിറ്റ്	10	10	-	10
3.	ഫോട്ടോസ്റ്റുഡിയോ	4	8	-	8
4.	വീഡിയോ	2	4	-	4

വനിതാവ്യവസായസംരംഭങ്ങൾ

ക്രമ നമ്പർ	ഇനം	ആകെ യൂനിറ്റ്	തൊഴിലാളികളുടെ എണ്ണം പു	സ്ത്രീ	ആകെ
1.	ഗാർമെൻറ് മേക്കിങ്ങ് എംബ്രോയിഡറി	13	3	36	39
2.	ക്ഷീരോല്പന്ന നിർമ്മാണ യൂനിറ്റ്	2	0	6	6

നിലവിലുണ്ടായിരുന്ന യൂനിറ്റുകൾ നിന്നു പോയതിൻെറ കാരണങ്ങൾ

1. റീഫില്ലർ - വിപണിയുടെ അഭാവം
2. കാപ്പിപ്പൊടി - സംരംഭകേ തകരാറ്
3. റബ്ബർ ബാൻറ് - വൈദ്യുതി, വോൾട്ടേജ് കുറവ്
4. സോപ്പ് - ട്രാൻസ്പോർട്ടിംഗ്, അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവ്, വിപണിപ്രശ്നം
5. ഖാദി മേഖല - കുറഞ്ഞ കൂലിനിരക്ക്, ട്രാൻസ്പോർട്ടിംഗ് പ്രശ്നം
6. സൂപ്പർവൈറ്റ് - മാർക്കറ്റിങ്ങ് പ്രശ്നം
7. മെഴുകുതിരി - അസംസ്കൃതവസ്തുവിൻെറ ലഭ്യതക്കുറവ്
8. തേനീച്ച വളർത്തൽ - ഈച്ചകളുടെ കൂട്ടത്തോടെയുള്ള വംശനാശം
9. സോഡാ നിർമ്മാണം - വ്യാപകമായ സോഡാമേക്കറിൻറ ആവിർഭാവം
10. ജില്ലിയൂനിറ്റ് (D.W.R.D.A)- മാനേജ്മെൻറ് പ്രശ്നം

പ്രശ്നങ്ങൾ

1. എ. വോൾട്ടേജ് കുറവ്
ബി. ലോഡ്ഷെഡ്ഡിംഗ്
സി. പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കായ്മ
2. വ്യവസായ സംരംഭക മനോഭാവത്തിൻെറ അഭാവം, സാങ്കേതിക പരിജ്ഞാനക്കുറവ്
3. വിദഗ്ധ തൊഴിലാളികളുടെ അഭാവം
4. അസംസ്കൃത വസ്തുക്കളുടെ അഭാവം
5. ഗതാഗത പ്രശ്നം
6. ശരിയായ മാർഗ്ഗ നിർദ്ദേശമില്ലായ്മ.

നിർദ്ദേശങ്ങൾ

1. 4-ാം വാർഡിൽ ഏരുവേശ്ശി പാലത്തിന് സമീപമുള്ള ഗവൺമെൻറ് ഭൂമി ഏറ്റെടുത്ത് മിനി വ്യവസായ കേന്ദ്രം ആരംഭിക്കണം.
2. വലിയ പറമ്പ് തട്ടിൽ പഞ്ചായത്തിൻെറ കൈവശമുള്ള സ്ഥലത്തോട് ചേർന്ന് 5 ഏക്കർ സ്ഥലം വ്യവസായ വളർച്ചാകേന്ദ്രത്തിനായി അകപയർ ചെയ്തിടുക.
3. സഹകരണാടിസ്ഥാനത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായം ആരംഭിക്കുക.
4. വനിതാസഹകരണവ്യവസായ യൂനിറ്റുകൾ സ്ഥാപിച്ച് മെഴുകുതിരി, അച്ചാർ, സോപ്പ്, സ്കപാഷ്, ഭക്ഷ്യസംസ്കരണം, ക്ഷീരോല്പന്ന സംസ്കരണം, കോഴിവളർത്തൽ, അഗർബത്തി, എംബ്രോയിഡറി യൂനിറ്റ്, ഈർക്കിലി ചൂല്; കാർബോർഡ് പെട്ടി നിർമ്മാണം, ചെരുപ്പ്, കുട നിർമ്മാണം എന്നിവകൾ ആരംഭിക്കുക.
5. തേനുല്പാദക സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
6. തോട്, പുഴ, പുറമ്പോക്കുകളിൽ മുള, ഈറ, തഴ, കൈത എന്നിവ കൃഷി ചെയ്ത് കുടിൽ വ്യവസായങ്ങൾക്കാവശ്യമായ


അസംസ്കൃത വസ്തുക്കൾ ഉല്പാദിപ്പിക്കുക.

7. പരമ്പരാഗത കുടിൽവ്യവസായ സഹകരണസംഘങ്ങൾ രൂപീകരിക്കുക.
8. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ സ്ഥാപിക്കുക.
9. സംരംഭക പരിശീലന പരിപാടി ആവിഷ്കരിക്കുക.

വ്യവസായ സാധ്യതകൾ

1. കശുമാങ്ങ സംസ്കരണം.
2. കശുവണ്ടി സംസ്കരണം.
3. റബ്ബറധിഷ്ഠിത വ്യവസായങ്ങൾ
4. ആർക്കിവേറ്റഡ് കാർബൺ
5. വിനാഗിരി നിർമ്മാണം.
6. ചകിരി സംസ്കരണം.
7. ശീതള പാനീയ വ്യവസായം.
8. റബ്ബറൈസ്ഡ് ഫൈബർ വ്യവസായം
9. കയർ, മാറ്റ്, ബ്രഷ് നിർമ്മാണം.
10. ചിരട്ടപ്പൊടി കൊണ്ട് മൈക്ക നിർമാണം.
11. നോട്ട് ബുക്ക് നിർമ്മാണം.
12. കുടനിർമ്മാണം.
13. തീപ്പെട്ടി നിർമ്മാണം.
14. പൾപ്പ്, ചിരട്ട, നാരുകൾ, പ്ലാസ്റ്റിക് ഇവ ഉപയോഗിച്ച് കൗതുക വസ്തു നിർമ്മാണം.
15. സിമൻറ് ഉപയോഗിച്ചുള്ള ഇഷ്ടിക നിർമ്മാണം.





ഊർജ്ജം

ഒരു സമൂഹത്തിന്റെ ജീവിത ഗുണതയെ നിശ്ചയിക്കുന്നതിൽ ഊർജ്ജ ഉപഭോഗത്തെയും ഒരു മാനദണ്ഡമായി എടുക്കാറുണ്ട്. രാജ്യപുരോഗതിയുടെ വേഗത നിർണ്ണയിക്കുന്ന മുഖ്യ ഉപാധിയാണ് ഊർജ്ജം. ഊർജ്ജം എന്നാൽ വൈദ്യുതി മാത്രമല്ല. വൈദ്യുതോർജ്ജത്തിനുപുറമെ വിറക്, ചാണകം, ജൈവവാതകം, കല്ക്കരി, പെട്രോളിയം ഇന്ധനങ്ങൾ, മനുഷ്യന്റെയും കന്നുകാലികളുടെയും അദ്ധ്വാനം തുടങ്ങി ഒട്ടേറെ ഊർജ്ജ സ്രോതസ്സുകളുണ്ട്. മേൽപ്പറഞ്ഞവയിൽ ഏറ്റവും മുഖ്യസ്ഥാനം വൈദ്യുത ഊർജ്ജത്തിനാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വൈദ്യുത ഉല്പാദനത്തിന്റെയും ശരാശരി ഉപഭോഗത്തിന്റെയും കാര്യത്തിൽ കേരളം വളരെ പിന്നിലാണ്.

1972-ൽ ആണ് ഏരുവേശ്ശി പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിയത്. (കൂട്ടുമുഖം-ചൂണ്ടക്കുന്ന്-ചെമ്പേരി ലൈൻ). ഇന്ന് പഞ്ചായത്തിൽ ഭൂരിഭാഗം പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടുണ്ട്. പഞ്ചായത്തിൽ ഒട്ടാകെ 4564 വീടുകളുള്ളതിൽ 1427 എണ്ണം മാത്ര മാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. അവകാശപ്പെട്ട 230 വോൾട്ട് വൈദ്യുതിക്ക് പകരം പീക്ക്‌ലോഡ് സമയത്ത്15-25 വോൾട്ട് വൈദ്യുതി മാത്രമാണ് ലഭിക്കുന്നത്. മിക്ക വീടുകളിലും 110 വോൾട്ട് ബൾബുകളാണ് ഉപയോഗിക്കുന്നത്. സ്റ്റെപ്പപ്പുകളുടെ ഉപയോഗം സാമ്പത്തിക ശേഷി ഇല്ലാത്തവരുടെ വൈദ്യുത ഉപഭോഗഅവകാശത്തെ കവർന്നെടുക്കുന്നു.

ഒരു പഞ്ചായത്തിന് ഒരു സെക്ഷൻ ആഫീസ് ആവശ്യമാണെങ്കിലും ഏരുവേശ്ശിയുൾപ്പെട്ട നിരവധി പഞ്ചായത്തുകൾക്കു കൂടി ശ്രീകണ്ഠാപുരം സെക്ഷൻ ഓഫീസ് മാത്രമാണുള്ളത്.

ഒരു ദശകമായിട്ടും പൂർത്തിയാവാത്ത ശ്രീകണ്ഠാപുരം 66കെ.വി. സബ്സ്റ്റേഷന്റെ പണി അടിയന്തിരമായി പൂർത്തീകരിക്കുകയും, നിർദ്ദിഷ്ടവഞ്ചിയം, കൊക്കമുള്ള് മിനി ഹൈഡൽ പദ്ധതികൾ സമയബന്ധിതമായി പണിയുകയുമാണ് ഈ പ്രദേശത്തെ വോൾട്ടേജ് ക്ഷാമത്തിനുള്ള പരിഹാരം.

ഏരുവേശ്ശി പഞ്ചായത്തിൽ 97% വീടുകളിലും പാചകാവശ്യത്തിനുള്ള ഊർജ്ജ സ്രോതസ്സ് വിറകാണ്. എങ്കിലും 99.57 വീടുകളിലും ദക്ഷത കുറഞ്ഞ പഴയ രീതിയിലുള്ള അടുപ്പുകളാണ് ഉപയോഗിക്കുന്നത്.

ഏരുവേശ്ശി പഞ്ചായത്ത് വൈദ്യുത ഉപഭോഗഘടന

മേഖല	കണക്ഷനുകളുടെ എണ്ണം.
ഗാർഹികം	1427
വ്യാപാരം	230
വ്യവസായം	7
കാർഷികം	52

(അവലംബം കെ.എസ്.ഇ.ബി)

വൈദ്യുതിയുടെ ഉപഭോഗം സംബന്ധിച്ച കണക്ക് ലഭ്യമല്ല.

ഏരുവേശ്ശി പഞ്ചായത്ത് പാചക ഇന്ധന ഉപയോഗ ഘടന

ഇന്ധനം	വീടുകളുടെ എണ്ണം	ശതമാനം
വിറക്	4413	96.69
മണ്ണെണ്ണ	18	0.39
പെട്രോളിയംഗ്യാസ്	68	1.49
ബയോഗ്യാസ്	65	1.42
വൈദ്യുതി	-	-
സൗരോർജ്ജം	-	-
മറ്റുള്ളവ	-	-

ഊർജ്ജ സംരക്ഷണം- പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം.

ഗാർഹിക ഊർജ്ജ ഉപഭോഗത്തിൽ 90%വും പാചക ആവശ്യത്തിനാണ്. ഇതിനുള്ള മുഖ്യ ഇന്ധനം വിറകാണ്. സാധാരണ അടുപ്പിൽ ഇന്ധന മൂല്യത്തിന്റെ പത്ത് ശതമാനം മാത്രമാണ് ലഭ്യമാകുന്നത്. എന്നാൽ പുകയില്ലാത്ത അടുപ്പിൽ ഇത് 35 ശതമാനമാണ്. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിച്ചാൽ സാമ്പത്തികം, സ്ത്രീകളുടെ ആരോഗ്യം എന്നിവയിൽ ഗണ്യമായ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയും. കണ്ണൂർ ജില്ലയിൽ ഏരുവേശ്ശി പഞ്ചായത്തിലാണ് ഏറ്റവും കൂടുതൽ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ചിട്ടുള്ളത്. 75 എണ്ണം എന്നാൽ സൗരോർജ്ജ പ്ലാൻറുകൾ ഒന്നുമില്ല. സൗരോർജ്ജ വിളക്കുകൾ നാമമാത്രമാണ് ദക്ഷത കൂടിയ ഉപകരണങ്ങൾ വിളക്കുകൾ എന്നിവയുടെ വ്യാപനം, ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപനം, സൗരോർജ്ജ സാദ്ധ്യതകളുടെ പ്രയോഗം, കാറ്റാടി പമ്പുകളുടെ സ്ഥാപനം എന്നിവ നാം ഇന്ന് നേരിടുന്ന ഊർജ്ജ പ്രതിസന്ധിക്ക് ഒരു അളവ് പരിഹാരമാണ്.

പ്രശ്നങ്ങൾ

1. വലിയരീക്കമല, കുനിയംപുഴ, മാങ്കുളം, മിഡിലാക്കയം, വളപ്പ് കോളനി, മണ്ണംകുണ്ട് എന്നിവിടങ്ങളിലെ ആദിവാസി കോളനികൾ ഇനിയും വൈദ്യുതീകരിച്ചിട്ടില്ല.
2. പഞ്ചായത്തിലെ 69% വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.
3. പഞ്ചായത്തിൽ എല്ലാ മേഖലകളിലും രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
4. വൈദ്യുത വിതരണ രംഗത്തെ പ്രസരണ നഷ്ടം ഈ പ്രദേശത്ത് കൂടുതലാണ്.
5. ആവശ്യത്തിന് ഫീൽഡ് സ്റ്റാഫ് ഇല്ലാത്തതിനാൽ ഉപഭോക്താക്കളുടെ

പ്രശ്നങ്ങൾക്ക് പരിഹാരത്തിന് കാലതാമസം നേരിടുന്നു.

6. വിറകിന്റെ അമിതവില സാധാരണക്കാരുടെ പാചക ചെലവ് വർദ്ധിപ്പിക്കുന്നു.

7. ആവശ്യമായ ഉപകരണങ്ങൾ, സാമഗ്രികൾ എന്നിവയുടെ ദൗർലഭ്യം, പുതിയ ലൈനുകളുടെ പണി താമസിപ്പിക്കുന്നു.

8. തെരുവ് വിളക്കുകൾക്കായി പഞ്ചായത്തിന് 18000/-ക വാർഷിക ചെലവ് ഉണ്ടെങ്കിലും അത് പ്രയോജന രഹിതമാകുന്നു.

നിർദ്ദേശങ്ങൾ

1. എല്ലാ ആദിവാസി കോളനികളിലും ചാത്തമല, അമ്പഴത്തുംചാൽ, ചുണ്ടമൂല, വടക്കേമൂല എന്നിവിടങ്ങളിലും വൈദ്യുതി എത്തിക്കുക.

2. ഏരുവേശ്ശി, ചുണ്ടക്കുന്ന് എസ്റ്റേറ്റ് മുക്ക്, വള്ള്യാട്, വലിയപറമ്പ്, ഗാന്ധിനഗർ, മിഡിലാക്കയം എന്നിവിടങ്ങളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക.

3. നിലവിലുള്ള ട്രാൻസ്ഫോമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക.

4. പഞ്ചായത്തിൽ സമഗ്ര ഊർജ്ജാസൂത്രണ പരിപാടി നടപ്പിലാക്കുക.

5. നിർദ്ദിഷ്ട ശ്രീകണ്ഠാപുരം 66 കെ.വി സബ്സ്റ്റേഷൻ 110 കെ.വി. ആക്കി ഉയർത്തുക.

6. ചെമ്പേരിയിൽ നിലവിലുള്ള സബ് എഞ്ചിനീയറുടെ ഓഫീസ് സെക്ഷൻ ഓഫീസായി ഉയർത്തുക.

7. സ്റ്റോക്ക് ബില്ലിംഗ് സമ്പ്രദായം ഏർപ്പാടാക്കുക.

സാധ്യതകൾ


1. വഞ്ചിയം, കൊക്കമുള്ള് മിനിജല വൈദ്യുത പദ്ധതികൾ ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽ ഉടൻ പൂർത്തികരിക്കൽ.


2. നിർദ്ദിഷ്ട ചാത്തമല പദ്ധതി ജനപങ്കാളിത്തത്തോടെ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കാം.


3. പുകയില്ലാത്ത അടുപ്പുകൾ, സി. എഫ്. എൽ ലാമ്പുകൾ (കോമ്പാക്ട് ഫ്ലൂറസെന്റ് ലാമ്പ്,) പ്രഷർകുക്കറുകൾ, ഇലക്ട്രോണിക് ചോക്ക്, ഘർഷണ രഹിത ഫുട്ട്വാൽവുകൾ, സൗര ടി.വി., സൗര ഫ്രിഡ്ജ്, സൗരവിളക്ക് എന്നിവയുടെ പ്രചാരണത്തിനായി അനർട്ടിന്റെ സഹായത്തോടെ പഞ്ചായത്തിൽ സമഗ്ര ഊർജ്ജ സംരക്ഷണ പരിപാടി നടപ്പിലാക്കാം.


4. പ്രേക്ഷണ നഷ്ടം കുറക്കുന്നതിന് വൈദ്യുതലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചു മാറ്റുക, ജമ്പറുകൾ മെച്ചപ്പെടുത്തുക, ട്രാൻസ്ഫോർമറുകളുടെ സ്ഥാനം പുനക്രമീകരിക്കുക, ഊർജ്ജസംരക്ഷണ പ്രചാരണ ബോധവല്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. പഞ്ചായത്തിൽ കെ. എസ്. ഇ. ബി.യുമായി ചേർന്ന് ഊർജ്ജ സംരക്ഷണ സമിതികൾ രൂപീകരിക്കാവുന്നതാണ്.

ഏരുവേശ്ശി പഞ്ചായത്ത്
പ്രധാന റോഡുകൾ









ഗതാഗതം

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലാണ് ഈ പഞ്ചായത്തിൽ റോഡുകളും പാലങ്ങളും ഉണ്ടായത്. ജന്മി-നാടുവാഴിത്ത കാലത്ത് കാട്ടിലൂടെയും മലകളിലൂടെയുമുള്ള ഊടുവഴികളായിരുന്നു സഞ്ചാരമാർഗ്ഗം. ഫ്യൂഡലിസത്തിന്റെ പ്രതീകമായ മഞ്ചൽ സവാരി നമ്മുടെ പൂർവ്വികർക്ക് കണ്ടറിവുള്ളതാണ്. കൂടാതെ വനവിഭവങ്ങളായ മരം, ചൂരൽ, മുള തുടങ്ങിയവ ഇവിടെനിന്നും ജലമാർഗ്ഗം കൊണ്ടുപോയിരുന്നു. 1943 മുതലുള്ള കുടിയേറ്റത്തോടെയാണ് ഏരുവേശ്ശി പഞ്ചായത്തിൽ ഇന്നുള്ള റോഡുകളുടെ ചരിത്രം തുടങ്ങുന്നത്. തങ്ങളുടെ കാർഷിക വിളകൾ വിപണന കേന്ദ്രത്തിലെത്തിക്കുന്നതിനും, ഗ്രാമപുരോഗതിക്ക് റോഡുകൾ ആവശ്യമാണെന്ന തിരിച്ചറിവും കൂട്ടായ ശ്രമത്തിലൂടെ റോഡുകളുണ്ടാക്കാനുള്ള ശ്രമത്തിന് ആക്കം കൂട്ടി. ഇന്ന് ഈ പഞ്ചായത്തിലുള്ള മുഴുവൻ റോഡും ഇപ്രകാരമുള്ള ശ്രമത്തിന്റെ ഭാഗം ആണ്. ചെമ്പേരി-പയറ്റ്യാൽ ചേപ്പറമ്പ് ശ്രീകണ്ഠാപുരം റോഡാണ് ആദ്യം ഉണ്ടായത്. ആദ്യത്തെ ടാർ റോഡ് കൂട്ടുംമുഖം-ചെമ്പേരി റോഡാണ്. ഇന്ന് പഞ്ചായത്തിൽ ഒട്ടാകെ 155.32 കി.മീ റോഡാണുള്ളത്.

ഗ്രാമീണറോഡുകളുടെ ആവിർഭാവത്തോടെ ചരക്കുകടത്തിന് കാളവണ്ടികൾ ഉപയോഗിച്ചുവന്നു. യാത്രാപ്രശ്ന പരിഹാരത്തിന് ചെമ്പേരി പള്ളി വികാരിയുടെ നേതൃത്വത്തിൽ കുറച്ചുപേർ ചേർന്ന് വാങ്ങിയ വാനാണ് പഞ്ചായത്തിലെ ആദ്യത്തെ മോട്ടോർ വാഹനം പിന്നീട് പരിമിതമായ എണ്ണം ജീപ്പുകളും ഉണ്ടായി. 1963-ൽ ആണ് പഞ്ചായത്തിലേക്ക് ആദ്യത്തെ ബസ് സർവ്വീസ് ആരംഭിക്കുന്നത്. കൂട്ടുംമുഖം വഴിയും, നടുവിൽപുറഞ്ഞാൺ വഴിയും ബസ്

സർവ്വീസ് ഉണ്ടായി. ഇന്ന് പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ നിന്നായി 23 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

നിലവിലുള്ള റോഡുകൾ

പഞ്ചായത്തിൽ ആകെയുള്ള റോഡുകളുടെ നീളം 155.32 കിലോ മീറ്റർ ആണ്. സ്ഥിതി വിവരം താഴെ കൊടുക്കുന്നു.

പട്ടിക-1

ക്രമ നമ്പർ	ഉടമസ്ഥത	റോഡുകളുടെ എണ്ണം	ടാർ ചെയ്ത നീളം കി.മീ.	ടാർ ചെയ്യാത്ത നീളം കി.മീ.	ആകെ നീളം കി.മീ.
1.	പഞ്ചായത്ത്	71	9.000	107.825	116.825
2.	പി.ഡബ്ല്യൂ.ഡി.	6	27.750	10.750	38.500

പട്ടിക-2

പഞ്ചായത്ത് റോഡുകളുടെ വിവരം

ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി.മീ.
1.	ഇടമന-ചെളിംപറമ്പ്	1.600
2.	ചെങ്ങോത്തുവയൽ-വളയംകുണ്ട്	2.000
3.	ചെങ്ങോത്തുവയൽ-ഏഴരുവേശ്ശി. എ.യു.പി	0.600
4.	ലക്ഷം വീട് റോഡ്-മുയിപ്ര	0.800
5.	ചെങ്ങോത്തുവയൽ-ചുണ്ടക്കുന്ന്	1.700
6.	മുയിപ്ര-എരുത്തുകടവ്-കുട്ടക്കളം	1.700
7.	മഠംപറമ്പ്-എരുത്ത് കടവ്	1.000
8.	ചുണ്ടപ്പറമ്പ്-ഞെക്ളിക്കവല	1.200
9.	ചുണ്ടക്കുന്ന്-മുയിപ്ര	2-000
10.	കാര്യാട്-കൂട്ടക്കളം	1-00
11.	പൂപ്പറമ്പ്-വെമ്പുവ	2.500
12.	വെമ്പുവ-കുറിച്ചൂലക്കണ്ടി	1.000
13.	പൂപ്പറമ്പ്-പാടിക്കുറ്റിക്കവല	1.500
14.	പൂപ്പറമ്പ്-ജി. ആർ. ഡി.	0.090
15.	ഉറവക്കുണ്ട്-വെമ്പുവ	2.000
16.	പുതുശ്ശേരിക്കോട്ട-മഞ്ഞക്കാഞ്ഞിരം-മൈക്കുന്ന്	2.000
17.	പൂപ്പറമ്പ്-കൂവച്ചി	2.500
18.	പൂപ്പറമ്പ്-നെല്ലിക്കുറ്റി	1.500
19.	എടമന-കരിവെള്ളേരി-പൂപ്പറമ്പ്	2.000
20.	ചെമ്പേരി-വള്ള്യാട്	1.500
21.	മടുക്കക്കുഴിക്കവല-മുല്ലക്കരി	1.520
22.	പഞ്ചായത്താഫീസ് റോഡ്	0.100
23.	ചെമ്പേരി-കരയാത്തുംചാൽ	1.500

ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി.മീ.
24.	ചെളിമ്പറമ്പ്-നെല്ലിക്കുറ്റിപാലം	1.000
25.	വലിയപറമ്പ്-നെല്ലിക്കുറ്റിപാലം	1.500
26.	ചെളിമ്പറമ്പ്-വലിയപറമ്പ്	1.920
27.	മണ്ണംകുണ്ട്-രത്നഗിരി	2.000
28.	താരചീത്ത-രത്നഗിരി-ഗാന്ധിക്കവല	3.500
29.	മണ്ണംകുണ്ട്-താരചീത്ത	1.635
30.	ആലക്കൽ-വള്ള്യാട്കവല	1.500
31.	നെല്ലിക്കുറ്റി-കൂവേച്ചി-വെമ്പുവ	2.090
32.	നെല്ലിക്കുറ്റി-മുണ്ടക്കാംപള്ളി-പാട്ടത്തിക്കാട്	2.000
33.	നെല്ലിക്കുറ്റി-താരചീത്ത	2.500
34.	താരചീത്ത-ചെമ്പോത്താൻ-ഗാന്ധിക്കവല	2.500
35.	കോട്ടക്കുന്ന്-ഏറ്റുപാറ	1.600
36.	തുളശ്ശേരിക്കവല-പുള്ളിക്കല്ല്	3.000
37.	വാഴേപ്ളാക്കൽ-ഞാണൽമല-മിഡിലാക്കയം	3.000
38.	അരീക്കമല-വഞ്ചിയം	3.000
39.	വലിയരീക്കമല സ്കൂൾ -പൊട്ടംപ്ളാവ്	3.000
40.	തെള്ളിക്കവല-ടെമ്പിൾ-കാണമല	2.500
41.	മഞ്ഞക്കാട്ടിൽക്കവല-അരീക്കമല-ചാത്തമല	2.000
42.	കുടിയാമല-ചാത്തമല-പൊട്ടംപ്ളാവ്-	3.000
43.	പൊട്ടംപ്ളാവ്-വഞ്ചിയം	4.000
44.	പൊട്ടംപ്ളാവ്-പുറത്തൊട്ടി	1.600
45.	കൊക്കമുള്ള്-തട്ടുകുന്ന്	1.000
46.	കുടിയാന്മല-കൊൺവെൻറ് കവല	1.500
47.	കുടിയാന്മല-അരീക്കമലക്കവല	3.000
48.	തട്ടുകുന്ന്-മാങ്കുളം	2.500
49.	കുടിയാന്മല-പൊട്ടംപ്ളാവ്	0.500
50.	കുടിയാന്മല-ഹോസ്പിറ്റൽക്കവല	0.100
51.	മനയാനിക്കൽ കവല-വഞ്ചിയം കവല	3.000
52.	മുയിപ്ര-പാറക്കടവ്	2.000
53.	കൂവച്ചി-മൈക്കുന്ന്	2.00
54.	ചെറിയരീക്കവല-ചക്കാലക്കവല	1.500
55.	എരുവേശ്ശി-കോയ്യോടൻക്കവല	0.450
56.	പൊട്ടംപ്ളാവ്തട്ട്-മനയാനിക്കൽകവല-വഞ്ചിയം	0.850
57.	കൂവച്ചി-പാട്ടത്തിക്കാട്	0.900
58.	പൂപറമ്പ്-ലക്ഷം വീട് കോളനി	1.500
59.	പുള്ളിക്കല്ല്-ഏറ്റുപാറ	1.500
60.	ഗാന്ധിക്കവല-വലിയരീക്കമല	1.000
61.	നെല്ലിക്കുറ്റി-വെറ്റിലക്കൊടി-ഏറ്റുപാറ	2.500

ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി.മീ.
62.	താരചീത്തവളപ്പ്-ഹരിജൻകോളനി	0.325
63.	മിഡിലാക്കയം-ഞാണൽമല	0.900
64.	ഇടിപ്പറമ്പ്-കിഴക്കേമൂല	0575
65.	കൂട്ടക്കളം-കല്ലോലിക്കടവ്	1.000
66.	അരങ്ങ് പാലം-കുളത്തിനാൽക്കവല	0.500
67.	ചെറിയരീക്കമല-ചന്ദനക്കാംപാറ	2.500
68.	പൂപ്പറമ്പ് പഞ്ചായത്ത് ശ്മശാനം	0.060
69.	കുനിയൻപുഴ-ഹരിജൻ കോളനി	0.615
70.	കരിമ്പിൻ ചീത്ത-പീഠക്കല്ല്	0.345
71.	മുയിപ്ര ഇടിപ്പറമ്പ് കോളനി	0.500
72.	മനയാനിക്കൽക്കവല-മേലെപുറന്തൊട്ടി	2.850

പ്രശ്നങ്ങൾ

1. റോഡുകളുടെ അറ്റകുറ്റപണി തൃപ്തി കരമല്ല.
2. റോഡുകളുടെ നിലവാരം പരി താപകരമാണ്.
3. പ്രാദേശിക ഇടപെടലുകൾ കുറവാണ്.
4. റോഡിന്റെ പണികൾക്കായി ചെല വഴിക്കുന്ന ഫണ്ടിന്റെ ചോർച്ച.
5. ഇനിയും ഗതാഗത സൗകര്യമില്ലാത്ത പ്രദേശങ്ങളുണ്ട്.
6. ജനങ്ങൾക്ക് റോഡ് സംരക്ഷണ മനോഭാവം ഇല്ല.
7. വർദ്ധിച്ചു വരുന്ന ആവശ്യത്തിനനുസരിച്ച് ബസ് സർവ്വീസുകളില്ല.
8. ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തത.
9. നെല്ലിക്കുറ്റി പാലത്തിന്റെ അപ്രോച്ച് റോഡ് പൂർത്തിയായില്ല.

സാദ്ധ്യതകൾ

1. റോഡുകളുടെ അറ്റകുറ്റപണി ജന പങ്കാളിത്തത്തോടെ നിർവ്വഹിക്കുക. റോഡ് സംരക്ഷണ സമിതികൾ രൂപീകരിക്കുക.
2. പുതിയ റോഡ് നിർമ്മാണം ജന പങ്കാളിത്തത്തോടെ നടപ്പിലാക്കുക.
3. പഞ്ചായത്ത് റോഡുകളുടേയും, പുറമ്പോക്ക് ഭൂമികളുടേയും അതിരുകൾ സർവ്വേ ചെയ്ത് അടയാളപ്പെടുത്തിയാൽ ഭൂമികയ്യേറ്റം ഒഴിവാക്കാം.
4. ചെമ്പേരി - അമ്പഴത്തുംചാൽ - കരയത്തും ചാൽ റോഡ് ബസ്സ് ഗതാഗത യോഗ്യമായാൽ കൂടുതൽ ബസ്സ് സർവ്വീസുകൾക്ക് സാദ്ധ്യത ഉണ്ട്.
5. എല്ലാ മണ്ഡലങ്ങളിലെയും വാഹന ഗതാഗതം ഏറെയുള്ള റോഡുകൾ മുൻഗണനാ ക്രമത്തിൽ ടാറിംഗ് നടത്തി ഗതാഗതസൗകര്യം വർദ്ധിപ്പിക്കാം.
6. മലപ്പട്ടം മുനമ്പ് പാലം പൂർത്തി യാക്കിയാൽ പഞ്ചായത്തിൽ നിന്നും ജില്ലാ ആസ്ഥാനത്തേക്കുള്ള ദൂരം 14 കി.മീ. ലാഭിക്കാം.
7. നെല്ലിക്കുറ്റിപ്പാലത്തിന്റെ അപ്രോംച്ച് റോഡ് പൂർത്തിയായാൽ ആ പ്രദേശത്തെ ഗതാഗതപ്രശ്നം പരിഹരിക്കാം.
8. പണി പൂർത്തീകരിച്ച ഏരുവേശ്ശി പാലം വഴി ബസ് സർവീസ് ആരംഭിക്കുന്നതു വഴി പൂപ്പറമ്പ് പ്രദേശത്തെ യാത്രാപ്രശ്നം പരിഹരിക്കാം.
9. ചുണ്ടക്കുന്ന് കയറ്റം തുറക്കുന്ന പ്രവൃത്തി അടിയന്തിരമായി ആരംഭിക്കേണ്ടിയിരി ക്കുന്നു. വളയംകുണ്ട്-ചെമ്പേരി റോഡ് വീതി കൂട്ടി നിർമ്മിക്കുക.

നിർദ്ദേശങ്ങൾ

1. മിക്കവാറും എല്ലാ പഞ്ചായത്ത് റോഡുകളും ടാറിംഗ് നടത്തണമെന്ന് ഗ്രാമസഭകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.
2. ചെമ്പേരിയിലും കുടിയാന്മലയിലും ടാക്സി സ്റ്റാൻറുകൾ നിർമ്മിക്കുക.
3. ഇടമന-ചളിംപറമ്പ് റീടാറിംഗ് നടത്തുക
4. മീനത്തുകരി-ചെംബ്ലാളി കവലറോഡ്-അരീക്കമല-ഗാന്ധിനഗർ റോഡ് എന്നിവ പഞ്ചായത്ത് ഏറ്റെടുക്കുക.
5. ചെമ്പേരി ടൗണിലും കുടിയാന്മല ടൗണിലും ഏരുവേശ്ശി പ്രദേശവും പൂപ്പറമ്പിലും ഡ്രൈനേജ് സൗകര്യം ഏർപ്പെടുത്തുക.
6. ചുണ്ടപ്പറമ്പ്-പൂപ്പറമ്പ് റോഡിൽ മുയിപ്ര ക്കയറ്റം കുറയ്ക്കുക
7. ചെമ്പേരി-അരീക്കമല റോഡിൽ അരീക്കമല ടൗണിലേക്കുള്ള കയറ്റം കുറയ്ക്കുക.
8. കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുക.

റോഡുകളുമായി ബന്ധപ്പെട്ടു വന്ന ആവശ്യങ്ങൾ അനുബന്ധം എ.ബി.സി യിൽ കൊടുത്തിരിക്കുന്നു.

അനുബന്ധം എ.

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

ക്രമ നമ്പർ	പേര്
1.	ഏരുവേശ്ശിക്കുന്ന് - ഏറുമ്പാലക്കരി -ചുണ്ടമൂല
2.	മുയിപ്ര ലക്ഷംവീട്-ഇടിപ്പറമ്പ് റോഡ്
3.	മുയിപ്ര-നെരിമടത്തട്ട്-ചുണ്ടക്കുന്ന്.
4.	നെല്ലിയോട്ട് പറമ്പ്-നല്ലൂർ കടവ്
5.	തട്ടുപറമ്പ്-നെല്ലിയോട്ട്പറമ്പ്
6.	ഗണപതിക്ഷേത്രം-ചുണ്ടക്കുന്ന്
7.	വടക്കേമൂല-ചതുരക്കിണർ
8.	ഓടയംപ്ലാവ്-വള്ളിയാട്
9.	പൂപ്പറമ്പ്-അരിയാട്റോഡ് കൂവച്ചി റോഡുമായി ബന്ധിപ്പിക്കുക.

അനുബന്ധം ബി.

പുതുതായി നിർമ്മിക്കേണ്ട കോൺക്രീറ്റ് നടപ്പാലങ്ങൾ.

ക്രമ നമ്പർ	സ്ഥാനം
1.	കായലുംപാറ ഹരിജൻ കോളനി - മിഡിലാക്കയം റോഡിൽ വെള്ളവള്ളിത്തോട്ടിന്
2.	കൊയക്കിയിൽ നിന്ന് വില്ലേജ് ഓഫീസുമായി ബന്ധപ്പെടാൻ
3.	മന്ദിരംകടവിൽ
4.	തൂണിയാട്ട് കടവിന് (സാംസ്കാരിക നിലയം കടവ്)
5.	നല്ലൂർ കടവിൽ
6.	എരുത്ത്കടവിൽ
7.	അരങ്ങ്കുളത്തിനാൽ കടവിൽ
8.	പാറത്താനത്ത് കടവിൽ
9.	മുളക്കുടിയാനിക്കടവിൽ

അനുബന്ധം. സി

പുതുതായി നിർമ്മിക്കേണ്ട കലുങ്കുകൾ

ക്രമ നമ്പർ	സ്ഥാനം
1.	ചെമ്പേരി പുറഞ്ഞാൺ റോഡിൽ പാറപ്പുറത്ത് മില്ലിനു മുന്നിൽ
2.	പുളിക്കൽ റോഡിൽ പേഴുംകാട്ടിൽ കാരുടെ മുന്നിൽ
3.	അരീക്കമല-പുളിമരം ചീത്ത റോഡിൽ കൊമ്പു പറമ്പിൽ ജോണിൻെറ വീടിൻെറ മുമ്പിലും കോലംകുന്നേൽ തോമസിൻെറ വീടിനു മുന്നിലും.
4.	അരീക്കമല-ശിവഗിരി റോഡിൽ കൊട്ടാരത്തിൽ തോടിന്
5.	കക്കുംതടം-പുളിമരം ചീത്ത റോഡിൽ നമ്പ്യാപറമ്പിൽ തോടിന്
6.	തട്ടുകുന്ന് മാങ്കുളം റോഡിൽ കുരിശുകവലക്കൽ തോടിന്
7.	പൊട്ടൻപ്ലാവ് - ചാത്തമല -വലിയ അരീക്കമല സ്കൂൾ റോഡിൽ പണക്കാട്ട് തോടിനും പുളിക്കൽ തോടിനും.

8.മഞ്ഞക്കാട്ടിൽകവല-അരീക്കമല-ചാത്തമല റോഡ്

(1). പിണക്കാട്ട് ദേവസ്യയുടെ മുൻ ഭാഗത്തുള്ള തോടിന്.

(2). പെരുമന ബാബുവിന്റെ തോടിന്

(3). വെമ്പാല കുരുവിളയുടെ മുൻ വശത്തുള്ള തോടിന്

9. പൊട്ടൻപ്ലാവ് പുറത്തൊട്ടി റോഡിൽ

(1). കൊന്നക്കൽ തോടിന്

(2). മണ്ഡപത്തിൽ തോടിന്

(3). ചിറ്റിലപ്പള്ളി തോടിന്

10. മുല്ലക്കരി തോടിന് പാലം നിർമ്മിക്കുക

11. അരങ്ങുപാലം-കുളത്തിനാൽ കവല റോഡിൽ കലുങ്ക്.

12. പൂപ്പറമ്പ് എടമന റോഡിൽ ചുവട്ടാനി തോടിന്

13. പൂപ്പറമ്പ് കൂവച്ചി റോഡിൽ കൂവച്ചി തോടിന് റഗുലേറ്റർ കം ബ്രിഡ്ജ്

14. പൂപ്പറമ്പ്-അരിയാട് റോഡ് ആരംഭിക്കുന്ന സ്ഥലത്ത് മെയ്സെൻട്രി കൾവർട്ട്.

15. ചാരംപള്ളി തോടിന് കൾവർട്ട്.

16. ഞെക്ളി കൾവർട്ട്

17. തോടിന് ആവശ്യമായ സ്ഥലത്ത് കോൺക്രീറ്റ് സ്ലാബുകൾ നിർമ്മിക്കുക

18. ആലക്കൽ-വള്ളിയാട് റോഡിൽ വേലിക്കാത്ത് കൾവർട്ട് നിർമ്മിക്കുക

19. മുണ്ടക്കാംപള്ളി കൾവർട്ട് നിർമ്മിക്കുക.


20. ചെങ്ങോത്ത് വയൽ-വളയംകുണ്ട് റോഡിൽ ഏരുവേശ്ശി തെരുവ്, പാളത്ത് എന്നിവിടങ്ങളിൽ കൾവർട്ട്.


21. മഠംപറമ്പ്-കിഴക്കേമൂല റോഡിൽ മഠംപറമ്പിൽ കൾവർട്ട് നിർമ്മിക്കുക

22. കുനിയൻപുഴ കൾവർട്ട് നിർമ്മിക്കുക.

23. ബാലുശ്ശേരി കൾവർട്ട് നിർമ്മിക്കുക

24. ഈറ്റക്കൽ തോടിന് കലുങ്ക് നിർമ്മിക്കുക.





മാർക്കറ്റ്

ഏരുവേശ്ശി പഞ്ചായത്തിൽ ഗതാഗതസൗകര്യങ്ങളും അങ്ങാടികളും ഉണ്ടാവുന്നതിനു മുമ്പ് ചെമ്പേരി കേന്ദ്രമായി ആഴ്ചചന്ത പ്രവർത്തിച്ചിരുന്നു. പിൽക്കാലത്ത് അവയുടെ പ്രവർത്തനം നിലച്ചു. കാർഷികോല്പന്നങ്ങളുടെ വിപണനത്തിനും ന്യായവില ലഭ്യതയ്ക്കും പൊതു മാർക്കറ്റ് ഉപകാരപ്രദമാണ്. നമ്മുടെ പഞ്ചായത്തിൽ ഇന്ന് ആഴ്ചചന്തകളോ പൊതുമാർക്കറ്റോ ഇല്ല. ഈ പ്രദേശത്തെ മുഖ്യവിപണന കേന്ദ്രം തളിപ്പറമ്പ് ആണ്. കാർഷിക വിളകൾക്ക് ഏറെ പ്രാധാന്യമുള്ള ഈ പഞ്ചായത്തിൽ പൊതു മാർക്കറ്റ് ആവശ്യമാണ്.

നിർദ്ദേശങ്ങൾ


1. ചെമ്പേരിയിൽ മാർക്കറ്റിനായി നിലവിലുള്ള സ്ഥലത്ത് പൊതുമാർക്കറ്റ് ആവശ്യമാണ്.
2. റബ്ബർ മാർക്കറ്റിങ്ങ് സൊസൈറ്റിയുടെ സംഭരണകേന്ദ്രം കുടിയാന്മല, നെല്ലിക്കുറ്റി എന്നിവിടങ്ങളിൽ ആരംഭിക്കുക.
3. അടക്ക, കൊപ്ര, കശുവണ്ടി, കുരുമുളക് സംഭരണകേന്ദ്രങ്ങൾ സ്ഥാപിക്കുക.
4. അങ്ങാടികളോടുചേർന്ന് വഴിയോരത്തുള്ള മത്സ്യകച്ചവടത്തിന് പ്രത്യേകകേന്ദ്രങ്ങൾ സ്ഥാപിക്കുക.
5. കശാപ്പ്ശാലകളിൽ നിന്നുള്ള മലിനീകരണം കർശനമായി തടയുക. അനധികൃതമായി നടത്തുന്ന അറവ് കർശനമായി നിരോധിക്കണം.



വിദ്യാഭ്യാസം

കണ്ണൂർ ജില്ലയുടെ വടക്കുകിഴക്കുഭാഗത്ത് കർണ്ണാടകത്തോട് ചേർന്നു കിടക്കുന്ന ഏരുവേശ്ശി പഞ്ചായത്ത് ഇരിക്കൂർ ബ്ലോക്കിലും നിയോജക മണ്ഡലത്തിലും ഉൾപ്പെട്ടതാണ്. നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഇവിടെ ജനവാസം ഉണ്ടായിരുന്നു എന്നതിന് തെളിവുകളുണ്ട്. ഈ പഞ്ചായത്തിൽപെട്ട ഏരുവേശ്ശി ഭാഗത്താണ് ആദ്യമായി ജനവാസം തുടങ്ങിയിരുന്നത്. 20-ാം നൂറ്റാണ്ടിന്റെ അഞ്ചാം ദശകം വരെ ഏരുവേശ്ശിയിൽ നിന്നും ജനവാസം ഈ പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിലേക്ക് വ്യാപിച്ചിരുന്നില്ല. പഞ്ചായത്തിന്റെ ഇതരഭാഗങ്ങളെ പുനംകൃഷിക്കായി ഉപയോഗിച്ചിരുന്നു എന്നല്ലാതെ സ്ഥിരതാമസത്തിന് ഉപയോഗിച്ചിരുന്നില്ല. എന്നാൽ അരീക്കമല, വഞ്ചിയം എന്നീ സ്ഥലങ്ങളിൽ ഈ നൂറ്റാണ്ടിനു മുമ്പ് തന്നെ കരിമ്പാലർ എന്ന ആദിവാസി സമൂഹം കോളനികളായി താമസിച്ചിരുന്നു. അധികം വൈകാതെ അരീക്കമലയിൽ മാവിലരുടെ കോളനികളും രൂപം കൊണ്ടു.

വിദ്യാഭ്യാസ പ്രക്രിയക്ക് കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ തന്നെ 'ഹരിശ്രീ' കുറിച്ച ഒരു പഞ്ചായത്താണ് ഏരുവേശ്ശി. ഏരുവേശ്ശി ഗ്രാമത്തിൽ 1895-ൽ എഴുത്ത് പള്ളിക്കൂടങ്ങൾ പ്രവർത്തിച്ചിരുന്നു. ആ വർഷം കയ്യൂരിൽ വന്ന കാട്ടിയാട്ടി രാമൻഗുരുക്കൾ എന്നവരായിരുന്നു വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. 12 വർഷക്കാലം അദ്ദേഹം ഇവിടെ വിദ്യ അഭ്യസിപ്പിച്ചിരുന്നു. തുടർന്ന് പടിഞ്ഞാറെ പുരയിൽ രാമൻ ഗുരുക്കൾ, മകൻ രാമൻ ഗുരുക്കൾ എന്നിവരും ആദ്യകാല വിദ്യാദാതാക്കളിൽ ഗണനീയരാണ്.



വിസ്തീർണ്ണം

12129 ച.കി.മീ 73 സെന്റ്

54.06 സ്ക്വയർ കി.മീ.

സ്കൂളുകൾ.

H.S. — ഹൈസ്കൂൾ.

U.P.S — അപ്പർ പ്രൈമറി സ്കൂൾ

L.P.S — ലോവർ പ്രൈമറി സ്കൂൾ.

0 640 1280

1 CM = 640 M.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനമെന്ന നിലയിൽ ഏരുവേശ്ശി സ്ക്കൂൾ ആരംഭിക്കുന്നതിന് ഈ എഴുത്തു പള്ളിക്കൂടങ്ങൾ പ്രചോദനമേകി. ഈ പഞ്ചായത്തിൽ ആദ്യമായി സ്ഥാപിച്ചത് ഏരുവേശ്ശി എയ്ഡഡ് ലോവർ എലിമെൻററി സ്ക്കൂൾ ആണ്. 1916-ൽ ഇ.കെ. വലിയ രാമർകുട്ടി നമ്പ്യാരാണ് ഇതിൻെറ സ്ഥാപകൻ. നാട്ടെഴുത്തച്ഛനായി ഇതിനുമുമ്പ് പ്രവർത്തിച്ചിരുന്ന രാമൻ ഗുരുക്കൾ ഈ വിദ്യാലയത്തിലെ ആദ്യ അദ്ധ്യാപകരിൽ ഒരാളായിരുന്നു. കണ്ണൂർ ജില്ലയിലെ തന്നെ പഴയ സ്ക്കൂളുകളിൽ ഒന്നാണിത്. അക്കാലത്ത് സ്ക്കൂളുകൾ ആരംഭിച്ച് നടത്തുക എന്നത് ജന്മിമാരെ സംബന്ധിച്ചിടത്തോളം അവരുടെ പ്രതാപത്തിൻെറ ചിഹ്നമായിരുന്നു. പഴയ കാലഘട്ടത്തിൽ ഈ സ്കൂൾ കാടാറുമാസം, നാടാറുമാസം എന്ന നിലയിലാണ്.

1941-ൽ മാനേജരായിരുന്ന ശ്രീ. ഇ.കെ. വലിയ രാമർകുട്ടി നമ്പ്യാരുടെ നിര്യാണത്തെ തുടർന്ന് സ്കൂൾ പ്രവർത്തിപ്പിക്കാൻ തടസ്സങ്ങൾ നേരിട്ടതിനാൽ 1942-1944 കാലഘട്ടത്തിൽ ഈ സ്ക്കൂൾ പ്രവർത്തന രഹിതമായി. 1944-ൽ പുതിയ മാനേജരുടെ നേതൃത്വത്തിൽ ഈ സ്കൂളിൻെറ പ്രവർത്തനം പുനരാരംഭിച്ചു. ഇവിടെ പഠിച്ചിരുന്ന കുട്ടികളിൽ ബഹുഭൂരിപക്ഷം പേരും പ്രാഥമിക വിദ്യാഭ്യാസം കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. സമ്പന്നരായ ചുരുക്കം ചില ആളുകൾക്ക് മാത്രമേ തങ്ങളുടെ കുട്ടികളെ അന്ന് സമീപസ്ഥ വിദ്യാലയങ്ങളായ പറശ്ശിനിക്കടവിലും, മയ്യിലും, തളിപ്പറമ്പിലും വിട്ട് തുടർന്നു പഠിപ്പിക്കുവാൻ സാധിച്ചുള്ളൂ.

ഇക്കാലത്ത് മലകളിൽ ഉണ്ടായിരുന്ന പട്ടികജാതിക്കാർ നിരക്ഷരരായി തന്നെ തുടർന്നു. എന്നാൽ അരീക്കമലയിലെ തേനൻ എന്ന മാവില സമുദായാംഗം 1938-ൽ ഏരുവേശ്ശി ലോവർ പ്രൈമറി സ്കൂളിൽ ചേരുകയും 5-ാം ക്ലാസ് പഠനം പൂർത്തിയാക്കി പറശ്ശിനിക്കടവ് ഹൈസ്കൂളിൽ ഉന്നത പഠനത്തിനായി ചേരുകയും ചെയ്തു. വളപ്പകോളനിയിലെ സമ്പന്നനായിരുന്ന കുറിച്ച കണ്ണൻെറ മകനായിരുന്നു തേനൻ. അരീക്കമലയിൽ മാവിലന്മാരുടെ തലവനായ കുറിച്ചാകണ്ണൻ ജന്മിമാരുടെ അടിയാനായിരുന്നില്ല.

ഈ പഞ്ചായത്തിൽ വ്യാപകമായി ജനവാസം തുടങ്ങിയത് 1940 കളുടെ ആരംഭത്തിൽ തിരുവിതാംകൂറുകാരുടെ കുടിയേറ്റത്തോടെയാണ്. ഇവരിൽ ഭൂരിഭാഗവും വിദ്യാഭ്യാസത്തിന് പരമ പ്രാധാന്യം നല്കുന്ന ക്രിസ്ത്യാനികളായിരുന്നു. കുടിയേറ്റ കേന്ദ്രത്തിലെല്ലാം തന്നെ പള്ളികളോടൊപ്പം പള്ളിക്കൂടങ്ങളും ആരംഭിച്ചു. ഈ കുടിയേറ്റകാലം ഈ ഭാഗത്തെ വിദ്യാഭ്യാസ മുന്നേറ്റത്തിൻെറ സുവർണ്ണ കാലമായിരുന്നു. ദേശീയപ്രസ്ഥാനത്തിൻെറ ആവേശവും അതിൽനിന്ന് ഉത്ഭൂതമായ കർഷക മുന്നേറ്റവും പുരോഗമന ആശയങ്ങളുടെ പ്രചാരവും വിദ്യാഭ്യാസ പ്രക്രിയക്ക് പ്രചോദനമേകി.

1950-ൽ ചെമ്പേരി പള്ളിയോടനുബന്ധിച്ച് ഒരു പ്രൈമറി സ്കൂളാരംഭിച്ചു. 1951-ൽ തന്നെ ഇത് ഒരു യു.പി. സ്കൂളായും 1957-ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. ഏരുവേശ്ശി പഞ്ചായത്തിലെ ആദ്യത്തെ യു.പി. സ്കൂളും ഹൈസ്കൂളും ഇതു തന്നെ. ഈ നിയോജക മണ്ഡലത്തിലെ പ്രഥമ ഹൈസ്കൂളും ഇതു തന്നെ. 1957-ലെ വിദ്യാഭ്യാസ നിയമം നിലവിൽ വന്നതോടുകൂടി സ്കൂളുകളുടെ പ്രവർത്തനത്തിൽ വമ്പിച്ച മാറ്റങ്ങളുണ്ടായി. 1960 മുതൾ 1991 വരെയുള്ള കാലഘട്ടത്തിൽ രണ്ടു ഹൈസ്കൂളുകളുൾപ്പെടെ 10 സ്കൂളുകൾ കൂടി ഈ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചു.

പട്ടിക-1

ഏരുവേശ്ശി ഗ്രാമപഞ്ചായത്ത്- സ്കൂളുകളുടെ സ്ഥാപനവർഷം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വർഷം
1.	എ.യു.പി. സ്ക്കൂൾ ഏരുവേശ്ശി	1920
2.	നിർമ്മലാ എ.എൽ.പി.സ്ക്കൂൾ,ചെമ്പേരി	1950
3.	നിരമ്മലാ. എച്ച്.എസ്. ചെമ്പേരി	1957
4.	ഫാത്തിമാ. എ. യു.പി.സ്ക്കൂൾ, കുടിയാന്മല	1960
5.	ഗാന്ധി മെമ്മോറിയൽ എ. യു.പി. സ്ക്കൂൾ, നെല്ലിക്കുറ്റി	1964
6.	ജി.യു.പി.സ്ക്കൂൾ, അരീക്കാമല	1966
7.	ജി. എൽ.പി.സ്ക്കൂൾ, വഞ്ചിയം	1975
8.	മേരി കീൻസ് ഹൈസ്ക്കൂൾ, കുടിയാന്മല	1976
9.	ഗവ. യു.പി. എസ്. ഏരുവേശ്ശി	1982
10.	സെൻറ് അഗസ്റ്റിൻസ് എച്ച്. എസ്, നെല്ലിക്കുറ്റി	1983
11.	സെൻറ് സെബാസ്റ്റ്യൻസ് എ. എൽ.പി.സ്ക്കൂൾ, രത്നഗിരി	1984
12.	സെൻറ് ജോസഫ്സ് എ.എൽ.പി.സ്ക്കൂൾ, അരീക്കമല	1982
13.	ഹോളി ക്രോസ് ഇംഗ്ലീഷ്മീഡിയം യു.പി.സ്ക്കൂൾ, കുടിയാന്മല	1992

ഇതോടുകൂടി ഇവിടുത്തെ പട്ടികജാതിക്കാർക്കും വിദ്യാഭ്യാസ സൗകര്യം ലഭ്യമായി. മെല്ലെയാണെങ്കിലും അവരും വിദ്യാഭ്യാസകാര്യങ്ങളിൽ താല്പര്യം കാട്ടിത്തുടങ്ങി. ഇന്ന് ഈ പഞ്ചായത്ത് സാക്ഷരതയുടെ കാര്യത്തിൽ 96% കൈവരിച്ച് ഉന്നത നിലവാരം പുലർത്തുന്നു. പട്ടികജാതിക്കാരിൽ തന്നെയാണ് നിരക്ഷരരിൽ ഉയർന്ന ശതമാനവും. സാക്ഷരതാ തുടർപരിപാടികൾ ഉണ്ടായിരുന്നെങ്കിൽ ഈ പഞ്ചായത്തിൽ നിരക്ഷരർ ശേഷിക്കുമായിരുന്നില്ല. ഒരു അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം യു. പി. സ്ക്കൂൾ ഉൾപ്പെടെ പഞ്ചായത്തിലുള്ള 13 സ്ക്കൂളുകളിൽ ഏരുവേശ്ശി സ്ക്കൂൾ വ്യക്തി മാനേജ്മെൻറിനേറയും, പൂപ്പറമ്പ്, വലിയ അരീക്കമല, വഞ്ചിയം എന്നീ മൂന്ന് സ്ക്കൂളുകൾ സർക്കാരിനേറയും ബാക്കിയുള്ള 9 സ്ക്കൂളുകൾ ക്രിസ്ത്യൻ മാനേജ്മെൻറിനേറയും കീഴിലാണ്.

മേൽപ്പറഞ്ഞ 13 സ്കൂളുകളായി 4706 കുട്ടികളും 187 അദ്ധ്യപകരും ഉണ്ട്.

ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് 1.8 അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച വിവരങ്ങൾ

സ്കൂളുകൾ	അദ്ധ്യാപകർ			വിദ്യാർത്ഥികൾ			മറ്റു സൗകര്യങ്ങൾ			
	ആണ്	പെണ്ണ്	ആകെ	ആണ്	പെണ്ണ്	ആകെ	കെട്ടിടം		ഫർണിച്ചർ	
							വേണ്ടത്ര ഉള്ളവ	വേണ്ടത്ര ഇല്ലാത്തവ	വേണ്ടത്ര ഉള്ളവ	വേണ്ടത്ര ഇല്ലാത്തവ
1	2	3	4	5	6	7	8	9	10	11
എച്ച്.എസ്	34	45	79	710	795	1505	3	-	2	1
യു.പി.എസ്	27	59	86	691	689	1380	3	3	2	4
എൽ.പി.എസ്	10	12	22	934	887	1821	4	-	3	1
ആകെ	71	116	187	2335	2371	4706	10	3	7	6

ആകെയുള്ള 13 സ്ക്കൂളുകളിൽ കുടിയാന്മല ഹോളിക്രോസ് ഒഴിച്ചുള്ള 12 സകൂളുകളും സംഘടിത ജനകീയ പങ്കാളിത്തത്തിന്റെ നിദർശനങ്ങളാണ്.

പ്രീ-പ്രൈമറി വിദ്യാഭ്യാസം

18 അംഗൻവാടികളും 6 നഴ്സറി സ്കൂളുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അവയുടെ പട്ടിക താഴെ ചേർക്കുന്നു.

ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് പ്രീ-പ്രൈമറി വിദ്യാഭ്യാസം പട്ടിക-3

ഏതിനം / വാർഡ്	I	II	III	IV	V	VI	VII	VIII	IX	ആകെ
അംഗനവാടി	2	2	1	2	3	2	1	3	2	18
നേഴ്സറി	-	-	1	1	-	1	1	1	1	6

പ്രശ്നങ്ങൾ (+)

1. കുട്ടികൾക്കും അമ്മമാർക്കും അംഗൻവാടികളിൽ നിന്നും കാര്യമായ സേവനം ലഭിക്കുന്നു.
2. അവരുടെ ആരോഗ്യപരിപാലനം എളുപ്പമാകുന്നു.
3. കൊച്ചുകുട്ടികളുള്ള അമ്മമാർക്ക് ജോലിക്ക് പോകുവാൻ സാധിക്കുന്നു.

(-)

1. നിലവിലുള്ള അംഗൻവാടികൾ ജനങ്ങളുടെ ആവശ്യങ്ങൾ നേരിടുന്നതിന് മതിയാവുന്നില്ല.
2. ചില അംഗൻവാടികൾ തമ്മിലുള്ള അകലം വളരെ കൂടുതലും ആണ്.
3. പലതിനും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല.
4. ചില കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിലാണ്.
5. നിലവിലുള്ളവയ്ക്ക് പലതിനും സ്ഥല സൗകര്യങ്ങളില്ല.
6. ഫർണിച്ചറുകളും പാത്രങ്ങളും കളിക്കോപ്പുകളും വേണ്ടത്ര ഇല്ല.
7. വർക്കേർസിന് പരിശീലനം തൃപ്തികരമല്ല.
8. കുട്ടികൾക്കുള്ള ഭക്ഷ്യവസ്തുക്കൾ കിട്ടാൻ ചിലപ്പോൾ പ്രയാസങ്ങൾ ഉണ്ടാകുന്നുണ്ട്.
9. ചില രക്ഷിതാക്കളെങ്കിലും കുട്ടികളെ അംഗൻവാടികളിലെത്തിക്കാൻ താത്പര്യം കാണിക്കുന്നില്ല.
10. അംഗൻവാടിയുടെ പ്രയോജനം ഇനിയും എല്ലാവരും മനസിലാക്കിയിട്ടില്ല.

സാധ്യതകൾ

1. അംഗൻവാടികളെകൊണ്ടുള്ള പ്രയോജനങ്ങളെപ്പറ്റി ബോധവല്ക്കരണം ആവശ്യമാണ്.
2. ഇനിയും അംഗൻവാടികൾ ആവശ്യമുള്ള സ്ഥലങ്ങളാണ് കരിവെള്ളേരി, വളയംകുണ്ട്, അമ്പഴത്തുംചാൽ എന്നിവ.
3. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തിടത്ത് അവ ഉണ്ടാക്കുക.
4. കെട്ടിടങ്ങളുടെ അറ്റകുറ്റപണി യഥാ സമയം നടത്തുക.
5. ഫർണിച്ചർ, കലിക്കെപ്പുകൾ, പാത്രങ്ങൾ എന്നിവയുടെ പോരായ്മ പരിഹരിക്കുക
6. അംഗൻവാടി കെട്ടിടവും പരിസരവും ആകർഷകമാക്കുക.
7. ഭക്ഷ്യവസ്തുക്കളുടെ ലഭ്യ ഉറപ്പുവരുത്തുക.
8. വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പരിശീലനം മെച്ചപ്പെടുത്തുക.
9. അവരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുക.
10. റിട്ടയേർഡ് അദ്ധ്യപകരുടെ കൂടെക്കൂടെയുള്ള സന്ദർശനം കുട്ടികൾക്ക് പ്രയോജനകരമാകും.

പ്രശ്നങ്ങൾ (+)

1. 13 സ്കൂളുകളുള്ളതിനാൽ മിക്കവാറും എല്ലാവർക്കും സ്കൂൾ വിദ്യാഭ്യാസസൗകര്യം ഉണ്ട്. അതിനാൽ ഉയർന്ന സാക്ഷരതാ നിരക്ക് കൈവരിച്ചിരിക്കുന്നു. (96%)

2. ഈ പഞ്ചായത്തിലെ സ്കൂളുകളിലൊന്നും അദ്ധ്യാപകരുടെ കുറവ് നിലവിലില്ല.

3. ചില സ്കൂളുകൾക്ക് നല്ല കെട്ടിടങ്ങൾ ഉണ്ട്.

4. എസ്.എസ്.എൽ.സി റിസൾട്ട് മെച്ചമാകാനുള്ള പ്രവണത 96 മാർച്ചിൽ കാണിച്ചു.

5. പി.ടി.എ.കൾ എല്ലാ സ്കൂളുകളിലും ഉണ്ട്.

6. ഇവിടുത്തെ സ്കൂളുകൾ സ്പോർട്സ് രംഗത്ത് താല്പര്യം കാണിക്കുന്നതിനാൽ ഈ രംഗത്ത് ഉന്നത നിലവാരം പുലർത്തുന്ന കായിക താരങ്ങളെ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഫലമായി കുറെപ്പേർക്ക് വിവിധ തുറകളിൽ തൊഴിൽ സാധ്യതകൾ ഉണ്ടായിട്ടുണ്ട്.

(-)

1. സ്ക്കൂളുകൾ വ്യാപകമായിട്ടില്ലാത്തതിനാൽ എല്ലാഭാഗത്തുള്ളവർക്കും അവ വേണ്ടപോലെ പ്രയോജനപ്പെടുത്തുവാൻ പറ്റുന്നില്ല.

2. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ചില സ്ക്കൂളുകൾ അൺ-ഇക്കണോമിക് ആയിട്ടുണ്ട്.

3. കുട്ടികൾ കുറയുന്നതിന് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളും ജനസംഖ്യാ നിയന്ത്രണങ്ങളും കാരണമാവുന്നുണ്ട്.

4. മെച്ചപ്പെട്ട സ്ക്കൂളുകൾ നോക്കി കുറച്ചുകുട്ടികളെങ്കിലും പഠിക്കാൻ അകലെ പോകുന്നു.

5. സ്ക്കൂൾ പഠനം പൂർത്തിയാക്കാതെ ഇടയ്ക്ക് വെച്ച് പഠനം നിർത്തുന്ന പ്രവണത ചെറിയ തോതിലെങ്കിലും ഉണ്ട്.

6. വിദ്യാഭ്യാസം, തൊഴിൽ സാധ്യത ഉറപ്പാകാത്തതുകൊണ്ട് കുട്ടികൾ ഇടയ്ക്കു വെച്ച് പഠനം നിർത്തുന്നു.

7. പഠിച്ചില്ലെങ്കിലും ക്ലാസ് കയറ്റം കിട്ടും എന്ന് ഉറപ്പുള്ളതിനാൽ കുട്ടികൾ പഠനത്തിൽ താല്പര്യം കാണിക്കാതിരിക്കുകയും പൊതു വിദ്യാഭ്യാസത്തിന്റെ നിലവാര തകർച്ചക്ക് കാരണമാവുകയും ചെയ്യുന്നു.

8. പല സ്കൂളുകൾക്കും കെട്ടിടങ്ങൾക്കും ചുമരോ പ്ലാസ്റ്ററിംഗോ ഇല്ല.

9. മിക്ക സ്കൂളുകളിലും പഠനനിലവാരം ശരാശരി മാത്രമാണ്

10. 1990-95 കാലഘട്ടത്തിൽ എസ്.എസ്. എൽ.സി. വിജയശതമാനം ഈ പഞ്ചായത്തിൽ കുത്തനെ ഇടിഞ്ഞു.

പട്ടിക-5

9.5. ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് എസ്. എസ്.എൽ.സി. വിജയശതമാനം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	1991-92	92-92	93-94	94-95	95-96
1.	സെൻറ് അഗസ്റ്റിൻസ്.എച്ച്.എസ്, നെല്ലിക്കുറ്റി	97.5	85.37	84.5	61	74
2.	മേരികുീൻസ്. എച്ച്.എസ്, കുടിയാന്മല	87	82	83	74	76
3.	നിർമ്മലാ. എച്ച്.എസ്. ചെമ്പേരി	86	72	59	57	63

11. തൃപ്തികരമായ കളിസ്ഥലങ്ങൾ ഒരു സ്കൂളിനു പോലുമില്ല.

12. ലൈബ്രറി, ലബോറട്ടറി, മാപ്പുകൾ, ചാർട്ടുകൾ തുടങ്ങിയ പഠനോപകരണങ്ങൾ പല സ്കൂളുകളിലും പരിമിതമാണ്.

13. ഫർണിച്ചർ, കുടിവെള്ളം എന്നിവ മിക്ക സ്കൂളുകളിലും ലഭ്യമല്ല.

14. 13ൽ 12 സ്കൂളുകൾക്കും ചുറ്റുമതിൽ ഇല്ല.

15. കക്കൂസ്, മൂത്രപ്പുര എന്നിവ പല

പട്ടിക 4 ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് 9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

	ആകെ കുട്ടികൾ			SC/STകുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനം നിർത്തിയവരുടെ മൊത്തം എണ്ണം
							SC/STകുട്ടികൾ			മറ്റുള്ളവർ			SC/STകുട്ടികൾ			മറ്റുള്ളവർ			
സ്റ്റാൻഡേർഡ്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	221	209	430	23	26	49	-	-	-	-	-	-	-	-	-	6	5	11	11
II	255	251	506	26	28	54	3	3	6	6	8	14	1	-	1	2	5	7	8
III	239	193	432	24	15	39	1	2	3	8	6	14	5	-	5	5	4	9	14
IV	219	234	453	18	26	44	1	4	5	11	10	21	-	-	-	1	2	3	3
V	237	224	461	32	21	53	3	7	10	16	10	26	3	-	3	3	2	5	8
VI	221	223	444	27	16	43	7	2	9	17	8	25	1	2	3	2	-	2	5
VII	233	242	475	28	23	51	5	6	11	13	11	24	2	1	3	6	-	6	9
VIII	275	265	540	28	36	64	4	2	6	24	11	35	3	1	4	10	1	11	15
IX	258	283	541	24	38	62	4	5	9	28	20	48	-	1	1	9	5	14	15
X	177	247	424	15	27	42	-	-	-	-	-	-	-	-	-	2	3	5	5
ആകെ	2335	2371	4706	245	256	501	28	31	59	123	84	207	15	5	20	46	27	73	93

1.7. വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

Ref. AV G.

പട്ടിക VI

നിങ്ങശ്ശേരി ഗ്രാമപഞ്ചായത്ത്

വാർഡ്	സ്കൂളുകളുടെ എണ്ണം																		സാങ്കേതിക വിദ്യാലയങ്ങൾ (ഏതെന്ന് ബ്രാക്കറ്റിൽ)			കോളേജുകൾ			പാരലൽ കോളേജ്		
	H.S.S./H.S					U.P.S.					L.P.S.					നഴ്സറി											
	സർക്കാർ	എയിഡഡ്	അണ്. എയിഡഡ്	മറ്റുള്ളവ	ആകെ	സർക്കാർ	എയിഡഡ്	അണ്. എയിഡഡ്	മറ്റുള്ളവ	ആകെ	സർക്കാർ	എയിഡഡ്	അണ്. എയിഡഡ്	മറ്റുള്ളവ	ആകെ	സർക്കാർ	പ്രൈവറ്റ്	സ്കൂൾ	ആകെ	സർക്കാർ	സ്വകാര്യം	ആകെ	സർക്കാർ	സ്വകാര്യം	ആകെ	സ്കൂൾ	കോളേജ്	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25	26	27	28	29
1							1			1																		
2																												
3		1			1							1			1			1	1									1
4						1				1								1	1									
5		1			1		1			1																		
6												1			1			1	1									
7												1			1			1	1									
8						1				1	1				1			1	1									
9		1			1		1			1								1	1									
ആകെ		3			3	2	2			4	1	3			4			6	6									1

VII

.....ഗ്രാമപഞ്ചായത്ത്

9.2. സ്കൂളിന്റെ പൊതുവിവരം.

	സ്കൂളിന്റെ പേര്	ഹൈ. സ്കൂൾ/ യു.പി./ എൽ.പി പ്രീ. പ്രൈമറി	സ്കൂളിന്റെ ഉടമസ്ഥത				കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം				സ്കൂൾ കുറ്റാസ്പദമായതിന്റെ വിസ്തീർണം	കളിസ്ഥലത്തിന്റെ വിസ്തീർണം	ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം	മറ്റ്കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപണികൾ, ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച്
			സർക്കാർ	എയിഡഡ്	അൺ എയിഡഡ്	അംഗീകാരം ലഭിച്ചതാണ്	ആൺ	പെൺ	ആകെ	ആകെ അനുവദിച്ച പോസ്റ്റ്	നിലവിലുള്ള വരുടെ എണ്ണം	ഒഴിവുകളുടെ എണ്ണം	ദീർഘകാല ലീവിലുള്ളവർ				
	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
1	നിർമല H.S വടക്കേവള്ളി	HS		✓			435	424	859	36	36			5 ഏക്കർ	2.75	1.50	ചുറ്റുമതിലില്ല
2	നിർമല L.P.S വടക്കേവള്ളി	LP		✓			175	174	349	10	10			1.50	.75	0.50	〃
3	A.L. PS തെക്കിനേടം	LP		✓			58	62	120	4	4			1.50	.25	1.00	〃
4	A.L.P.S മണ്ണഴിക്കര	LP		✓			43	66	109	4	4			1.50	0.25	1.00	〃
5	A.U.P.S വടക്കേവള്ളി	UP		✓			224	175	339	17	17			.98	0.75		〃
6	G.U.P.S വടക്കേവള്ളി	UP	✓				120	125	245	8	8			1.50	.	1.00	〃
7	G.M.U.P.S തെക്കിനേടം	UP		✓			292	303	595	21	21			2.00	0.15		〃
8	F.U.P.S തെക്കിനേടം	UP		✓			308	321	629	23	23			2.00	.50		〃
9	M.R.HS/UP തെക്കിനേടം	HS		✓			255	284	539	24	24			3.00	1.25		〃
10	Rev. Kochupurackal Memorial HS	HS		✓			204	261	465	19	19			3.00	1.00		ചുറ്റുമതിലുണ്ട്
11	G.L.P.S. വടക്കിയം	LP	✓				41	40	81	4	4			1.20		1.00	ചുറ്റുമതിലില്ല കമ്പിവേലി കെട്ടിതിരിച്ചിട്ടുണ്ട്
12	G.U.P.S തെക്കിനേടം	UP	✓				108	79	187	9	9			2.00		0.50	ചുറ്റുമതിലില്ല
13	EMS. തെക്കിനേടം	UP			✓	✓	72	57	129	8	8			5.00	0.10	4.00	〃
14	Total						2335	2371	4706	187	187						

നിന്നവേഴ്സി ഗ്രാമപഞ്ചായത്ത്

3.3 സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

സ്കൂളിന്റെ പേര്	അംഗീകൃത ഡിവിഷൻ എണ്ണം	കെട്ടിടങ്ങൾ എണ്ണം			മുറികളുടെ എണ്ണം			ശുദ്ധജല ലഭ്യത	കുടിവെള്ളത്തിന്റെ ഉറവിടം	ചുറ്റുമതിൽ	വൈദ്യുതീകരണം	ഫർണിച്ചർ	ലൈബ്രറി	ലബോറട്ടറി	ഫിസിക്സ് ലബോറട്ടറി	ഫിസിക്സ് ലബോറട്ടറിയുടെ ഉപയോഗം	പാചകപ്പുര	ഫർണിച്ചർ	ടോയ്ലറ്റ്	ഇനി ആവശ്യമായവയുടെ എണ്ണം				
		സ്ഥിരം	താൽക്കാലികം	മരത്തിൽ താൽക്കാലികം	സ്ഥിരം	താൽക്കാലികം	മരത്തിൽ താൽക്കാലികം														ടോയ്ലറ്റ്	യൂറിനൽ	ലൈബ്രറി	കമ്പ്യൂട്ടർ	കുടിവെള്ളം
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
നിർമ്മല H.S. ചെമ്പേരി	22	5	1		36	3			ഉണ്ട്	2	12	10	3	1	ടീച്ചർ	ഉണ്ട്	ഉണ്ട്	ഉണ്ട്	മതി					
നിർമ്മല L.P.S ചെമ്പേരി	10	3	1		10				ഉണ്ട്			2	1		ടീച്ചർ	ഉണ്ട്	ഉണ്ട്	ഉണ്ട്	മതി					
സെ. ജോസഫ്സ് L.P.S അരിമല	4	1			6				ഉണ്ട്	1	4	2			ടീച്ചർ	ഇല്ല	ഉണ്ട്	ഉണ്ട്	മതി					
സെ. സെബാസ്റ്റ്യൻസ് L.P.S. രയരോത്ത്	4	1			5			1	ഉണ്ട്	1	5	5	1		ടീച്ചർ	ഉണ്ട്	ഉണ്ട്	ഉണ്ട്	മതി					
A.U.P.S നിന്നവേഴ്സി	14	2	5		2				ഉണ്ട്			2			ടീച്ചർ	ഇല്ല	ഇല്ല		ഇല്ല	30	30	4	4	കിണർ അല്ലാതെ വേറെ
സെ. U.P.S നിന്നവേഴ്സി	7	1	1		4	4		1	ഉണ്ട്	2	25	2	2	1	ടീച്ചർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	15	25	5	7	കിണർ അല്ലാതെ വേറെ
സെ. അഗസ്റ്റ്യൻസ് H.S. നെല്ലിക്കുറ്റി	11	1			15				ഉണ്ട്	1	11	1	5		ടീച്ചർ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല					വേറെ അല്ലാതെ
G.M. U.P.S. നെല്ലിക്കുറ്റി	17	4			15	9			ഉണ്ട്	2	10		2		ടീച്ചർ	ഉണ്ട്	ഉണ്ട്	ഉണ്ട്	മതി					
ചാണ്ടിച്ചിറ U.P.S കുടിവെള്ളമില്ല	18	5	1		31					2	40	2	4		ടീച്ചർ	ഉണ്ട്	ഉണ്ട്	ഉണ്ട്	മതി					
ഹോളി ക്രോസ് H.S കുടിവെള്ളമില്ല	14	3			18			3	ഉണ്ട്	2	10	2	2		ടീച്ചർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	25	25	5	5	28 കിണറും 2 അരുവിയും
G.U.P.S അരിമല	7	1	1		5	3		3	ഉണ്ട്	2		2	2	2	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	10	15	3	2	"
G.L.P.S. വഞ്ചിയം	4		1						ഉണ്ട്	1	5	1	1		ടീച്ചർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1		1	1	വേറെ കിണറും വേണം
ഹോളിക്രോസ് E.M.S. കുടിവെള്ളമില്ല	5	3			6			10	ഉണ്ട്	1	15		1		ടീച്ചർ	ഇല്ല	ഉണ്ട്	ഉണ്ട്	മതി					

പട്ടിക IX

9.4. അക്കാദമിക് സൗകര്യങ്ങൾ

	സ്കൂളിന്റെ പേര്	കമ്പ്യൂട്ടർ ലഭ്യത/ഉപയോഗിക്കുന്നുണ്ടോ	ലാബോറട്ടറി/ലബോറട്ടറി അറ്റൻഡന്റ് ഉണ്ട്/ഇല്ല/ഉപയോഗിക്കുന്നുണ്ടോ	ലൈബ്രറി/ലൈബ്രേറിയൻ ഉണ്ട്/ഇല്ല/ഉപയോഗിക്കുന്നുണ്ടോ	ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ-എണ്ണം: ടെലിവിഷൻ	ടേപ്പ്റെക്കോർഡർ	ടി.വി. റെക്കോർഡർ	വിഡിയോ/വി.സി.ആർ.	ഓവർഹെഡ് പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	സിനിമാ പ്രൊജക്ടർ	ഫോട്ടോകോപ്പിയർ	ബ്ലാക്ക് ബോർഡ്: ആകെ എണ്ണം	ബ്ലാക്ക് ബോർഡ്: ഉപയോഗിക്കുന്നത്	സ്കൂൾ പ്രവർത്തിക്കുന്ന ദിവസങ്ങൾ 95-96	ടീച്ചർ-ക്ലർക്ക് ലഭ്യത	സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങളുടെ എണ്ണം 31/3/96	സ്കൂൾ ലൈബ്രറി ഉപയോഗിക്കുന്നുണ്ടോ	കുടിവെള്ള സൗകര്യം ഉണ്ട്/ഇല്ല/ഉപയോഗിക്കുന്നുണ്ടോ
	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19
1	നിർമല H.S ഇരുമ്പനം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്								31	31	195		6	നല്ലവണ്ണം	ഇല്ല
2	നിർമല L.P.S ഇരുമ്പനം	"	ഇല്ല	"	"								10	10	194		6	"	ഉണ്ട്
3	സെ. ജോസഫ്സ് L.P.S. തൃപ്പൂണിത്തുറ	"		ഇല്ല	"								4	4	193		7	"	നല്ല
4	സെ. സെബാസ്റ്റ്യൻസ് L.P.S. തൃപ്പൂണിത്തുറ			"	"								4	4	193		7	"	"
5	A.U.P.S തൃപ്പൂണിത്തുറ	ഉണ്ട്	ഉണ്ട്	"	ഇല്ല								14	14	193		3	"	ഉണ്ട്
6	G.U.P.S തൃപ്പൂണിത്തുറ			"	"								7	3	194		1	ഉണ്ട്	"
7	സെ. തെരേസാസ് H.S. തൃപ്പൂണിത്തുറ	ഉണ്ട്	ഉണ്ട്	"	"								11	11	194		2	"	നല്ല
8	F.U.P.S. കുടിയൻമല	"	"	ഉണ്ട്	ഉണ്ട്								18	21	191	2	8	നല്ലവണ്ണം	ഉണ്ട്
9	G.M.U.P.S തെക്കുംഭാഗം	"	"	"	"								17	17	194			"	"
10	G.L.P.S വെള്ളിമല	"	"	"	"								4	4	194		6	"	"
11	M.G.H.S കുടിയൻമല	"	"	"	"					ഉണ്ട്	ഉണ്ട്		15	15	183	9	6	"	നല്ല
12	G.U.P.S അനിൽമല	ഇല്ല	"	ഇല്ല	"								7	7	193		7	ഉണ്ട്	"
13	E.M.U.P.S കുടിയൻമല	ഉണ്ട്	ഇല്ല	ഉണ്ട്	"				ഉണ്ട്				5	5	197		15	"	ഉണ്ട്

കുന്നുവഴി ഗ്രാമപഞ്ചായത്ത്

9.7 സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

ക്രമനമ്പർ	സ്കൂളിന്റെ പേര്	മെറിറ്റ് സ്കോളർഷിപ്പ്	പൊതുവിഭാഗം	മുസ്ലിം പെൺകുട്ടികളുടെ സ്കോളർഷിപ്പ്	വികലാംഗ സ്കോളർഷിപ്പ്	ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം	ബിഡി തൊഴിലാളി സ്കോളർഷിപ്പ്	ഉന്നതിയിലുള്ള വിഭാഗങ്ങളിലെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	മറ്റുള്ളവ (വ്യക്തമാക്കുക)
1	2	3	4	5	6	7	8	9	10
1	നിർമ്മല H.S. ചെമ്പേരി	USS. 2 LSS. 3	111	3	1				
2	നിർമ്മല L.P.S. ചെമ്പേരി		46						
3	സെ. ജോസഫ് L.P.S നടുവിനാൽ		21						
4	സെ. സെബാസ്റ്റ്യൻസ് L.P.S നെല്ലിയോടി		11						
5	A.U.P.S. കുന്നുവഴി	LSS. 3	8	11		1			
6	G.U.P.S. കുന്നുവഴി	LSS. 1	41	7	2				
7	G.M.U.P.S. നെല്ലിയോടി	LSS. 2	57						
8	സെ. സെബാസ്റ്റ്യൻസ് H.S നെല്ലിയോടി	USS. 2	50	12	1				
9	G.U.P.S. നടുവിനാൽ	LSS. 2	52						
10	G.L.P.S. വെള്ളിലാംതോട്		13		1				
11	F.U.P.S. കുടിയാൻമല		46						
12	M.G. H.S. കുടിയാൻമല		54						
13									
	Total	USS. 4 LSS. 11	510	33	6	1			

സബ്ജില്ലാ കലോത്സവം

9.6. കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിക്കുന്ന വിവരം

സ്കൂളിന്റെ പേര്	ഇന വിവരം	ജില്ലാതലത്തിൽ			സംസ്ഥാനതലത്തിൽ			ദേശീയ തലത്തിൽ		
		ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ
1	2	3	4	5	6	7	8	9	10	11
നിലമേൽ H.S. വെസ്റ്റേരി	Arts & Sports	2	2	4	1		1			
നിലമേൽ L.P.S വെസ്റ്റേരി	Arts	-	8	8						
MGHS കടിയന്നൂർ	Sports	2	10	12	1		1			
FUPS കടിയന്നൂർ	Arts & Sports	1	1	2						
ഗവ. ഗേൾസ് HS നെടുമൺകാവ്	Sports	15	10	25	6		6			
G.M.U.P.S. നെടുമൺകാവ്	"	1	1	2	1		1			

2 3 8 XII

3.8. ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

	സ്കൂളിന്റെ പേര്	ചെലവ്								വരവ് A			വരവ് B				മൊത്തം വരവ്
		കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്ക്	ഫർണിച്ചറുകൾ അറ്റകുറ്റപണികൾ/ വാങ്ങൽ	ഉപകരണങ്ങൾ വാഹനങ്ങൾ/ ഉപയോഗത്തിനുള്ള സാധനങ്ങൾ	സ്പോർട്സ്	കലാ-വിനോദങ്ങൾക്ക്	ടെലഫോണിനുകൾക്ക്	ഉച്ചഭക്ഷണത്തിന്	മറ്റിനങ്ങൾക്ക്	സർക്കാർ	തദ്ദേശസ്ഥാപനങ്ങൾ	ആകെ	പി.ടി.എ.	എൻഡോവ്മെന്റ്	പി.ടി.എ. ഫണ്ട്	സ്കൂൾ വികസനത്തിനുള്ള മറ്റുമാർഗ്ഗങ്ങൾ	
	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
1	സിദ്ധാശ്രമ H.S വെങ്ങോല	6500	3250		870	535	340	1106	1000	3839		3839	9282		1000		10282
2	സിദ്ധാശ്രമ L.P.S വെങ്ങോല	850	400					1170		2298		2298			1000		3298
3	സർ.ഓഡിറ്റോറിയം L.P.S തേക്കിൻകാട്	425	425	760				1762	207408	207408		207408			1419	343	209170
4	A.L.P.S ജഡ്ജിസിറ്റി																
5	G.U.P.S കുന്നുകര			100	80	45	45	4800	750	1600		1600	420		375		
6	G.U.P.S തേക്കിൻകാട്	10000	500		1000	500		1800	1000				249			150	
7	F.U.P.S ഇടിയാൻകാട്	900	150	372	1425		576	54682	9000	2270				1300			
8	M.U.H.S ഇടിയാൻകാട്	12000	10000	20000	4000	3000	2000	12	10000	2800		2800	6000		1800		
9	GMR.സർവ്വജനസ്കൂൾ H.S നെല്ലിക്കുഴി	4000	5000	3000	4000	3000	2580		1000	3000		3000	5602	750	2065		8397
10	G.M.U.P.S നെല്ലിക്കുഴി	1045	810	1323			2342	5678		1872		1872	5759		3055	1915	
11	G.L.P.S വാരപ്പുഴ		2500	1500	1000	500	2000	17000	1000	21000		21000					21000
12	A.U.P.S നേര്യമംഗലം	5000	2500	1000	1000	1000	1000	5000		2000		2000	800				2800

സ്കൂളുകളിലും തൃപ്തികരമായിട്ടില്ല.

16. കുട്ടികളുടെ ഉച്ചക്കഞ്ഞിക്കു പല കാരണങ്ങളാൽ തടസ്സം നേരിടുന്നു.

സാധ്യതകൾ

1. വിദ്യാർത്ഥികൾക്ക് ലക്ഷ്യബോധം ഉണ്ടാവുന്നതിന് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുക

2. വലിയ അരീക്കമലയിലും ഏരുവേശ്ശിയിലും ഹൈസ്കൂളുകൾ ആവശ്യമാണ്.

3. ഏതാനും എൽ.പി. സ്കൂളുകൾ അൺ-എക്കണോമിക് ആയി തുടരുന്നു വെങ്കിലും ഭൂമിശാസ്ത്രപരവും സാമൂഹ്യപരവുമായ കാരണങ്ങളാൽ ഇവ നിലനിർത്തേണ്ടതാണ്.

4. കുട്ടികളുടെ അകലെപോക്കും ചോർച്ചകളും തടയുന്നതിന് പഠന നിലമെച്ചപ്പെടുത്തുകയും 7-ാം ക്ലാസ്സുവരെ എല്ലാ കുട്ടികൾക്കും ഉച്ചക്കഞ്ഞി കൊടുക്കുകയും ചെയ്യുക

5. ചുമരില്ലാത്ത കെട്ടിടങ്ങൾക്ക് ചുമർ കെട്ടുകയും പ്ലാസ്റ്റർ ചെയ്യാത്തവ പ്ലാസ്റ്റർ ചെയ്യുകയും വേണം.

6. സ്കൂൾ ലൈബ്രറി, ലബോറട്ടറി എന്നിവ മെച്ചപ്പെടുത്തുക.

7. ഫർണിച്ചറുകളും പഠനോപകരണങ്ങളും വേണ്ടത്ര ലഭ്യമാക്കുക.

8. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

9. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്കൂൾ കോംപ്ലക്സ് സഹായിക്കുമെന്നതിനാൽ അത് കാര്യക്ഷമമായി നടപ്പിലാക്കുക.

10. കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തുക.

11. കുട്ടികൾക്ക് മെഡിക്കൽ പരിശോധന കർശനവും കാര്യക്ഷമവും ആക്കുക.

12. ഹൈസ്കൂൾ കുട്ടികൾക്ക് ശരിയായ ലൈഗിംക വിദ്യാഭ്യാസം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

13. പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുക.

14. കലാകായിക മത്സരം പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

15. സ്കൂളുകളിൽ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുക.

16. അദ്ധ്യാപകർക്ക് റിഫ്രഷ്ൻ കോഴ്സ് കൊടുക്കാനുള്ള സാഹചര്യം ഒരുക്കുക.

17. കുട്ടികൾക്ക് നോട്ടുബുക്ക് ഉണ്ടാക്കാനുള്ള പരിശീലനം നല്കുക. ഇത് അവരുടെ തൊഴിലിനോടുള്ള ആഭിമുഖ്യവും കൂടാതെ സ്വാശ്രയശീലവും വർദ്ധിക്കും.

18. സ്കൂളുകളിൽ ദൃശ്യമാധ്യമം -ശ്രാവ്യ മാധ്യമം ഇവ ഉപയോഗപ്പെടുത്തി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക.

19. ആരോഗ്യവിദ്യാഭ്യാസ പരിസ്ഥിതി രംഗങ്ങളിൽ മാധ്യമങ്ങളുടെ സേവനം പൊതുജനങ്ങൾക്കും ലഭ്യമാക്കുക.

20. ഉച്ചക്കഞ്ഞിക്കു പൊതുവിപണന കേന്ദ്രങ്ങളിൽനിന്നും സാധനങ്ങൾ അനുവദിക്കുക.

21. സ്കൂളുകളിൽ ഗ്രീൻ ക്ലബുകൾ ആരംഭിക്കുക.

22. കായികപ്രവർത്തനങ്ങൾക്ക് നമ്മുടെ സ്കൂളുകളിൽ വേണ്ടത്ര സാഹചര്യം ഒരുക്കിയാൽ പ്രഗത്ഭരായ കായികതാരങ്ങളെ വളർത്തിയെടുക്കാൻ കഴിയുകയും അവർക്കു തൊഴിൽ സാധ്യത ഉണ്ടാവുകയും ചെയ്യും.

23. അദ്ധ്യാപകവിദ്യാർത്ഥി അനുപാതം താഴെപ്പറയുന്ന വിധം ക്രമീകരിച്ച് കുട്ടികളുടെ പഠനനിലവാരവും അദ്ധ്യാപകരുടെ തൊഴിലും ഉറപ്പുവരുത്തുക.

ക്ലാസ്	അദ്ധ്യാപക വിദ്യാർത്ഥി അനുപാതം
I	1:25
II III IV	1:30
V VI VII	1:35
VIII IX X	1:40

ഉന്നതവിദ്യാഭ്യാസം

ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സൗകര്യം തീരെയില്ല. ഈ വർഷം 1996-97 ഈ പഞ്ചായത്തിലെ സ്കൂളുകളിൽ 425 കുട്ടികൾ എസ്.എസ്.എൽ.സി യ്ക്കു പഠിക്കുന്നുണ്ട്. ഇവർക്ക് പഠനം തുടരാനുള്ള സാഹചര്യം ഇല്ല.

പ്രശ്നങ്ങൾ

1. എസ്.എസ്.എൽ.സി. ജയിക്കുന്ന ഭൂരിഭാഗം വിദ്യാർത്ഥികളും തുടർന്നുള്ള പഠനം നിർത്തേണ്ടിവരുന്നു.
2. ഉയർന്ന സാമ്പത്തിക നിലവാരം ഉള്ളവർക്ക് മാത്രം പുറത്തുപോയി ഉപരിപഠനം നടത്തുവാൻ സാധിക്കുന്നു.
3. പഠനം നിർത്തുന്ന കുട്ടികളിൽ ഭൂരിഭാഗവും ആൺകുട്ടികളാണ്.

സാധ്യതകൾ

1. തൊഴിലധിഷ്ഠിത പ്ലസ് ടൂ കോഴ്സുകൾ എല്ലാ ഹൈസ്കൂളുകളിലും ആരംഭിക്കുക.
2. ഒരു ഡിഗ്രി കോളേജ് ആരംഭിക്കുക.
3. ഒരു പോളിടെക്നിക്, ഐ.ടി.ഐ എന്നിവ ആരംഭിക്കേണ്ടതാണ്.
4. റബ്ബർ പോലുള്ള പ്രാദേശിക അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ചുള്ള വ്യവസായ കോഴ്സുകൾ ആരംഭിക്കണം.
5. ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കുക.

സമാന്തരവിദ്യാഭ്യാസം

സമാന്തരവിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന രണ്ടു കോളേജുകൾ കുടിയാന്മലയിലും ചെമ്പേരിയിലും പ്രവർത്തിക്കുന്നു. ഇവ പ്രധാനമായും പി.ഡി.സി. കോഴ്സുകളാണ് കൊടുക്കുന്നത്. ഡിഗ്രി കോഴ്സുകൾ നാമമാത്രമാണ്. ചെമ്പേരിയിൽ കമ്പ്യൂട്ടറിന്റെ പ്രാഥമിക കോഴ്സുകളും കൊടുക്കുന്നു. കുടിയാന്മലയിലും ചെമ്പേരിയിലും രണ്ട് ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നു.

പ്രശ്നങ്ങൾ (+)

വളരെ ചുരുക്കം കുട്ടികൾക്ക് പഠനസൗകര്യം ഒരുക്കുന്നു.

(-) ഉപരിപഠനം ആഗ്രഹിക്കുന്ന കുട്ടികൾക്ക് നിലവിലുള്ള പഠനസൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്.

സാധ്യതകൾ

1. കൂടുതൽ കുട്ടികൾക്ക് പഠനസൗകര്യം സൃഷ്ടിക്കുക
2. പഠനനിലവാരം മെച്ചപ്പെടുത്തുക.

അനൗപചാരിക വിദ്യാഭ്യാസം

1975-ലെ വയോജന വിദ്യാഭ്യാസ പരിപാടി, 1990-ലെ സമ്പൂർണ്ണ സാക്ഷരതായജ്ഞം എന്നിവ വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് വളരെയധികം സഹായകമായിട്ടുണ്ട്. 1960 കാലഘട്ടത്തിൽ ഹരിജനങ്ങൾക്ക് സാക്ഷരത പകരുന്നതിന് പൂപ്പറമ്പ്, വലിയഅരീക്കമല, എന്നീ സ്ഥലങ്ങളിൽ കർഷകസംഘത്തിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നിരുന്നു. അവരുടെ നേതൃത്വത്തിൽ ആരംഭിച്ച സ്ഥാപനത്തിൽ ശ്രീ. ഇ.കെ.കരുണാകരൻനമ്പ്യാർ, ശ്രീധരൻ മാസ്റ്റർ, കളപ്പുരക്കൽ ശോശാമ്മ എന്നിവർ അദ്ധ്യാപകരായിരുന്നു.

സാദ്ധ്യതകൾ

1. ആധുനിക ദൃശ്യശ്രാവ്യമാദ്ധ്യമങ്ങളുടെ ശരിയായ ഉപയോഗത്തിലൂടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക.
2. സാക്ഷരതാ തുടർ പ്രവർത്തനം അത്യാവശ്യമാണ്.



സംസ്കാരം

ചരിത്രതാളുകളിൽ ആലേഖനം ചെയ്യപ്പെട്ടിട്ടില്ലെങ്കിലുംഏരുവേശ്ശി പഞ്ചായത്തിന് രേഖപ്പെടുത്താൻ നൂറ്റാണ്ടുകളുടെ സാംസ്ക്കാരിക പാരമ്പര്യമുണ്ട്.

ഉത്തരകേരളത്തിലെ പ്രസിദ്ധമായ തീർത്ഥാടനകേന്ദ്രമായ കുന്നത്തൂർപാടിയിലെ ശ്രീ മുത്തപ്പന്റെ ജന്മസ്ഥലമെന്ന് വിശേഷിക്കപ്പെടുന്നത് ഏരുവേശ്ശിയിലാണെന്ന് പറയപ്പെടുന്നു. ശ്രീ മുത്തപ്പനെ കുറിച്ചുള്ള പാട്ടുകളിലും കഥകളിലും പറയുന്ന അയ്യങ്കര ഇല്ലവും തിരുവഞ്ചിറയും ഏരുവേശ്ശിയിലാണെന്നാണ് ഐതിഹ്യം. ഇന്നത്തെ പാടിക്കുറ്റിദേവീ ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലമാണത്. സന്താനങ്ങളില്ലാത്ത അയ്യങ്കര വാഴുന്നവർക്കും പാടിക്കുറ്റി അന്തർജ്ജനത്തിനും ശിവ പാർവ്വതീ പ്രീതിയാൽ ലഭിച്ച മകനാണ് ശ്രീ മുത്തപ്പൻ. പതിവുപോലെ നീരാട്ടിനിറങ്ങിയ പാടിക്കുറ്റി അന്തർജ്ജനത്തിന് മുങ്ങിക്കുളിക്കുന്ന നേരത്ത് തിരുവഞ്ചിറയിൽ നിന്നും മുത്തപ്പനെ ലഭിച്ചുവെന്ന് വിശ്വസിച്ചു പോരുന്നു. അതുകൊണ്ട് തന്നെ ശ്രീ മുത്തപ്പന്റെ ആരൂഢസ്ഥാനമായി ഏരുവേശ്ശി വിശേഷിക്കപെടുന്നു.

പോറ്റമ്മയായ പാടിക്കുറ്റി അന്തർജ്ജനം പാടിക്കുറ്റി അമ്മയാവുകയും കുടിയിരുത്തുന്നതിന് പാടിക്കുറ്റി ഭഗവതി ക്ഷേത്രം നിർമ്മിക്കുകയും ചെയ്തുവെന്നാണ് പുരാണം. ഈ ക്ഷേത്രത്തിന് 450ഓളം വർഷത്തിന്റെ പഴക്കം കണക്കാക്കപ്പെടുന്നു. ആണ്ടു തോറും മീനമാസത്തിലെ പൂരം നാളുകളിൽ ഇവിടെ ഉത്സവം നടത്തുന്നു. തിടമ്പ് ശിരസ്സി

ലേറ്റിയുള്ള തിരുനൃത്തമാണ് പ്രധാന ചടങ്ങ്. നാനാജാതി മതസ്ഥരും ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കാറുണ്ട്.

മുയിപ്ര മുച്ചിലോട്ട് ഭഗവതീ ക്ഷേത്രം, ഏരുവേശ്ശി പുതിയഭഗവതീ ക്ഷേത്രം, ഏരുവേശ്ശി ഗണപതീക്ഷേത്രം എന്നിവ ചിര പുരാതനവും ചരിത്ര പ്രസിദ്ധവുമായ ആരാധനാലയങ്ങളും വിശിഷ്യ സമൂഹത്തിന്റെ പൊതുവായ വികാസത്തിന്റെ സാംസ്ക്കാരിക ഉറവിടങ്ങളുമാണ്. കെട്ടിടങ്ങൾ നാമാവശേഷമായെങ്കിലും ചുഴലി ഭഗവതീക്ഷേത്രം, മൂത്തേടത്ത് അരമന ക്ഷേത്രം, കാഞ്ഞിരങ്ങാട്ട് അമ്പലം തുടങ്ങിയ ക്ഷേത്രങ്ങൾ ഇവിടുത്തെ പ്രധാന ആരാധനാലയങ്ങളാണ്.

ചിറക്കൽ കോവിലകത്തു നിന്നും ഭ്രഷ്ട് കല്പിച്ച് നാടുകടത്തപ്പെട്ട സ്ത്രീക്ക് കുടുംബസ്വത്തായി ലഭിച്ചതാണ് ഏരുവേശ്ശി മുതൽ വൈതൽമലയുടെ താഴ്വാരം വരെ വിസ്തൃതമായ അരമനക്കാട്. ഈ സ്ത്രീയോടൊപ്പം നാടുകടത്തപ്പെട്ട തീയ്യ സമുദായത്തിൽപ്പെട്ട യുവാവാണ് മന്ദനാരെന്നും ഈ ദമ്പതികൾ താമസിക്കുന്നതിന് പണികഴിപ്പിച്ച കോട്ടയാണ് മന്ദനാർ കോട്ടയെന്നും ഇനിയും സ്ഥിതീകരിച്ചിട്ടില്ലാത്ത രേഖകൾ പറയുന്നു. ഏരുവേശ്ശിപ്പുഴയോട് ചേർന്ന് അരമന എന്ന സ്ഥലത്ത് ഏതാനും ശിലാവശിഷ്ടങ്ങളിൽ ഒതുങ്ങുന്ന മന്ദനാർ കോട്ടയ്ക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്.

പഞ്ചായത്തിലെ ജാതി-മതഘടന പരിശോധിച്ചാൽ കഴിഞ്ഞ നൂറ്റാണ്ടിൽ ഹിന്ദുക്കൾ മാത്രമാണ് ഇവിടെ ഉണ്ടായിരുന്നത് എന്ന് കാണാൻ കഴിയും. 1943 കാലഘട്ടത്തിൽ ഉണ്ടായ കുടിയേറ്റം കൃസ്ത്യൻ ജനവിഭാഗങ്ങളുടെ ആവിർഭാവത്തിന് തുടക്കം കുറിച്ചു. ഇതും ഇക്കാലത്ത് ജന്മിത്വത്തിനും നാടുവാഴിത്വത്തിനും എതിരെ നടന്ന ഐതിഹാസികമായ കാവുമ്പായി സമരവും ഈ പ്രദേശത്തെ സാംസ്കാരിക നവോത്ഥാനത്തിന് വഹിച്ച പങ്ക് നിസ്തുലമാണ്. കൃസ്ത്യൻ ജനവിഭാഗത്തിൽപെട്ടവർ വിശ്വാസങ്ങൾക്ക് പ്രഥമ സ്ഥാനം നല്കിയിരുന്നു. ഇവരുടെ കൂട്ടായ്മയുടെ ഫലമായി 1946-ൽ ആദ്യമായി ലൂർദ് മാതാ പള്ളി ചെമ്പേരിയിൽ സ്ഥാപിച്ചു. ഇവിടുത്തെ പെരുന്നാളിന് നാനാജാതി മതസ്ഥർ എത്താറുണ്ട്.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന കർഷകപോരാട്ടങ്ങളെ തുടർന്ന് ഈ വിഭാഗത്തിൽപ്പെട്ട കൂടുതൽ ആളുകൾ കുടിയേറ്റക്കാരായി വരികയും കൂടുതൽ ഇടങ്ങളിൽ ആരാധനാലയങ്ങൾ സ്ഥാപിക്കുകയും ചെയ്തു. നെല്ലിക്കുറ്റി സെൻറ് അഗസ്റ്റ്യൻ ചർച്ച്, ഫാത്തിമാ ചർച്ച് കുടിയാന്മല എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്.

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ മുസ്ലീങ്ങളും ഇവിടെ കുടിയേറി പാർക്കാൻ തുടങ്ങിയിരുന്നു. ഇവരിൽ ഭൂരിഭാഗവും താമസിക്കുന്നത് പൂപ്പറമ്പ് പ്രദേശത്താണ്. ഇവിടെ ഇസ്സത്തുൽ ഇസ്ലാം ജുമാമസ്ജിദ് എന്ന പേരിൽ ഒരു മുസ്ലീം പള്ളി പ്രവർത്തിക്കുന്നു.

ഇന്ന് ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ കൃസ്ത്യാനികൾ 55.2%വും ഹിന്ദുക്കൾ 42%വും മുസ്ലീങ്ങൾ 2.8%വും ആണ്. മതസൗഹാർദ്ദത്തിന്റെ കൊടിക്കൂറ കൂടുതൽ ഉയർത്തിപ്പിടിക്കുന്ന പ്രദേശമാണിത്.

നെൽപ്പാടങ്ങൾ നാണ്യവിളകൾക്ക് വഴി മാറിയതോടെ നാട്ടിപ്പാട്ടുകളും നിലത്തെഴുത്തിന്റെ തിരോധാനത്തോടെ എഴുത്തുപള്ളി ശ്ലോകങ്ങളും കളംപാട്ട് എന്നിവയും കാലഹരണപ്പെട്ടു. ആടി, വേടൻപാട്ട് ഇവയും പാടെ നിന്നു പോയി.

ഇവിടെ കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ മുഖ്യപങ്കു വഹിച്ചിട്ടുള്ളത് ഗ്രന്ഥശാലാപ്രസ്ഥാനമാണ്. ഗ്രന്ഥശാലകൾ നാടിന്റെ വഴിവിളക്കുകളാണ്. ഒരു സർവ്വകലാശാലക്ക് തുല്യമാണ് നല്ല ഒരു ഗ്രന്ഥശാല. പല വകുപ്പുകൾ കൈകാര്യം ചെയ്യുന്ന കലാശാല പോലെയാണ് പലതരത്തിലുള്ള ഗ്രന്ഥങ്ങളോടു കൂടിയ ഗ്രന്ഥശാലകൾ. ഇത്തരം പ്രചോദനങ്ങൾ ഉൾക്കൊണ്ട് കൊണ്ട് വർഷങ്ങൾക്ക് മുൻപ് തന്നെ ഗ്രന്ഥശാലകൾക്ക് നമ്മുടെ പഞ്ചായത്തിലും തുടക്കം കുറിച്ചുട്ടിണ്ട്.

1950-ൽ പൂപ്പറമ്പിൽ പഞ്ചായത്തിലെ ആദ്യത്തെ വായനശാല സ്ഥാപിച്ചു. ഈ സ്ഥാപനമാണ് ഇന്നത്തെ ഗാന്ധീസ്മാരക സി.ആർ.സി. ആൻറ് ഗ്രന്ഥാലയം. കേരളകർഷകസംഘത്തിന്റെ നേതൃത്വത്തിൽ ആണ് ഇത് പ്രവർത്തനം ആരംഭിച്ചത്. ഈ കാലഘട്ടത്തിൽ തന്നെ വലിയഅരീക്കമലയിലും കർഷകസംഘത്തിന്റെ നേതൃത്വത്തിൽ ഒരു വായനശാല ആരംഭിച്ചു. ജനങ്ങളെ വിദ്യാ സമ്പന്നരാക്കുന്നതിൽ ഈ സ്ഥാപനങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്. 1956-ൽ കുടിയേറ്റ കേന്ദ്രമായ ചെമ്പേരിയിൽ ദേശീയ വായനശാല എന്ന പേരിൽ ഒരു ഗ്രന്ഥാലയം സ്ഥാപിച്ചു. ഈ പ്രദേശത്ത് ഒട്ടേറെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഈ സ്ഥാപനം 'നേതൃത്വം നല്കി. ഇന്ന് സാമാന്യം നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഏരുവേശ്ശി യുവജന ക്ലബ് ആൻറ് ഗ്രന്ഥാലയം 1972 മുയിപ്രയിൽ സ്ഥാപിതമായി. 1975 കാലഘട്ടത്തിൽ നടപ്പാക്കിയ വയോജന വിദ്യാഭ്യാസ പരിപാടി ഈ പഞ്ചായത്തിൽ ഏറ്റെടുത്ത് നടത്തുന്നതിന് മുൻകൈയ്യെടുത്ത് പ്രവർത്തിച്ചത് ഈ സ്ഥാപനത്തിന്റെ നേതൃത്വത്തിലായിരുന്നു. സമ്പൂർണ്ണ സാക്ഷരതാ യജ്ഞ പ്രവർത്തനത്തിലും ഈ സ്ഥാപനം മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾ സമൂഹത്തെയും വിദ്യാഭ്യാസ പ്രക്രിയയെയും മുന്നോട്ട് നയിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്.

ഏരുവേശ്ശി പഞ്ചായത്തിൽ 10 ഗ്രന്ഥാലയങ്ങളാണ് ഉള്ളത്. അതിലൊന്ന് പഞ്ചായത്ത് സാംസ്കാരിക നിലയമാണ്. (ഇ.കെ. കുമാരൻമാസ്റ്റർ സ്മാരക മന്ദിരം.) കലാസാഹിത്യപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിൽ ഏരുവേശ്ശി കേന്ദ്രമായി പ്രവർത്തിച്ച ഏരുവേശ്ശി പുരോഗമന കലാസമിതി നിർവഹിച്ച പങ്ക് വിസ്മരിക്കാനാവില്ല. 1955 കാലഘട്ടത്തിൽ നിരവധി നാടകങ്ങൾ കലാസാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിച്ചിരുന്നു.

നമ്മുടെ പഞ്ചായത്തിലെ 7-ാം വാർഡിൽ ഒരു ഗ്രന്ഥാലയമില്ല എന്ന വസ്തുത ഖേദകരമാണ്. മിക്കവാറും ഗ്രന്ഥശാലകളുടെയും പ്രവർത്തനം സജീവമല്ല. കൂടുതൽ വായനക്കാരെ സൃഷ്ടിക്കുന്നതിൽ പരാജയപ്പെടുന്നു.

വിവിധ ക്ലബുകളുടെ അഭിവൃദ്ധിക്ക് പഞ്ചായത്തിന്റെ സഹായം അനിവാര്യമാണെന്ന് കാണുന്നു. അനൗപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിൽ മിക്ക ഗ്രന്ഥാലയങ്ങളും വായനശാലകളും പിറകിലാണെന്നത് ഒരു വസ്തുതയാണ്.

ചുരുക്കിപ്പറഞ്ഞാൽ ഗ്രന്ഥശാലകളുടെ ലക്ഷ്യങ്ങൾ പ്രാവർത്തികമാകുന്നില്ല.

പഞ്ചായത്തിലെ ഗ്രന്ഥശാലകൾ, വായനശാലകൾ സംബന്ധിച്ച പട്ടിക ചുവടെ കൊടുക്കുന്നു.

പട്ടിക-1 ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് ഗ്രന്ഥശാല- വായനശാലകൾ

ക്രമ നമ്പർ	വാർഡ് നമ്പർ	സ്ഥാപനത്തിന്റെ പേരും മേൽവിലാസവും	കെട്ടിടങ്ങളുടെ വിവരം	പുസ്തകങ്ങളുടെ എണ്ണം.
1	I	യുവജനക്ലബ് ആൻറ് ഗ്രന്ഥാലയം, മുയിപ്ര	സ്വന്തം	5500
2	I	ഗാന്ധിമെമ്മോറിയൽ വായനശാല ആൻറ് സി.ആർ.സി. ഗ്രന്ഥാലയം, ചുണ്ടപ്പറമ്പ്	സ്വന്തം	500
3	II	പഞ്ചായത്ത് സാംസ്കാരികനിലയം ഇ.കെ.കുമാരൻമാസ്റ്റർ സ്മാരകമന്ദിരം, എരുവേശ്ശി	സ്വന്തം	300
4	III	ദേശീയ വായനശാല, ചെമ്പേരി	സ്വന്തം	4500
5	IV	സി.ആർ.സി.ഗ്രന്ഥാലയം, പൂപ്പറമ്പ്	സ്വന്തം	2500
6	V	കേരളോദയവായനശാല, നെല്ലിക്കുറ്റി	സ്വന്തം	-
7	VI	റെഡ്സ്റ്റാർ വായനശാല, ചെറിയഅരീക്കമല	സ്വന്തം	-
8	VIII	സിത്താര ലൈബ്രറി ആൻറ് വായനശാല ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, അരീക്കമല	സ്വന്തം	500
9	IX	ഹിൽസ്റ്റാർ ലൈബ്രറി ആൻറ് വായനശാല സ്പോർട്സ് ആൻറ് ആർട്സ് ക്ലബ്, കുടിയാന്മല	സ്വന്തം	3000
10	IX	അനുപമാ ഗ്രന്ഥാലയം ആൻറ് വായനശാല ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, കുടിയാന്മല	സ്വന്തം	600

കലാകായികരംഗത്ത് നമ്മുടെ പഞ്ചായത്തിൽ 15 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. പ്രസ്തുത രംഗങ്ങളിൽ തനതായ പങ്ക് വഹിക്കുന്ന സ്ഥാപനങ്ങൾ വിരളമാണെന്ന് പറയാം. പഞ്ചായത്ത് സംഘടിപ്പിക്കുന്ന കേരളോത്സവം ഒരു പരിധിവരെ ഗ്രാമീണ ജനങ്ങൾക്ക് കലാകായിക കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദിയാണ്. അത് സ്വാഗതാർഹം തന്നെയാണ്. ഇതിന് പ്രോത്സാഹനം കൊടുക്കേണ്ടുന്ന ക്ലബുകൾ വർഷത്തിലൊരിക്കൽ നടത്തുന്ന പദ്ധതിയിലൊതുങ്ങുകയും തുടർന്ന് പ്രോത്സാഹനം നിലയ്ക്കുന്ന രീതിയിലേയ്ക്ക് എത്തിച്ചേരുകയും ചെയ്യുന്നു. ബോധവല്ക്കരണ ക്യാമ്പുകൾ, രക്തനിർണ്ണയ ക്യാമ്പുകൾ, രക്തദാനസേന മുതലായ സാമൂഹ്യ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന ക്ലബുകളും നമ്മുടെ പഞ്ചായത്തിലുണ്ട്.

കലാപ്രവർത്തനങ്ങൾക്ക് സാമൂഹ്യ പ്രതിബദ്ധത നഷ്ടപ്പെട്ടിരിക്കുന്നു. മത്സരങ്ങൾക്ക് വേണ്ടിയുള്ള വേദിയായി കലാരംഗം മാറിക്കൊണ്ടിരിക്കുന്നു. പ്രൊഫഷണൽ സംഘങ്ങളുടെ കുതിച്ചുകയറ്റം അമേച്വർസംഘങ്ങളുടെ തിരോധാനത്തിന് കാരണമായി. തന്മൂലം പ്രാദേശിക കലാരംഗങ്ങളിൽ അവസരം നഷ്ടപ്പെടുന്നു.

കായികരംഗങ്ങളിൽ നിരവധി പ്രതിഭകളെ സൃഷ്ടിക്കാൻ സാധിച്ചിട്ടുള്ള പഞ്ചായത്താണ് ഏരുവേശ്ശി. പുതിയ പ്രതിഭകളെ കണ്ടെത്താനും അവർക്ക് പ്രോത്സാഹനം നല്കുവാനും വേണ്ട സംവിധാനങ്ങളാണ് നമുക്കിന്ന് ആവശ്യം. സ്കൂളുകളിൽ കായികരംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിച്ചാൽ ഒട്ടേറെ പ്രതിഭകളെ വാർത്തെടുക്കാൻ നമുക്ക് കഴിയും. പക്ഷെ സ്ക്കൂളുകളിലെ കായികപരിശീലനം വേണ്ടത്ര സജീവമല്ല.

പഞ്ചായത്തിലെ കലാകായിക സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള പേര് വിവരം താഴെ കൊടുക്കുന്നു.

പട്ടിക 2

ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് കലാകായികസ്ഥാപനങ്ങളുടെ പേര് വിവരം.

ക്രമ നമ്പർ	സ്ഥാപനത്തിന്റെപേരും മേൽവിലാസവും	കെട്ടിടത്തിന്റെ വിവരം	വാർഡ്
1.	എ.കെ.ജി. യൂത്ത്സെന്റർ, മുയിപ്ര	സ്വന്തം	I
2.	സർഗ്ഗ ആർട്സ്, ഏരുവേശ്ശി	വാടക	II
3.	ചൈതന്യ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, ചുണ്ടക്കുന്ന്	സ്വന്തം	II
4.	ഫ്രണ്ട്സ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, വളയംകുണ്ട്	സ്വന്തം	II
5.	ലിബർട്ടി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, പൂപ്പറമ്പ്	വാടക	IV
6.	റെഡ്സ്റ്റാർ യൂത്ത്ക്ലബ്, പൂപ്പറമ്പ്	സ്വന്തം	IV
7.	കോമൺസ്ക്ലബ്, പൂപ്പറമ്പ്	സ്വന്തം	IV
8.	പ്രതിഭാ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, നെല്ലിക്കുറ്റി	സ്വന്തം	V
9.	കൈരളി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, ചെറിയഅരീക്കമല	സ്വന്തം	VI
10	ചൈതന്യക്ലബ്, രത്നഗിരി	വാടക	VII
11.	വിജയാ റിക്രിയേഷൻ ക്ലബ്, മിഡിലാക്കയം	സ്വന്തം	VII
12	സുവർണ്ണാ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, വലിയപറമ്പ്	സ്വന്തം	VII
13.	യുവശക്തി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, തെള്ളിക്കവല	സ്വന്തം	VIII
14.	റെയിൻബോ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, കൊക്കമുള്ള്	വാടക	IX
15.	കലാക്ഷേത്ര, കുടിയാന്മല	വാടക	IX
16.	സഹൃദയ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, കായിലംപാറ	വാടക	VII

മാതൃഭൂമി, ദേശാഭിമാനി, മലയാള മനോരമ, കേരളാകൗമുദി, ദീപിക, മംഗളം, മാധ്യമം മുതലായ മലയാള ദിനപത്രങ്ങൾ ഈ പഞ്ചായത്തിൽ പ്രചരിക്കുന്നുണ്ട്. അപൂർവ്വമായി ഇംഗ്ലീഷ് പത്രങ്ങളുംഉണ്ട്. വിവിധയിനം മാസികകൾ, ആഴ്ചപതിപ്പുകൾ, കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ, യൂറിക്ക പോലുള്ള വിജ്ഞാനപ്രദങ്ങളായ പ്രസിദ്ധീകരണങ്ങൾ എന്നിവയും പ്രചരിക്കുന്നു. പത്രങ്ങളുടെ ലഭ്യതയും ജനസംഖ്യയും താരതമ്യം ചെയ്യുമ്പോൾ ശരാശരി 11 പേർക്ക് 'ഒരു പത്രം' എന്ന തോതിലുണ്ട്.

റേഡിയോ, ടെലിവിഷൻ എന്നിവയും വ്യാപകമായി പ്രചാരത്തിലുണ്ട്. വിദേശമാധ്യമങ്ങളുടെ അനിയന്ത്രിതമായ കടന്നുകയറ്റം നമ്മുടെ സാംസ്കാരിക പൈതൃകത്തെ മലീനസമാക്കുന്നു.

പത്രങ്ങളെ സംബന്ധിച്ചകണക്ക് പട്ടിക-3

ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് പത്രലഭ്യത

ക്രമനമ്പർ	മാധ്യമങ്ങളുടെ പേര്	എണ്ണം
1.	മലയാളമനോരമ	825
2.	മാതൃഭൂമി	425
3.	ദേശാഭിമാനി	130
4.	ദീപിക	120
5.	മംഗളം	60
6.	മാധ്യമം	10
7.	ഇൻഡ്യൻ എക്സ്പ്രസ്സ്	10
8.	കേരളാകൗമുദി	10

പ്രശ്നങ്ങൾ

1. ഗ്രന്ഥശാലകളുടെ പ്രവർത്തനം സജീവമല്ല.
2. വനിതകളും വിദ്യാർത്ഥികളും ഗ്രന്ഥാലയത്തിലെ വായനാസൗകര്യത്തെ വേണ്ടത്ര ഉപയോഗിക്കപ്പെടുത്തുന്നില്ല.
3 വായനയുടെ ആവശ്യകത ബോധ്യപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ നിന്നും ഗ്രന്ഥശാലകൾ പുറകോട്ടു പോകുന്നു.
4. ഗ്രാമീണ കലാകായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നില്ല.
5. പത്രമാസികകൾ എല്ലാ വായനശാലകളിലും വേണ്ടത്ര ഇല്ല.
6. തുടർസാക്ഷരതാ ബോധനം നടക്കുന്നില്ല.
7. ലോവർപ്രൈമറി വിദ്യാലയങ്ങളിൽ പാഠ്യേതര വായനയ്ക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.
8. പഞ്ചായത്തിൽ ഇൻഫർമേഷൻ സെൻറർ ഇല്ല.
9. നാട്ടറിവുകൾ, നാടൻപാട്ടുകൾ എന്നിവ സംരക്ഷിക്കപ്പെടുന്നില്ല.
10. ഗ്രാമീണ തലത്തിൽ കളിസ്ഥലങ്ങളുടെ അഭാവവും കായിക രംഗത്തെ ക്ഷീണിപ്പിക്കുന്നു.
11. ടി.വി തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങൾ സാംസ്കാരിക മലീനികരണം സൃഷ്ടിക്കുന്നു.

സാധ്യതകൾ

1. ഗ്രന്ഥശാലകൾക്ക് ഉപദേശ നിർദ്ദേശത്തിനായി പഞ്ചായത്ത് തലത്തിൽ സമിതി രൂപീകരിക്കുക.
2. സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും ഗ്രന്ഥശാലകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് പുസ്തകങ്ങൾ വീട്ടിലെത്തിക്കുകയും തിരികെ വാങ്ങുകയും ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
3. കലാകായിക രംഗത്തെ ഉന്നമനത്തിനായി പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക.
4. ഗ്രാമീണ തലത്തിൽ കളിസ്ഥലങ്ങൾ ലഭ്യമാക്കുക, നിലവിലുള്ളവ മെച്ചപ്പെടുത്തുക.
5. ജനസംഖ്യാനുപാതികമായി ഗ്രന്ഥശാലകൾ സ്ഥാപിക്കുക
6. നാടൻപാട്ടുകൾ, നാട്ടറിവ് തുടങ്ങിയവ ബന്ധപ്പെട്ട വ്യക്തികളിൽനിന്ന് ശേഖരിച്ച് പ്രിൻറ് ചെയ്ത് ഗ്രന്ഥശാലകൾക്ക് കൈമാറുക.
7. ഇലക്ട്രോണിക് മാധ്യമങ്ങൾ നിയന്ത്രിക്കുക.
8. പഞ്ചായത്താസ്ഥാനമായി ഇൻഫർമേഷൻ സെൻറർ ആരംഭിക്കുക.

പട്ടിക-4

ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് ആരാധനാലയങ്ങളുടെ പേരു വിവരങ്ങൾ

ക്രമ നമ്പർ	ആരാധനാലയങ്ങളുടെ പേര്	സ്ഥിതിചെയ്യുന്ന സ്ഥലം	അവസ്ഥ	വാർഡ്
1.	മുച്ചിലോട്ട് ഭഗവതീക്ഷേത്രം	മുയിപ്ര	-	I
2.	പുതിയഭഗവതിക്കാവ്	ഏരുവേശ്ശി	-	I
3.	കാഞ്ഞിരങ്ങാട്ട്അമ്പലം	ചുണ്ടപ്പറമ്പ്	ജീർണ്ണാവസ്ഥ	I
4.	ചുഴലിഭഗവതിക്ഷേത്രം	ഏരുവേശ്ശി	"	I
5.	മുത്തപ്പൻപൊടിക്കളം	ഏരുവേശ്ശി	"	I
6.	വയനാട്ട്കുലവൻ കോട്ടം	ഏരുവേശ്ശി	"	I
7.	കൂരാരിഅമ്പലം	ഏരുവേശ്ശി	"	I
8.	നെയ്യമൃത്മഠം	ഏരുവേശ്ശി	-	I
9.	പാടിക്കുറ്റി ദേവീക്ഷേത്രം	ഏരുവേശ്ശി	-	II
10.	ഗണപതിക്ഷേത്രം	ഏരുവേശ്ശി ത്തെരുവ്	-	II
11.	പാളത്ത്പൊടിക്കളം	ഏരുവേശ്ശി	-	II
12.	നെല്ലിയോട്ട്പറമ്പ് വിഷ്ണുക്ഷേത്രം	ഏരുവേശ്ശി	ജീർണ്ണാവസ്ഥ	II
13.	കുരിശുപള്ളി	വളയംകുണ്ട്	-	II
14.	ലൂർദ്മാതാ ഫെറോനാപള്ളി	ചെമ്പേരി	-	III
15.	സെൻറ് അഗ്സ്റ്റിൻസ് പള്ളി	നെല്ലിക്കുറ്റി	-	V
16.	കുരിശുപള്ളി,കോട്ടക്കുന്ന്	കോട്ടക്കുന്ന്	-	V
17.	ഇസ്സത്തുൽ ഇസ്ലാം ജുമാമസ്ജുദ്	പൂപ്പറമ്പ്	-	IV
18.	പുതിയഭഗവതിക്ഷേത്രം	പൂപ്പറമ്പ്	-	IV
19.	മുത്തപ്പൻ മഠപ്പുര	പൂപ്പറമ്പ്	-	IV
20.	വീരഭദ്രൻ കാവ്കോട്ടം	ചമതച്ചാൽ	-	IV
21.	മൂത്തേടത്ത് അരമനക്ഷേത്രം	അരമന(പൂപ്പറമ്പ്)	ജീർണ്ണാവസ്ഥ	IV
22.	ശിവക്ഷേത്രം,(ശിവഗിരി)	അരീക്കമല	-	VI
23.	വീരഭദ്രക്ഷേത്രം,	കുനിയംപുഴ	-	VI
24.	യഹോവയുടെ രാജ്യഹാൾ	അരീക്കമല	-	VI
25.	സെൻറ് ജോസഫ് ചർച്ച്	അരീക്കമല	-	VI
26.	സെൻറ് സെബാസ്റ്റ്യൻസ് ചർച്ച്	രത്നഗിരി	-	VII
27.	കുരിശുപള്ളി	വലിയപറമ്പ്	-	VII
28.	സെൻറ് തോമസ് ചർച്ച്	ദീപഗിരി	-	VIII
29.	സെൻറ് തോമസ് ചർച്ച്	വഞ്ചിയം	-	VIII
30.	സുബ്രഹ്മണ്യ ക്ഷേത്രം	തെള്ളിക്കവല	-	VIII
31.	ഫാത്തിമമാതാ ചർച്ച്	കുടിയാന്മല	-	IX
32.	കുരിശുപള്ളി	വഞ്ചിയം	-	VIII



പൊതുജനാരോഗ്യം

ആരോഗ്യമുള്ള ജനത രാഷ്ട്രത്തിന്റെ സമ്പത്താണ്. ആരോഗ്യരംഗത്ത് മാതൃകാസംസ്ഥാനമായ നമുക്ക് ഒരു പാട് നേട്ടങ്ങൾ കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെങ്കിലും ആസൂത്രണത്തിന്റെ പോരായ്മകൾകൊണ്ട് എടുത്തുപറയത്തക്ക പാളിച്ചകളും സംഭവിച്ചിട്ടുണ്ട്. പൊതു ആരോഗ്യസ്ഥാപനങ്ങൾ തകർന്നടിയുന്നു. നിർമ്മാർജ്ജനം ചെയ്തു എന്നവകാശപ്പെടുന്ന പലരോഗങ്ങളും തലയുയർത്തുന്നു. ആരോഗ്യസംരക്ഷണചെലവ് വർദ്ധിച്ചു വരുന്നു. ആരോഗ്യസേവനസംവിധാനം സാധാരണക്കാരന് ഉതകുന്ന വിധത്തിൽ ജനകീയ പങ്കാളിത്തത്തോടെ നമ്മുടെ പഞ്ചായത്തിലും നടപ്പിലാക്കാൻ നമുക്കു കഴിയണം. ഈ ലക്ഷ്യത്തിലേക്കായി ഏരുവേശ്ശി പഞ്ചായത്തിലെ പൊതുജനാരോഗ്യത്തെക്കുറിച്ച് നമുക്ക് പരിശോധിക്കാം.

പാരമ്പര്യരീതിയിലൂടെ പിൻതുടർന്നുവന്ന ആദിവാസി ചികിത്സാരീതി ഏരുവേശ്ശി പഞ്ചായത്തിലെ പലഭാഗങ്ങളിലും ഉണ്ടായിരുന്നു. ഇവർ വിഷചികിത്സയിലായിരുന്നു പ്രാധാന്യം നല്കിയിരുന്നത്. ഈ കാലഘട്ടത്തിൽതന്നെ മറ്റുവിഭാഗക്കാരും ആയുർവ്വേദ ചികിത്സയിൽ ഏർപ്പെട്ടു. ഈ പ്രദേശങ്ങളിലെ അറിയപ്പെടുന്ന ആദ്യത്തെ വൈദ്യൻ എടക്കുവൻ കണ്ണോത്ത് ചെറിയ രാമർകുട്ടി നമ്പ്യാർ ആയിരുന്നു. വിഷചികിത്സയിൽ പ്രാവീണ്യം നേടിയ പരിപ്പായിലെ എടവൻ പുലിക്കാനത്ത് ഗോപാലൻനമ്പ്യാരും ചേപ്പറമ്പിലെ കേളപ്പൻ വൈദ്യരും വിഷചികിത്സയിലും ആയുർവേദ ചികിത്സയിലും പുകൾപ്പെറ്റ പയ്യാവൂരിലെ കൊട്ടയാടൻ രാമൻവൈദ്യരും ഏരുവേശ്ശിയുടെ ആരോഗ്യചരിത്രത്തിൽ ഗണനീയരാണ്.

പ്രസവസംബന്ധമായ ചികിത്സ നടത്തിയിരുന്നത് മലയസമുദായത്തിൽപ്പെട്ട സ്ത്രീകളായിരുന്നു. സൗജന്യമായി, സേവനമായി, മനുഷ്യത്വപരമായിട്ടായിരുന്നു ഇവർ ചികിത്സ നടത്തിയിരുന്നത്.

ആദ്യകാലകുടിയേറ്റഘട്ടത്തിൽ ഇവിടുത്തെ പ്രധാന ആരോഗ്യപ്രശ്നം വസൂരിയും മലമ്പനിയും ആയിരുന്നു. അക്കാലത്ത് വൈദഗ്ധ്യം സിദ്ധിക്കാത്ത ഒരുപാട് നാട്ടുവൈദ്യന്മാർ ചികിത്സ നടത്തിയിരുന്നു. വില്ലേജ് ഓഫീസ് മുഖേന കയിന ഗുളിക നല്കിയും ഹെൽത്ത് ഡിപ്പാർട്ടുമെൻറു വഴി ഡി.ഡി.ടി. തളിച്ചുമായിരുന്നു മലമ്പനിയെ തടഞ്ഞുനിർത്താൻ ശ്രമിച്ചിരുന്നത്.

കേരളത്തിൽ അങ്ങോമിങ്ങോളമുണ്ടായിട്ടുള്ള ആരോഗ്യരംഗത്തെ വളർച്ച ഏരുവേശ്ശി പഞ്ചായത്തിലും കാണാം. ഈ പഞ്ചായത്തിലെ ആദ്യത്തെ മാതൃശിശു സംരക്ഷണ കേന്ദ്രം ചെമ്പേരിയിലാണ് സ്ഥാപിച്ചത്. ഏരുവേശ്ശിയിലും കുടിയാന്മലയിലും റൂറൽ ഡിസ്പെൻസറികളും വലിയഅരീക്കമലയിൽ ഹോമിയോ ഡിസ്പെൻസറിയും ചെറിയഅരീക്കമലയിൽ ആയുർവേദ ആശുപത്രിയും സ്വകാര്യ മേഖലയിൽ വിമലാആശുപത്രിയും ഈ പഞ്ചായത്തിൽ വളരെ കാലമായി പ്രവർത്തിച്ചു വരുന്നു. ഏരുവേശ്ശി, കുടിയാന്മല ഡിസ്പെൻസറികൾ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളായി ഉയർത്തി. സ്വകാര്യ മേഖലയിൽ അലോപ്പതി, ആയുർവേദ രംഗത്ത് കൊട്ടാരം വൈദ്യരുടെയും, ഹോമിയോരംഗത്ത് ഡോ.പി.ടി. വർക്കിയുടെയും സേവനം സ്മരണീയമാണ്.

നിസാരമായ രോഗങ്ങൾക്ക് പോലും ഡോക്ടറെ കാണാൻ പോകുന്ന അവസ്ഥ കൂടി വരുന്ന ഈ കാലഘട്ടത്തിൽ നിർമ്മാർജ്ജനം ചെയ്തു എന്നവകാശപ്പെടുന്ന പല രോഗങ്ങളും തിരിച്ചു വരുന്നു. ചികിത്സയല്ല പ്രധാനം, പ്രതിരോധ പ്രവർത്തനമാണ് ഇന്നത്തെ ആവശ്യം. സമഗ്രക്യാൻസർ നിയന്ത്രണ പദ്ധതി ഏരുവേശ്ശിയിൽ നടപ്പിലാക്കിയത് ശ്ലാഘനീയമാണ്.

ഏരുവേശ്ശി പഞ്ചായത്തിലെ ആകെ ജനസംഖ്യ 17752 ആണ്. ഇവർക്കുള്ള പൊതു ജനാരോഗ്യകേന്ദ്രങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	വാർഡ്	സ്ഥാപനങ്ങളുടെ പേര്	ജീവനക്കാരുടെ എണ്ണം	കെട്ടിടം
1.	I	കുടുംബക്ഷേമഉപകേന്ദ്രം,മുയിപ്ര	1	വാടക
2.	V	കുടുംബക്ഷേമ ഉപകേന്ദ്രം,നെല്ലിക്കുറ്റി	1	വാടക
3.	VI	ഗവ.ആയുർവേദആശുപത്രി,ചെറിയഅരീക്കമല	4	-
4.	VII	കുടുംബക്ഷേമ ഉപകേന്ദ്രം,മിഡിലാക്കയം	1	വാടക
5.	VIII	ഗവ. ഹോമിയോ.ആശുപത്രി,അരീക്കമല	3	സ്വന്തം
6.	IX	പ്രാഥമിക ആരോഗ്യകേന്ദ്രം, കുടിയാന്മല	14	സ്വന്തം
7.	IV	പ്രാഥമിക ആരോഗ്യകേന്ദ്രം, ഏരുവേശ്ശി	13	സ്വന്തം

സർക്കാർ ആരോഗ്യസ്ഥാപനങ്ങൾ

സ്വകാര്യമേഖലയിൽ ആരോഗ്യ ചികിത്സാ രംഗത്ത് 21 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 4 അലോപ്പതി ആശുപത്രികളും 11 ഹോമിയോ ക്ലിനിക്കുകളും 6 ആയുർവേദവൈദ്യശാലകളുമാണ് ഉള്ളത്. ഈ പഞ്ചായത്തിൽ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള രണ്ട് സ്വകാര്യ ആശുപത്രി

യുമുണ്ട്.

ആരോഗ്യകേന്ദ്രങ്ങളുടെ സ്ഥിതി

1. പ്രാഥമികാരോഗ്യകേന്ദ്രം,കുടിയാന്മല

ഈ സ്ഥാപനത്തിന്റെ പ്രവർത്തന പരിധി ഭൂരിഭാഗവും നടുവിൽ പഞ്ചായത്തി നായതിനാൽ ഇതിന്റെ പ്രവർത്തനം ഏരുവേശ്ശി പഞ്ചായത്തിൽ ഒരു വാർഡിൽ ഒതുങ്ങുന്നു. 4 രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടെങ്കിലും ആവശ്യത്തിന് കെട്ടിടവും ജീവനക്കാരും വെള്ളവും ഇല്ലാത്തതിനാൽ രോഗികളെ കിടത്തി ചികിത്സിക്കാൻ സാധിക്കുന്നില്ല.

2. പ്രാഥമിക ആരോഗ്യകേന്ദ്രം ഏരുവേശ്ശി

ഏരുവേശ്ശി പഞ്ചായത്തിലെ ഭൂരി ഭാഗം ജനവിഭാഗങ്ങൾക്കുമുള്ള ആശാകേന്ദ്ര മാണിത്. പി.എച്ച്.സി.യിൽ വളരെക്കാല മായി ഡോക്ടറുടെ സേവനം ലഭ്യമല്ലാ യിരുന്നു. ഇപ്പോൾ ഡോക്ടറുടെ സേവനം ലഭ്യമാണ്. എന്നാൽ ആശുപത്രി വൈദ്യുതീകരിച്ചിട്ടില്ലാത്തതിനാൽ പ്രധാന മരുന്നുകളും രോഗപ്രതിരോധത്തിനുള്ള മരുന്നുകളും സൂക്ഷിക്കാൻ സാധിക്കുന്നില്ല. പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നതു പോലും കൂട്ടുമുഖം പി. എച്ച്.സി.യുമായി ബന്ധപ്പെട്ടാണ്. ആവശ്യത്തിന് ജീവന ക്കാരില്ലാത്തതിനാൽ ആരോഗ്യപ്രവർ ത്തനങ്ങൾ വ്യാപിപ്പിക്കുവാൻ സാധിക്കു ന്നില്ല. ആവശ്യത്തിന് സ്ഥലസൗകര്യങ്ങളോ ശുദ്ധജല വിതരണമോ ഇവിടെ ഇല്ല. 12 കിടക്കകളോടുകൂടിയ ആശുപത്രി കെട്ടിട ത്തിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ

നിലവിലുള്ള 3 ഉപകേന്ദ്രങ്ങൾക്കും സ്വന്തമായി കെട്ടിടവും വൈദ്യുതിയും ഇല്ലാത്തതിനാൽ പ്രവർത്തനം മെച്ചപ്പെടു ത്താൻ കഴിയുന്നില്ല. ആരോഗ്യബോധ വല്ക്കരണ പ്രവർത്തനങ്ങൾ വേണ്ടത്ര ജനങ്ങളിൽ എത്താറില്ല. ആരോഗ്യ പ്രവർത്തനങ്ങളിൽ അംഗൻവാടികൾ സഹകരിക്കാറുണ്ട്. കഴിഞ്ഞ കാലങ്ങളിൽ ഈ 3 ഉപകേന്ദ്രങ്ങളും മയ്യിൽ, ഒടുവള്ളിത്തട്ട്, കുടിയാന്മല പി.എച്ച്.സി. യുടെ കീഴിലായിരുന്നു പ്രവർത്തിച്ചിരു ന്നത്. ആയതിനാൽ പ്രവർത്തനം ഏകോപി ക്കപ്പെട്ടിരുന്നില്ല. 1996 ഏപ്രിലിന് ശേഷം ഏരുവേശ്ശി പി.എച്ച്. സി.യുടെ കീഴിലേക്ക് മാറ്റി.

ഈ പഞ്ചായത്തിലെ 2 പി.എച്ച്.സി. കളിലെയും ഒ.പി.രജിസ്റ്റർ പരിശോധി ച്ചാൽ സ്ത്രീകളും കുട്ടികളുമാണ് കൂടുതൽ ചികിത്സക്കെത്തിയിരുന്നത് എന്ന് കാണാം. സ്ഥിരമായ ഡോക്ടറുടെ സേവനം ലഭ്യമായതിനാൽ ചികിത്സക്കെത്തുന്ന രോഗികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്.

പി.എച്ച്.സി.കളിൽ ചികിത്സ നേടിയവർ

വർഷം	ഒ.പി.എണ്ണം	പുരുഷന്മാർ	സ്ത്രീകൾ	കുട്ടികൾ
1994-95	11662	3499	5249	2914
1995-96	11714	2811	5624	3279

കുട്ടികളുടെ ആരോഗ്യം

ആരോഗ്യമുള്ള കുട്ടികൾ ഭാവി യുടെ വാഗ്ദാനങ്ങളാണ്. രോഗപ്രതിരോധ പ്രവർത്തനത്തിൽ ഏകദേശം 100% വിജയം നേടിയിട്ടുണ്ട്. ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികളിൽ 363 പേരിൽ 360 പേർ പ്രതിരോധ കുത്തിവെയ്പ്പുകൾ എടുത്തിട്ടുണ്ട്. അംഗനവാടി സർവെ പ്രകാരം 5 വയസിനു താഴെ പ്രായമുള്ള 1665 പേർ ഉണ്ട്. ഇതിൽ

അനുപൂരക പോഷകാഹാരം ലഭിച്ചവർ-597.
ഇരുമ്പ്, ഫോളിക് ആസിഡ് ഗുളിക കഴിച്ചവർ-484.
വൈറ്റമിൻ.എ തുള്ളി മരുന്നു ലഭിച്ചവർ-430
ഗുരുതരമായ പോഷകകുറവുള്ളവർ-6.

എന്നിങ്ങനെ കാണുന്നു. ഏറെ കുട്ടികൾ സ്വകാര്യ നേഴ്സറികളെ ആശ്രയിക്കുന്നതും അംഗൻവാടികളിൽ കുട്ടികളെ അയക്കാൻ മടി കാണിക്കുന്നതുമാണ് മേൽപ്പറഞ്ഞ കുറവുകൾക്ക് കാരണം. രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ കേന്ദ്രത്തിലേക്ക് വ്യാപിപ്പിക്കേണ്ടതുണ്ട്.

സ്ത്രീകൾ

ആരോഗ്യമുള്ള സ്ത്രീകൾക്കേ ആരോഗ്യമുള്ള കുഞ്ഞിന് ജന്മം നല്കാൻ സാധിക്കൂ. അതിനാൽ സ്ത്രീകളുടെ ആരോഗ്യം വളരെ പ്രാധാന്യം അർഹിക്കുന്നു. 1996 മാർച്ചുമുതലുള്ള കണക്കനുസരിച്ച്
ആകെ ഗർഭിണികളുടെ എണ്ണം-125
പോഷകാഹാരം ലഭിച്ച ഗർഭിണികൾ-90
പ്രതിരോധ കുത്തിവെപ്പ് എടുത്തിട്ടുള്ള ഗർഭിണികൾ-123
മുലയൂട്ടുന്ന അമ്മമാർ-140
പോഷകാഹാരം ലഭിച്ച അമ്മമാർ-118
മുകളിൽ പറഞ്ഞ വസ്തുത പരിശോധിച്ചാൽ സ്ത്രീകളുടെ ആരോഗ്യശ്രദ്ധയുടെ കാര്യത്തിൽ നാം വളരെ പിന്നിലാണെന്ന് മനസിലാകും.

കുടുംബാസൂത്രണം.

പി.എച്ച്.സി. രേഖകൾ പ്രകാരം 2063 ദമ്പതികളാണുള്ളത്. ഇതിൽ 1798 പേർ വിവിധരീതികളിൽ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവരിൽ ഭൂരിഭാഗവും താല്ക്കാലിക ഗർഭനിരോധന മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്.

പകർച്ചവ്യാധികൾ

വർഷക്കാലങ്ങളിലും വരൾച്ചകാലങ്ങളിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പകർച്ചവ്യാധികൾ വ്യാപിക്കാറുണ്ട്. വയറിളക്കം, വയറുകടി തുടങ്ങിയവയാണ് പ്രധാന രോഗങ്ങൾ. ഇവയ്ക്കു വേണ്ടി ആരോഗ്യകേന്ദ്രങ്ങൾ, അംഗനവാടി എന്നിവിടങ്ങളിലൂടെ ഒ.ആർ.എസ് പാക്കറ്റുകൾ വിതരണം ചെയ്യുന്നു.

കുഷ്ഠരോഗ സർവ്വേപ്രകാരം 5 രോഗികൾ കുഷ്ഠരോഗത്തിനെതിരെ മരുന്നുകൾ കഴിക്കുന്നുണ്ട്. എല്ലാമാസവും 18-ാം തീയതി ഏരുവേശ്ശി പി.എച്ച്.സി.യിൽ വെച്ച് വിദഗ്ധർ ചർമ്മരോഗ ചികിത്സ നടത്താറുണ്ട്. ഏകദേശം 9 ക്ഷയരോഗികൾ ഉണ്ട്. 4 മലമ്പനി രോഗികൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ പി.എച്ച്.സിയിൽനിന്ന് ലഭിച്ച കണക്കുകൾ ഇങ്ങനെ കാണിക്കുന്നു.

വർഷം	ജലജന്യരോഗം	വായുജന്യം	പ്രാണിജന്യം	തൊക്കരോഗം
1994-95	2008	529	9	855
1995-96	1875	964	5	988

ഇതുകൂടാതെ പ്രമേഹരോഗികൾ, ക്യാൻസർ, ഹൃദ്രോഗം എന്നിവയും കണ്ടുവരുന്നു.

മാലിന്യനിർമാർജ്ജനം

നിമ്നോന്നതമായ ഘടനയാണ് ഏരുവേശ്ശി പഞ്ചായത്തിനുള്ളത്. മിക്കവാറും പ്രദേശങ്ങൾ മലനിരകളാണ്. ചരിവു പ്രദേശങ്ങളായതിനാൽ മലിനജലം കെട്ടിക്കിടക്കുന്നത് വളരെ വിരളമാണ്. എന്നാൽ ടൗൺ പ്രദേശങ്ങളിൽ മലിനജലം

കെട്ടിക്കിടക്കുന്നത് ഈച്ച, കൊതുക് മുതലായവയുടെ വളർച്ചയ്ക്കിടയാക്കുന്നു.

മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് സ്ഥിര സംവിധാനത്തിന്റെ അഭാവം രോഗാണുക്കൾ പെരുകുന്നതിനും, വ്യാപിക്കുന്നതിനും സഹായകമാകുന്നുണ്ട്. ലൈസൻസ് ഇല്ലാതെയാണ് വാർഡുകളിൽ അറവുശാലകൾ നടത്തുന്നത്. അതിന്റെ അവശിഷ്ടങ്ങൾ ശരിയായ രീതിയിൽ നിക്ഷേപിക്കുന്നതിനോ പരിസരമലിനീകരണം തടയുന്നതിനോ നടപടി സ്വീകരിക്കാത്തത് ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഗുണമേന്മയുള്ള മത്സ്യ-മാംസങ്ങൾ വില്പന നടത്താത്തതും ആരോഗ്യപ്രശ്നങ്ങൾ തന്നെ.

നമ്മുടെ പഞ്ചായത്തിലെ 60% വീടുകൾക്കും കക്കൂസ് ഇല്ലാ എന്നത് ആരോഗ്യരംഗത്തെ വലിയ വെല്ലുവിളിയാണ്. നിരവധി ആളുകൾ മലവിസർജ്ജനം നടത്തുന്നത് തുറന്ന സ്ഥലത്തും പുഴയരികിലുമാണ്. ബോധവല്ക്കരണത്തിലൂടെയും ചിലവുകുറഞ്ഞ കക്കൂസു കളുടെ വ്യാപനത്തിലൂടെയും ഈ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

വാർഡ്	വീടുകൾ	കക്കൂസ് ഉള്ളവർ	കക്കൂസ് ഇല്ലാത്തവർ
1.	411	210	201
2.	323	81	242
3.	557	418	139
4.	522	156	366
5.	611	300	311
6.	509	153	356
7.	547	192	355
8.	458	184	274
9.	626	439	187
ആകെ	4564	2133	2431

അങ്കണവാടി സർവ്വേ

വാർഡുകളിലെ കണക്കു പ്രകാരം 4564 വീടുകളിൽ 2133 വീടുകൾക്ക് മാത്രമേ കക്കൂസ് ഉള്ളൂ. ബാക്കിയുള്ള 2431 വീടുകളിൽ കക്കൂസ് ഇല്ല. കക്കൂസ് ഇല്ലാത്തതിനാൽ ഈ പഞ്ചായത്തിൽ ഇത്രയേറെ ജലജന്യ രോഗങ്ങളും മറ്റ് സാംക്രമികരോഗങ്ങളും വ്യാപിക്കുന്നതിന്റെ കാരണം. മെച്ചപ്പെട്ട ജനകീയ ആരോഗ്യനയം രൂപീകരിക്കുന്നതിന് ആദ്യം വേണ്ടത് ഓരോ വീട്ടിലും ഓരോ നല്ല കക്കൂസാണ്. ജനകീയ പങ്കാളിത്തത്തോടെ കക്കൂസ് പണിതു കൊടുക്കേണ്ടത് കാലഘട്ടത്തിന്റെ, സമൂഹത്തിന്റെ കടമയാണ്.

പേവിഷബാധ നിർമ്മാർജ്ജനത്തിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. അലഞ്ഞു തിരിയുന്ന പട്ടികളെ കൊല്ലുന്നതിന് സജീവ ശ്രദ്ധ ആവശ്യമാണ്. മൃഗാശുപത്രിയിലെ കണക്കു പ്രകാരം 62 പട്ടികൾക്ക് മാത്രമേ കുത്തിവെയ്പ് നടത്തിയിട്ടുള്ളൂ. ഓരോ വാർഡിലും അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികൾ 50-ൽ ഏറെ വരും.

നിർദ്ദേശങ്ങൾ

1. ഏഴരുവേശ്ശി പി.എച്ച്.സിയിൽ 12 പേരെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുക. ഇത്

മുഴുവൻ ജനങ്ങൾക്കും ഉപയോഗപ്രദമാവുന്ന ഒരു ഗവൺമെൻറ് ആശുപത്രിയായി മാറണം. കാരണം 40 കിലോമീറ്റർ അകലെയാണ് ആശ്രയിക്കാവുന്ന ഒരു സർക്കാർ ആശുപത്രി ഉള്ളത്.

2. പൂപ്പറമ്പ് പി.എച്ച്.സിയിൽ യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ കൊടുക്കുക. എങ്കിൽ മാത്രമേ പ്രതിരോധ പ്രവർത്തനം ഊർജ്ജിതമാക്കാൻ സാധിക്കൂ.

3.ഏരുവേശ്ശി പഞ്ചായത്തിലെകുടിയാന്മല പി.എച്ച്.സിയുടെ പ്രവർത്തനം കാര്യക്ഷമമാകണമെങ്കിൽ അതിൻെറ നിയന്ത്രണം പൂർണ്ണമായും ഏരുവേശ്ശി പഞ്ചായത്തിലേക്ക് മാറ്റണം.

4. എല്ലാ വാർഡുകളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ സ്ഥാപിച്ച് ഇതിൻെറ സഹായത്തോടെ അനുപൂരക പോഷകാഹാരം വിതരണം ചെയ്യണം.

5. ഏരുവേശ്ശി പഞ്ചായത്തിൽ എവിടെയും മെഡിക്കൽ ഷോപ്പ് സൗകര്യം പരിമിതമാണ്.

6. മലേറിയ പോലുള്ള പകർച്ചവ്യാധികൾ വ്യാപിക്കുന്ന ഈ കാലഘട്ടത്തിൽ ഹെൽത്ത് വർക്കർമാരുടെ അഭാവം ശ്രദ്ധിക്കേണ്ടതാണ്. ഓരോ വാർഡിലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെയും ജൂനിയർ പബ്ലിക് ഹെൽത്ത്നേഴ്സ്മാരെയും നിയമിക്കേണ്ടതാണ്. ഇവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഹെൽത്ത് സൂപ്പർവൈസർമാരെയും, ലേഡി ഹെൽത്ത് ഇൻസ്പെക്ടർമാരെയും നിയമിക്കണം.

7. പി.എച്ച്.സി.യിൽ സ്ത്രീകൾക്കും കുട്ടികൾക്കും സ്പെഷലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുക.

8. പി.എച്ച്.സിയിൽ രോഗികൾക്ക് ഇരിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

9. എല്ലാ ടൗണുകളിലും മാലിന്യസംസ്കാര ടാങ്ക് പണിയുക.

10. ഹോട്ടലുകളിലെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് പൊതുടാങ്കുകൾ പണിയുക.

11. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ പൊതുമൂത്രപ്പുര, കക്കൂസ് എന്നിവ പണിയുക.

12. പോഷകാഹാരകുറവ് അനുഭവപ്പെടുന്ന പ്രദേശമായതുകൊണ്ട് അടുക്കളപച്ചക്കറിതോട്ടം ഉണ്ടാക്കുന്നതിന് പരിപാടികൾ ആസൂത്രണം ചെയ്യുക.

13. ഹോട്ടലുകളിലെയും ശീതളപാനീയശാലകളിലേയും ഭക്ഷണപദാർത്ഥ വില്പന ആരോഗ്യനിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കുക.

14. അറവുശാലകളിലെ മാംസം, മത്സ്യം എന്നിവയുടെ ഗുണനിലവാരം പരിശോധനയിലൂടെ ഉറപ്പ് വരുത്തുക. അതായത് പാലിക്കാത്തവരുടെ പേരിൽ ശിക്ഷാനടപടികൾ സ്വീകരിക്കുക.

15. ആയുർവ്വേദ ഔഷധങ്ങളുടെ ലഭ്യതയ്ക്കായി വാർഡുകൾ കേന്ദ്രീകരിച്ചോ പ്രത്യേക പ്രദേശത്തോ ഔഷധ തോട്ടങ്ങൾ നിർമ്മിക്കുക.

16. ആയുർവേദ ആശുപത്രിക്ക് കെട്ടിടം, ജലം എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുക.

17. എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും സ്റ്റാഫ് കാർട്ടേഴ്സ് പണിയുക. എന്നാൽ മാത്രമേ മെച്ചപ്പെട്ട ആരോഗ്യപ്രവർത്തനം നടത്തുന്നതിന് ജീവനക്കാർക്ക് സാധിക്കൂ.

18. ആരോഗ്യകേന്ദ്രങ്ങളിലെല്ലാം ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക.

19. പാവപ്പെട്ടവർക്ക് മുഴുവൻ സൗജന്യമായി, കക്കൂസ് നിർമ്മിച്ച് കൊടുക്കുക. സന്നദ്ധ സംഘടനകളുടെ സഹായം ഇതിന് പ്രയോജനപ്പെടുത്താവുന്നതാണ്.

20. കൊതുക്, ഈച്ച എന്നിവയെ നശിപ്പിക്കുന്നതിന് കിണറുകൾ ക്ലോറിനേറ്റ് ചെയ്യാനുള്ള ജനകീയ പദ്ധതികൾ ആസൂത്രണം ചെയ്യുക.

21. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ആരോഗ്യസംരക്ഷണ സമിതികൾ രൂപീകരിക്കുക.



കുടിവെള്ളം

മനുഷ്യന് വായുകഴിഞ്ഞാൽ ഏറ്റവും അത്യാവശ്യം ജലം തന്നെയാണ്. ലോകത്തിലെവിടെയും എന്നതുപോലെ ഏരുവേശ്ശിയുടെ ചരിത്രവും ജലലഭ്യതയുള്ള പ്രദേശങ്ങളിലാണ് ആരംഭിച്ചത്. പെറിയകുന്നുകൾ, ചരിവുകൾ, മലകൾ, മലമടക്കുകൾ താഴ്വരകൾ, നിരപ്പുകൾ എന്നിവ അടങ്ങുന്നതാണ് നമ്മുടെ പഞ്ചായത്ത്.

കുടിയേറ്റത്തിന്റെ ഫലമായി കാടുകൾ വെട്ടിമാറ്റി. ജലലഭ്യത കണക്കാക്കാതെ ജനവാസം ആരംഭിച്ചു. ഇതിന്റെ ഫലമായി ധാരാളം കിണറുകളും കുളങ്ങളും നിർമ്മിക്കേണ്ടിവന്നു. ആദ്യകാലത്ത് തെരുവ പുല്ല് വാറ്റി തൈലമെടുക്കുന്നതിനുവേണ്ടി മലഞ്ചെരുവുകളിലെ നീരുറവകളിൽ നിന്നും കിലോമീറ്റർ ദൂരത്തിൽ മുളപ്പാത്തികൊണ്ട് വെള്ളമെത്തിച്ചിരുന്നു. പിന്നീട് ഈ സ്ഥാനം പോളിത്തീൻ പൈപ്പുകൾ ഏറ്റെടുത്തു. ഇന്നത്തെ പഞ്ചായത്തിലെ പലവാർഡുകളിലും മലമ്പ്രദേശങ്ങളിലെ നീരുറവകളിൽ നിന്നും റോഡിന്നിരുവശങ്ങളിലൂടെയും മുകളിലൂടെയും മറ്റുമായി നീണ്ടുപോകുന്ന പൈപ്പുകൾ കാണാൻ സാധിക്കും.

ജലക്ഷാമം അനുഭവപ്പെടുന്നതിന് പ്രധാനകാരണം ആസൂത്രണമില്ലാത്ത ജല വിനിയോഗമാണ്. ഏറ്റവും കൂടുതൽ ജലലഭ്യതയുള്ള പ്രദേശമാണ് ഏരുവേശ്ശി പഞ്ചായത്ത്. വൈതൽ മലകളിൽ നിന്ന് ഉത്ഭവിച്ച് ഏരുവേശ്ശി പഞ്ചായത്തിലെ വിവിധഭാഗങ്ങളിൽ കൂടി ഒഴുകി പാറക്കടവ് പുഴയിൽ ചേരുന്ന ഏരുവേശ്ശി പുഴയും, ഇതിനോട് ചേരുന്ന കൊച്ചരുവികളും തോടുകളും കൂടാതെ ചൂണ്ടിയാമലയിൽനിന്ന് ഉത്ഭവിച്ചു് വണ്ണായിക്കടവിൽ പതിക്കുന്ന വലിയൊരു തോടും നമ്മുടെ പഞ്ചായത്തിലെ ജലസ്രോതസ്സുകളാണ്. ഔദ്യോഗിക

മായി 99ഉം അനൗദ്യോഗികമായി 200ൽ ഏറെ പമ്പുസെറ്റുകളും നമ്മുടെ പുഴയോരങ്ങളിൽ കാണാം. ഇതുമൂലം പുഴയിലെ വെള്ളം വറ്റിവരണ്ടുപോകുന്ന അവസ്ഥ സാധാരണമായിരിക്കുന്നു. പുഴയിലെ വെള്ളം വറ്റിവരണ്ടുപോകാത്ത അവസ്ഥ അടുത്തുള്ള കിണറുകളെ സമ്പുഷ്ടമാക്കും. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പുഴകളെ സംരക്ഷിക്കുകയാണ് ആദ്യംവേണ്ടത്.

ഏരുവേശ്ശി പഞ്ചായത്തിലെ പ്രധാന കുടിനീർ സ്രോതസ് കിണറുകളാണ്. മലയോരഭാഗങ്ങളിൽ നീരുറവകളെ ആശ്രയിച്ച് പൈപ്പുവഴിയും കുടിനീർ ശേഖരിക്കുന്നുണ്ട്. ഏരുവേശ്ശി പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുടിനീർ പ്രശ്നങ്ങൾ ഉണ്ട്. ഓരോ വാർഡുകളിലെയും പൊതു കുടിവെള്ള സ്രോതസ്സുകളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമനമ്പർ	വാർഡുകൾ	പൊതുകിണർ	കുഴൽകിണർ	ആകെ
1	I	3+3	-	3+3=6
2	II	0	1	2
3	III	3	2	5
4	IV	6	4	10
5	V	1	2	3
6	VI	3	3	6
7	VII	-	-	-
8	VIII	I	-	I
9	IX	I	-	I

21 കിണറുകളും 12 കുഴൽ കിണറുകളും നമ്മുടെ പഞ്ചായത്തിൽ പണിതിട്ടുണ്ടെങ്കിലും വേനൽക്കാലം വറ്റുന്നവയാണ് 90% കിണറുകളും. കുഴൽകിണറുകൾ ഉപയോഗ്യശൂന്യമായിക്കൊണ്ടിരിക്കുന്നു. കിണറുകളെ ആശ്രയിക്കുന്ന കുടുംബങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

വാർഡ്	ആകെ വീടുകളുടെ എണ്ണം	കിണറുള്ളവരുടെ എണ്ണം	ജലലഭ്യതയില്ലാത്ത വീടുകളുടെ എണ്ണം
1	411	201	210
2	323	238	85
3	557	468	89
4	522	288	234
5	511	315	196
6	609	321	288
7	547	321	226
8	458	249	209
9	626	401	225
	4564	2802	1762

ജനകീയ പങ്കാളിത്തത്തോടെ ജലലഭ്യത ഉണ്ടാക്കാനുള്ള മാർഗ്ഗങ്ങൾ വാർഡുതലങ്ങളിൽ പ്രാവർത്തികമാക്കേണ്ടതാണ്. ഉള്ള കിണറുകളിൽതന്നെ ഏറെയും വേനൽക്കാലങ്ങളിൽ വെള്ളം വറ്റുന്നവയാണ്. 2% കുടുംബങ്ങൾ സ്വകാര്യ കുഴൽ കിണറുകളെ ആശ്രയിക്കുന്നവരാണ്. കൂടാതെ 3%ത്തിൽ ഏറെ ജനങ്ങൾ മല യോരങ്ങളിലെ വറ്റാത്ത നീരുറവകളെ പൈപ്പുകൾ വഴി ആശ്രയിക്കുന്നവരാണ്.

1995-96 ലെ ഏരുവേശ്ശി പഞ്ചായത്ത് PHC കളുടെ കണക്കു പ്രകാരം 1875 പേർക്ക് ജലജന്യരോഗം ബാധിച്ചിട്ടുണ്ട്. കുടിവെള്ളം ശേഖരിക്കുന്നതിനായി 1കി.മി മുതൽ 2കി.മി വരെ സഞ്ചരിക്കേണ്ടി വരുന്ന അവസ്ഥ പല വാർഡുകളിലും കാണുന്നുണ്ട്. ഗ്രാമ സഭകളിലൂടെ - സൂക്ഷ്മ നിരീക്ഷണത്തിലൂടെ കണ്ടുവന്നിട്ടുള്ള അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ചുവടെ കൊടുക്കുന്നു.

മുയിപ്രയിലെ ലക്ഷം വീട് കോളനികൾ, ഇടിപ്പറമ്പ് മുയിപ്ര ടൗൺ, ഏറുമ്പാലക്കരി, കിഴക്കെമൂല, തട്ട്പറമ്പ്, ചുണ്ടക്കുന്ന്, വളയംകുണ്ട്, വടക്കെമൂല, അമ്പലപരിസരം, ചുണ്ടമൂല, അമ്പഴുത്തും ചാൽ, ചെമ്പേരി ടൗൺ, പുറഞ്ഞാൺ, പൂപ്പറമ്പ് കോളനികൾ, അരമന, പൂപ്പറമ്പ് ടൗൺ, പൂപ്പറമ്പ് PHC, കോലടിത്തട്ട്, വെമ്പുവ, പയസ്മൗണ്ട്, ചളിംമ്പറമ്പ്, കിഴക്കേമൂല, മുണ്ടയ്ക്കാം പള്ളി, കുവച്ചിമൈക്കുന്ന്, കോട്ടക്കുന്ന്, വളപ്പിൽ കോളനി, കുനിയമ്പുഴ കോളനി, ഒറ്റപ്പുനം, കാണാമല, പുളിമരം ചീത്ത, ശിവഗിരിഭാഗം, കക്കുംതടം ചെറിയ അരീക്കമല ആയുർവ്വേദ ഡിസ്പെൻസറി, കാണാമല, പുലിയമ്പാറ പ്രദേശം, വലിയപറമ്പ് ഗാന്ധിനഗർ, മിഡിലാക്കയം, വലിയഅരീക്കാമല അമ്പല പരിസരം, വഞ്ച്യം ഹരിജൻ കോളനി, വലിയ അരീക്കാമല സ്കൂൾ, ഹോമിയോ ഡിസ്പെൻസറി, ടൗൺ, പുറത്തൊട്ടിഭാഗം, ചാത്തമല, പുളിയറമ്പ്, കുടിയാന്മല പിഎച്ച്സി, മാങ്കുളം, മിഡിലാക്കയം സ്കൂൾ.

നിർദ്ദേശങ്ങൾ

1 എരുത്ത്കടവ് പുഴയിൽ ചെക്ക്ഡാം കെട്ടി ടാങ്ക് പണിത് ഒന്നാം വാർഡിലും പരിസരത്തും വെള്ളമെത്തിക്കാം. അമ്പലക്കുളം വികസിപ്പിച്ച് മുയിപ്ര, ലക്ഷം വീട് കോളനികളിൽ വെള്ളമെത്തിക്കാം. വെള്ളരിക്കുണ്ടിലെ നീരുറവ, ഇടിപ്പറമ്പ് കരിയിലെ നീരുറവ തുടങ്ങിയവ വികസിപ്പിച്ച് പൈപ്പുകൾ മാത്രമുപയോഗിച്ച് കുടിനീർ ലഭ്യത ഉറപ്പാക്കാം. ഏറുമ്പാലക്കരിഭാഗത്ത് വെള്ളമെത്തിക്കുന്നതിന് അമ്പലക്കിണർ വികസിപ്പിച്ചാൽ സാധിക്കും. മുയിപ്ര ലക്ഷം വീട് കോളനിയിൽ പാസായിട്ടുള്ള കുഴൽ കിണർ അടിയന്തിരമായി സ്ഥാപിക്കുക.

2 തട്ടുപറമ്പിലെ കുഴൽകിണറിന്റെ പൈപ്പ് മാറ്റി മോട്ടോർ ഘടിപ്പിച്ച് വെള്ളം സ്റ്റോർ ചെയ്ത് വിതരണം ചെയ്യുക. ഒടയൻ പ്ളാവിൽ പൊതുകിണർ പണിത് വളയംകുണ്ട് ഭാഗത്തെ കുടിനീർ ക്ഷാമം പരിഹരിക്കാം.

3 അമ്പഴത്തുംചാൽ ശുദ്ധജല വിതരണ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുക. മുല്ലക്കരിഭാഗത്ത് കുളം കുഴിച്ചും ചെക്ക്ഡാം നിർമ്മിച്ചും പുറഞ്ഞാൺ ഭാഗത്ത് കുടിവെള്ളമെത്തിക്കാം. കുഴക്കി കയത്തിൽ ചെക്ക്ഡാമും, കിണറും നിർമ്മിച്ച് 3ാം വാർഡിലും പരിസരത്തിലും കുടിവെള്ളം എത്തിക്കാം.

4 കോലടിത്തട്ട്, വെമ്പുവ, കിഴക്കേമൂല, കൂവച്ചിക്കവല, വെറ്റില ക്കൊടി, മൈക്കുന്ന്, പയസ്മൗണ്ട്, മുണ്ടയ്ക്കാം

പളളി, ചളിംപറമ്പ് പ്രദേശങ്ങളിൽ കുഴൽകിണർ സ്ഥാപിക്കാം.

5 ആറാം വാർഡിലെ ഉയർന്നഭാഗത്ത് വെളളം കണ്ടെത്തി പൈപ്പുകൾ വഴി വാർഡുമുഴുവൻ ജലദൗർലഭ്യം പരിഹരിക്കാം. കുറിയമ്പുഴയിൽ കുത്തിയകുളത്തിൽ നിന്നും ജലവിതരണം നടത്തി ജലക്ഷാമം ഒരുപരിധിവരെ പരിഹരിക്കാം.

6 എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ജലവിതരണം സാധ്യമാക്കുക.

7 ചെമ്പോട്ടിതോട്, കാണാമലത്തോട് എന്നിവിടങ്ങളിൽ ചെക്ക്ഡാം കെട്ടി കുടിവെളള ക്ഷാമം പരിഹരിക്കാം.

8 വഞ്ചിയം ഹരിജൻ കോളനിയിൽ കുളം നിർമ്മിച്ച് ശുദ്ധജല വിതരണ പദ്ധതി സാധ്യമാക്കാം. അരീക്കാമല സ്കൂൾ ഗ്രൗണ്ടിൽ കിണർ നിർമ്മിച്ച് ടൗണിലും ഹോമിയോ ഡിസ്പെൻസറിയിലും വെളളമെത്തിക്കാം.

9 പുളിയമ്പറമ്പിൽ ഭാഗത്ത് ഒരു പൊതുകിണർ സ്ഥാപിക്കുക. മാങ്കുളം ഹരിജൻ കോളനിയിലെ നീരുറവ വികസിപ്പിച്ച് ശുദ്ധജല സംവിധാനം വ്യാപകമാക്കുക. കുടിയാന്മല PHC യിൽ ജലലഭ്യത ഉറപ്പ് വരുത്തുക.

10 സ്വന്തം സ്ഥലങ്ങളിൽ കുഴികൾ കുത്തിയും പുഴകളിൽ തടയിണകൾ കെട്ടിയും വെളളം സംഭരിക്കുന്നതിന് ജനകീയ പദ്ധതികൾ ആസൂത്രണം ചെയ്യുകയാണെങ്കിൽ വേനൽ ക്കാലങ്ങളിൽ വറ്റിപ്പോകുന്ന കിണറുകളിലെ വെളളം എല്ലാക്കാലത്തും ലഭ്യമാക്കാൻ സാധിക്കും.





സാമൂഹ്യ ക്ഷേമം

ഈ പഞ്ചായത്തിൽ ആദ്യകാല നിവാസികൾ ജന്മി നാടുവാഴിത്ത വ്യവസ്ഥയുടെ ദുരന്തങ്ങൾ അനുഭവിച്ചവരായിരുന്നു. 1940 കളിൽ കുടിയേറ്റക്കാരുടെ വരവോടെ കൃഷിയിടങ്ങൾ പെരുകുകയും ജനവാസം കൂടുകയും ചെയ്തു. പട്ടിണിയും രോഗവും മൂലം അനവധിപേർ മരണമടഞ്ഞിരുന്നു. രോഗികളെ കാൽനടയായി തളിപ്പറമ്പിൽ എത്തിക്കുന്ന സ്ഥിതിയായിരുന്നു ഉണ്ടായിരുന്നത്. സ്ക്കൂളുകൾ, പള്ളികൾ ഇവ ഉണ്ടായതോടെ റോഡുകളും യാത്രാസൗകര്യവും ഉണ്ടായി. 1954ൽ വികസനബ്ലോക്കുകൾ നിലവിൽ വന്നു. ഇരിക്കൂർ എൻ.ഇ.എസ് ബ്ലോക്കിന്റെ കീഴിൽ പല വികസന പ്രവർത്തനങ്ങളും നടന്നിരുന്നു. പിന്നീട് കൃഷിഭവൻ, സാമൂഹ്യക്ഷേമവകുപ്പ്, റവന്യുവകുപ്പ് - ഗ്രാമ വികസനവകുപ്പ്, ഗ്രാമ പഞ്ചായത്ത് എന്നിവയുടെ നേതൃത്വം സാമൂഹ്യക്ഷേമ രംഗത്തുണ്ടായി. ക്ഷേമ പദ്ധതികളിൽ 1979-80 കളിൽ ആരംഭിച്ച IRDP സഹായം വിവിധ ധനകാര്യ സ്ഥാപനങ്ങൾ വഴി നടപ്പാക്കിവരുന്നു. നാളിതുവരെ 853 കുടുംബങ്ങളിൽ സഹായം എത്തിച്ചിട്ടുണ്ട്. അതിൽ 208 കുടുംബങ്ങൾ പട്ടികജാതിക്കാരാണ്. 1992 ൽ IRDP സർവ്വേ പ്രകാരം 1051 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയാണെന്ന് കണക്കുകൾ കാണിക്കുന്നു.

8-ാം പദ്ധതിയിൽ IRDP പദ്ധതിപ്രകാരം സഹായം ലഭിച്ചവരുടെ കണക്കുകൾ പട്ടികയിൽ പെടുത്തുന്നു.

വർഷം	പട്ടികജാതി	മറ്റുള്ളവർ	ആകെ	സബ്സിഡി	വായ്പ
92 - 93	25	16	41	88963	158467
93 - 94	15	13	28	70310	99100
94 - 95	16	21	37	151710	359790
95 - 96	6	13	19	81257	32417
ആകെ	62	63	125	392240	649774

DWCRA (ഗ്രാമീണ വനിതാ ശിശുവികസന പരിപാടി) - IRDP യുടെ അനുബന്ധ പരിപാടിയാണ്. ഇതനുസരിച്ച് രണ്ട് യൂണിറ്റിന് സഹായം ചെയ്തിട്ടുണ്ട്. (മുയിപ്ര ഡയറി, - പൂപ്പറമ്പ് ജെല്ലി) പൂപ്പറമ്പിൽ ഉള്ള ജെല്ലിയൂണിറ്റ് - പ്രവർത്തനക്ഷമമല്ല. ട്രൈസം പരിശീലന പദ്ധതിപ്രകാരം രണ്ട് പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. അവർ പരിശീലനം ലഭിച്ച സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടില്ല.

R.A.P പദ്ധതിപ്രകാരം 5 പേർക്ക് വിവിധ തൊഴിൽ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലെ തൊഴിൽ രഹിതരായ ദരിദ്രജനവിഭാഗങ്ങൾക്ക് തൊഴിൽ നൽകുന്ന JRY പദ്ധതിയിൽ (ഗ്രാമപഞ്ചായത്ത് വഴിയും, ബ്ളോക്ക് പഞ്ചായത്ത് വഴിയും) വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു.

റവന്യു വകുപ്പ് മുഖേന വിവിധ പെൻഷൻ പദ്ധതികൾ നടപ്പാക്കിവരുന്നു. വാർദ്ധക്യകാല പെൻഷൻ നൽകുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിനാണ്. വിവിധ പെൻഷൻ ലഭിക്കുന്നവരുടെ കണക്കുകൾ താഴെ കൊടുക്കുന്നു.

വിധവ പെൻഷൻ - 35
വികലാംഗ പെൻഷൻ - 4
വാർദ്ധക്യകാല പെൻഷൻ - 7
ക്യാൻസർ രോഗ പെൻഷൻ - 1
ക്ഷയരോഗ പെൻഷൻ - 8
കർഷകതൊഴിലാളി പെൻഷൻ - 144

(ദ്വിതീയ വിവരം ഗ്രാമസഭ)

എംപ്ളോയ്മെൻറ് എക്സ്ചേഞ്ച് വഴി 24 പേർക്ക് തൊഴിലില്ലായ്മ വേതനം കൊടുക്കുന്നു.

CRSP (കേന്ദ്ര ഗ്രാമ ശുചിത്വ പരിപാടി) പദ്ധതിപ്രകാരം 24 പേർക്ക് കക്കൂസ് അനുവദിച്ചിട്ടുണ്ട്. അതുകൂടാതെ വിവിധ ഭവന നിർമ്മാണ പദ്ധതികളോടൊപ്പവും സാനിറ്ററേഷൻ പരിപാടികൾ - നടപ്പാക്കിയിട്ടുണ്ട്.

I.C.D.S പദ്ധതിയനുസരിച്ച് 9 വാർഡുകളിലായി 18 അംഗൻവാടികൾ പ്രവർത്തിക്കുന്നു.

വാർഡുതിരിച്ച് പട്ടിക താഴെ കൊടുക്കുന്നു.

വാർഡ്	1	2	3	4	5	6	7	8	9	ആകെ
എണ്ണം	2	2	1	2	3	2	1	3	2	18

അംഗൻവാടികളോടനുബന്ധിച്ച് മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നു.

ഈ പഞ്ചായത്തിൽ 8 പൊതു വിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. മാവേലി സ്റ്റോറുകളോ, കൺസ്യൂമർ സ്റ്റോറുകളോ ഇവിടെ പ്രവർത്തിക്കുന്നില്ല.

പ്രശ്നങ്ങൾ

1 IRDP പദ്ധതി പ്രകാരം ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടി ഏറ്റെടുക്കുവാൻ ഗുണഭോക്താക്കൾ തയ്യാറല്ല.

2 വിവിധ പദ്ധതികളിൽ നിന്നു ലഭിക്കുന്ന തുക ഉപയോഗിച്ച് പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടത്താൻ ജനങ്ങൾ തയ്യാറല്ല.

3 CRSP പദ്ധതിപ്രകാരം അപേക്ഷകർ കൂടുതലുണ്ടെങ്കിലും അതനുസരിച്ച് അലോട്ട്മെൻറ് ലഭിക്കുന്നില്ല. ഈ രംഗത്ത് നൽകുന്ന 2000 രൂപ അപര്യാപ്തമാണ്.

4 DWCRA പ്രകാരം വേണ്ട വനിതകളുടെ എണ്ണം 10 ആണ് എന്നത് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഉത്തരവാദിത്വം ഏറ്റെടുത്ത് നടത്തുവാൻ തയ്യാറുള്ളവരില്ല. ഉല്പന്നങ്ങൾക്ക് വിപണികൾ ലഭ്യമല്ല.

5 ട്രൈസം പദ്ധതിപ്രകാരം തൊഴിൽ പരിശീലനം നേടിക്കഴിഞ്ഞാൽ തൊഴിൽ പരിശീലനം നേടിയ വകുപ്പിൽ തൊഴിൽ ചെയ്യാൻ വിമുഖത കാട്ടുന്നു.

6 നിലവിലുള്ള അംഗൻവാടികളിൽ 3 എണ്ണത്തിനു മാത്രമേ കെട്ടിടം ഉള്ളൂ. അംഗൻവാടികളിൽ കളിപ്പാട്ടങ്ങളും, പാചക ഉപകരണങ്ങളും, കുടിവെള്ളവും, കക്കൂസും വേണ്ടത്ര ഇല്ല.

7 അംഗനവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ തൃപ്തികരമല്ല. അർഹതപ്പെട്ടവർക്ക് പെൻഷൻ ലഭിക്കുന്നില്ല.

8 ന്യായമായ വിലയ്ക്കു സാധനങ്ങൾ ലഭിക്കുന്നില്ല

9 പൊതുവിതരണകേന്ദ്രത്തിലേക്കു വളരെദൂരം സഞ്ചരിക്കേണ്ടുന്നവർ ഈ പഞ്ചായത്തിലുണ്ട്.

നിർദ്ദേശങ്ങൾ

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ആവിഷ്കരിച്ചിട്ടുള്ള ക്ഷേമപദ്ധതികൾ ഏതെന്ന് അവലംബിക്കുന്നതിനുള്ള ഏജൻസികൾ ഏതെന്നും - ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗ്യതയും സംബന്ധിച്ചുള്ള വിവരങ്ങൾ സാമൂഹ്യ സന്നദ്ധ സംഘടനാ പ്രവർത്തകർക്ക് ആവശ്യമാണ്. ഇതിനാവശ്യമായ ബോധവൽക്കരണം ഗ്രാമതലത്തിൽ നടത്തണം. C.R.S.P സ്കീം പ്രകാരം നൽകപ്പെടുന്ന 2000 രൂപ 5000 ആയി വർദ്ധിപ്പിക്കണം.

മഹിളാസമാജത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള ബഹുജന പിൻതുണ നൽകുക - പഞ്ചായത്ത് ലെവൽ മഹിളാ യൂണിറ്റിന്റെ പ്രവർത്തനം ഈ രംഗത്ത് അഭികാമ്യമാണ്. DWCRA യൂണിറ്റുകളുടെ പ്രവർത്തനം ഏറ്റെടുക്കുന്നതിന് വനിതകളെ പ്രോത്സാഹിപ്പിക്കണം. ഇതിലുള്ള ഗ്രൂപ്പിലെ എണ്ണം 10 ൽ നിന്ന് 5 ആയി കുറയ്ക്കുക. സ്വയം തൊഴിൽ കണ്ടെത്താൻ യുവതീയുവാക്കളെ പ്രോത്സാഹിപ്പിക്കുക.

അങ്കനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കെട്ടിടമില്ലാത്ത അങ്കനവാടികൾക്ക് സ്ഥിരം കെട്ടിടവും മറ്റു പ്രാഥമിക സൗകര്യവും നടപ്പാക്കണം.

C.R.S.P പദ്ധതിപ്രകാരം ആവശ്യമായ എല്ലാവർക്കും ധനസഹായം നൽകുക.

പഞ്ചായത്തിൽ മാവേലി സ്റ്റോറ് സ്ഥാപിക്കണം.

കൂടുതൻ പൊതു വിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കണം.

പഞ്ചായത്ത് മേൻനോട്ടത്തിൽ പ്രധാനകേന്ദ്രങ്ങളായ (ചെമ്പേരി, കുടിയാൻമല) എന്നിവിടങ്ങളിൽ സാനിറ്ററി കോംപ്ലക്സ് പണിയുക.

ക്ഷേമ പെൻഷനുകൾ നടപ്പാക്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിനു കൈമാറണം.

ഏകജാലക സംവിധാനം (ആരോഗ്യ - സാമൂഹ്യ- ക്ഷേമ, സാമ്പത്തിക, സഹകരണ, മേഖലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക) ഏർപ്പെടുത്തുക.

ലഹരി വിരുദ്ധ പ്രചരണ പ്രവർത്തനങ്ങൾ നടത്തുക.





പാർപ്പിടം

പാർപ്പിട സൗകര്യങ്ങളുടെ കാര്യത്തിൽ ഏരുവേശ്ശി പഞ്ചായത്ത് വളരെ പിന്നോക്കമാണ്. ലക്ഷ്യം കൈവരിക്കാൻ വളരെ ശ്രമകരവും ശ്രദ്ധാപൂർവ്വവുമായ പ്രവർത്തനം ആവശ്യമാണ്. 4564 വീടുകൾ ഈ പഞ്ചായത്തിലുണ്ട്. അവയുടെ സ്ഥിതി വിവരക്കണക്കുകൾ താഴെകൊടുക്കുന്നു.

വാർഡ്	ഇരുനിലക്കെട്ടിടം/ വാർപ്പ്	ഓട്	കുടിൽ(ഓട്,ഓല)	ലക്ഷംവീട്	ആകെ
1	22	212	165	12	411
2	27	146	150		323
3	56	372	129		557
4	9	284	219	10	522
5	18	374	219		611
6	13	185	311		509
7	26	300	221		547
8	18	229	211		458
9	11	427	188		626
ആകെ	200	2529	1813	22	4564

നിലവിലുള്ള വീടുകൾ മിക്കവയും ഓടിട്ടവയാണ്. ഓലയും ഓടും ഉപയോഗിച്ച കുടിലുകളും കാണുന്നു.

അൻപതു വർഷം മുൻപ് ഈ പഞ്ചായത്തിൽ നിവാസികൾ കുറവായിരുന്നു. ഏരുവേശ്ശി, മുയിപ്ര, പൂപ്പറമ്പ് എന്നിവിടങ്ങളിലും, ചെറിയ അരീക്കമല, ചമതച്ചാൽ, വലിയ അരീക്കമല എന്നിവിടങ്ങളിലും മാത്രമാണ് താമസക്കാരുണ്ടായിരുന്നത്. അന്നുണ്ടായിരുന്ന വീടുകൾ ഭൂരിഭാഗവും കാട്ടുമരക്കൊമ്പും, മുളയും, പുല്ലും (കിടാരി) ഉപയോഗിച്ചുള്ളവയായിരുന്നു. ചിലവീടുകൾ മാടോടുകൾ ഉപയോഗിച്ചും ഉണ്ടായിരുന്നു.

കുടിയേറ്റകർഷകർ വന്നതോടെ നിവാസികളുടെ എണ്ണം വർദ്ധിച്ചു. അവരും കുടിലുകൾ കെട്ടി കൃഷിയിടങ്ങളിൽ താമസമാക്കി. ഇന്നുള്ള വീടുകളിൽ 95%വും ഓടുമേഞ്ഞവയാണ്. കുടിലുകൾ പോലും ഓടു മേഞ്ഞവയാണെന്ന് കണക്കുകൾ കാണിക്കുന്നു. പുല്ല് കിട്ടാനില്ല, ഓല ഉപയോഗയോഗ്യമാക്കാൻ പ്രയാസം, കാലാകാലങ്ങളിൽ കെട്ടിമേയുന്നതിനുള്ള പ്രയാസം, സാമ്പത്തിക നേട്ടം എന്നിവയാണ് ഈമാറ്റത്തിന് കാരണം. ഇന്നുള്ള മിക്ക വീടുകളുടെയും ഭിത്തി മൺകട്ട (ചുട്ടതും, ചുടാത്തതും)യാണ്. തറ മണ്ണാണ്. സിമൻറ്, മാർബിൾ, കടപ്പ, മൊസയ്ക്ക്, എന്നിവയും കാണുന്നുണ്ട്. മരം മിതമായ വിലക്ക് കിട്ടാനില്ല. വർദ്ധിച്ച കൂലിചിലവും, വൈദഗ്ദ്യം ഉള്ള തൊഴിലാളികളുടെ കുറവു കൊണ്ടും ഇന്നത്തെ പുതിയ വീടുകൾ മിക്കതും മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നു. നമ്മുടെ കാലാവസ്ഥയ്ക്ക് യോജിച്ചത് ഓലയും ഓടും തടിയും കൊണ്ടുനിർമ്മിക്കുന്നവയാണ്. ഈ പഞ്ചായത്തിൽ ചെങ്കല്ല് സുലഭമാണ്. കരിങ്കല്ല് ക്വാറികളും ഉണ്ട്.

വാടകവീടുകളിൽ താമസിക്കുന്നവർ വിരളമാണ്. ഒൻപത് ആദിവാസി കോളനികളും നാല് ലക്ഷം വീട് കോളനികളും ഈ പഞ്ചായത്തിലുണ്ട്. ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ രീതികൾ ഒന്നും നടപ്പായിട്ടില്ല.

സർക്കാർ സഹായത്താൽ നിർമ്മിച്ച വീടുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

വർഷം	RLEGP	NREP	JRY	IAY	MWS	ആകെ
85-86	15					15
86-87		5				5
87-88						
88-89	20	12				32
89-90				10		10
90-91			5		12	17
91-92			9	1	3	13
92-93			6	15	5	26
93-94			9		5	14
94-95			2	1		3
95-96			8	2		10
ആകെ.	35	17	39	29	25	145

ഇവ കൂടാതെ കൈരളി ഭവന നിർമ്മാണ പദ്ധതിപ്രകാരം 16 വീടുകളും പുനരധിവാസ ഭവണനിർമ്മാണ പദ്ധതി പ്രകാരം 210 വീടുകളും നിർമ്മിച്ചിട്ടുണ്ട് ക്രിസ്ത്യൻ ഭക്ത സംഘടനകൾ വഴിയും വീടുകൾ നിർമ്മിച്ച് പാവപ്പെട്ടവർക്ക് നൽകിവരുന്നു. ക്രിസ്ത്യൻ പള്ളികളുടെ നേതൃത്വത്തിൽ ക്രെഡിറ്റ് യൂണിയൻ സംഘടനകൾ വഴി വായ്പ നൽകിയും വീടുകൾ സാധുജനങ്ങൾക്ക് ജാതിമത ഭേദമന്യേ നിർമ്മിച്ചുവരുന്നു. ഈരംഗത്ത് ഏരുവേശ്ശി യുവജനക്ലബ്ബിന്റെ പങ്ക് സ്മരണീയമാണ്. ഇന്ന് നിലവിലുള്ള നിർമ്മാണ തൊഴിലാളികളുടെ കൂലി നിരക്ക് ചുവടെ ചേർക്കുന്നു.

	കൈപ്പണി	തേപ്പ്	ആശാരി	കോൺക്രീറ്റ്
സ്ത്രീ	80			100
പുരു.	100	125	125	150

സ്ത്രീ തൊഴിലാളികൾക്ക് ഒരേ ജോലിക്ക് കുറഞ്ഞ കൂലി ലഭിക്കുന്നതായി കാണുന്നു.

പ്രശ്നങ്ങൾ

മഴക്കാലത്ത് മലയോര റോഡുകൾ മിക്കതും സഞ്ചാരയോഗ്യമല്ലാതാകുന്നതിനാൽ നിർമ്മാണ ചെലവ് അധികരിക്കുന്നു. വേനൽക്കാലത്ത് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ തരപ്പെടുന്നുള്ളൂ.

ഭവന നിർമ്മാണ രംഗത്ത് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള സങ്കീർണ്ണതയും ജാമ്യ വ്യവസ്ഥയിൽ ഉള്ള ബുദ്ധിമുട്ടുകളും.

പുനരധിവാസ ഭവനനിർമ്മാണം, മൈത്രി ഭവന നിർമ്മാണം, രാജീവ് ദശലക്ഷം വീട്, എന്നീ ഭവന നിർമ്മാണ പദ്ധതികളുടെ അപര്യാപ്തത.

ഇന്ന് ഭവന നിർമ്മാണ രംഗത്ത് നിലനിൽക്കുന്ന അധികചെലവ്.

ചെലവ് കുറഞ്ഞ ഭവന നിർമ്മണ പദ്ധതികളുടെ പ്രചാരമില്ലായ്മ.

നിർമ്മാണ സാമഗ്രികളുടെ അധിക വില.

ഭവന നിർമ്മാണ രംഗത്ത് സഹകരണ സംഘടനകളുടെ ഇല്ലായ്മ.

നിർദ്ദേശങ്ങൾ

പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ - സഹകരണ സംഘം രൂപീകരിക്കുക.

നിർമ്മാണ സാമഗ്രികൾ സിവിൽ സപ്ലൈസ് ഇടപെട്ട് വിതരണം ചെയ്യുക.

നിർമ്മാണ ചെലവ് കൂടിയ വീടുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക (5 ലക്ഷത്തിനുമേൽ)

വായ്പ ലഭ്യമാക്കുന്നതിനുള്ള സങ്കീർണ്ണത ഒഴിവാക്കുക.

നിർമ്മിതി കേന്ദ്രയൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കുകയും ചെലവു കുറഞ്ഞ വീടുകൾക്ക് പ്രചാരണം നൽകുകയും ചെയ്യുക.

ഭവന നിർമ്മാണ വായ്പ തുക വർദ്ധിപ്പിക്കുക.

ഭവന രഹിതരായ ഭൂരഹിതർക്ക് ഭൂമി പതിച്ചുനൽകുകയും വീടുനിർമ്മിക്കാൻ സഹായം നൽകുകയും ചെയ്യുക. ഇങ്ങനെ നൽകുന്നവരിൽ അനധികൃതമായി ഭൂമി കൈമാറ്റം ചെയ്യുന്നവർ ഉണ്ടെങ്കിൽ അവർക്കെതിരെ പഞ്ചായത്ത് നടപടി സ്വീകരിക്കുക.

പഞ്ചായത്ത് തലത്തിൽ ലേബർ കോൺട്രാക്ട്-സൊസൈറ്റി രൂപീകരിക്കുക (മരപ്പണി, കല്ല്, വാർപ്പ്, പെയ്ൻറിംങ്ങ്).

പട്ടികജാതി കോളനികളിൽ നടപ്പാക്കിയിട്ടുള്ള പാർപ്പിട നിർമ്മാണ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള പോരായ്മകൾ പരിഹരിക്കുക.
ഉദാ÷ (കക്കൂസ് നിർമ്മാണം, അഴുക്കുചാൽ, വയറിംങ്ങ്)

ലക്ഷം വീടുകോളനികളിൽ (പൂപ്പറമ്പ്, വലിയപറമ്പ്, മുയിപ്ര, ഇടിപ്പറമ്പ്)ഉള്ള വീടുകൾക്ക് അറ്റകുറ്റപ്പണികൾ നടപ്പാക്കുക.



പട്ടികജാതി - പട്ടിക വർഗ്ഗ ക്ഷേമം

ഏരുവേശ്ശി ഗ്രാമ പഞ്ചായത്തിൽ മൊത്തം ജനസംഖ്യയുടെ 8.5% ജനങ്ങൾ പട്ടികജാതിയിൽപ്പെട്ടവരാണ്. നമ്മുടെ പഞ്ചായത്തിൽ ഒരാൾ മാത്രമേ പട്ടിക വർഗ്ഗത്തിൽ പ്പെട്ടതായുള്ളൂ. 1488 ഹരിജനങ്ങളിൽ 786 പുരുഷൻമാരും 702 സ്ത്രീകളുമാണ്. 9 ഹരിജൻ കോളനികളാണ് ഈ പഞ്ചായത്തിലുള്ളത്. വഞ്ചിയം, അരീക്കമല, മൈക്കുന്ന്, പൂപ്പറമ്പ്, വലിയ അരീക്കാമല, മാങ്കുളം, കുനിയംപുഴ, മിഡിലാക്കയം, ചമതച്ചാൽ ഇവയാണ്. ഇവരിൽ ഭൂരിഭാഗവും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. 226.89 ഏക്കർ ഭൂമിയാണ് പട്ടിക ജാതിക്കാരുടെ കൈവശമുള്ളത്.

മൊത്തം വിസ്തീർണ്ണം ഏക്കറിൽ	കോളനികളുടെ എണ്ണം	കൈവശഭൂമി ഇല്ലാത്ത ജനങ്ങൾ	കുടിവെള്ളം ആവശ്യമുള്ള കോളനികൾ
226.89	9	48	9

പട്ടികജാതി കോളനി അടിസ്ഥാനമാക്കിയുള്ള വിവരം

വിദ്യാഭ്യാസം

ഇതര ജനവിഭാഗങ്ങളെ അപേക്ഷിച്ച് പട്ടികജാതി ജന വിഭാഗങ്ങൾ വിദ്യാഭ്യാസ രംഗത്ത് പിൻനിരയിൽ നിൽക്കുന്നു. പട്ടികജാതിയിൽപ്പെട്ടവരാണ് ഭൂരിഭാഗവും കൊഴിഞ്ഞു പോകുന്നത് എന്നതാണ് വിദ്യാഭ്യാസ രംഗത്തെ കണക്കുകൾ സൂചിപ്പിക്കുന്നത്. S.S.L.C പരാജയപ്പെടുന്നവർ തുടർന്ന് പഠിക്കുന്നില്ല. S.S.L.C ക്ക് ശേഷം സാമ്പത്തിക ശേഷി ഇല്ലായ്മകൊണ്ട് പഠനം നിറുത്തി തൊഴിൽ തേടിപ്പോകുന്ന സ്ഥിതിയുണ്ട്. നിലവിലുള്ള വിദ്യാഭ്യാസ പരിമിതികൾ, ഗൃഹാന്തരീക്ഷം തുടങ്ങിയവ പഠന പ്രക്രിയക്ക് സഹായകരമല്ല. ബഹുഭൂരിപക്ഷം ജനങ്ങളും കാർഷിക തൊഴിലാളികളാണ്. മറ്റു തൊഴിലുകളിൽ ഏർപ്പെടുന്നവർ വളരെക്കുറവാണ്. പരമ്പരാഗത തൊഴിലിൽ നിന്നും ഇവർ അകന്നുപോകുന്ന സ്ഥിതിയാണുള്ളത്. ഇപ്പോൾ ഭൂരിഭാഗം ജനങ്ങളും കെട്ടിട നിർമ്മാണ ജോലികളിൽ ഏർപ്പെടുന്നതായിക്കാണാം. സ്വയം തൊഴിൽ സംരംഭങ്ങൾ ഇവർ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

കാർഷിക തൊഴിലാളി	വ്യവസായ തൊഴിലാളി	സർക്കാർ ജീവനക്കാർ	മറ്റുള്ളവർ	വിവിധ തൊഴിലുകളിൽ പരിശീലനം നേടിയവർ
321	18	2	70	

- തൊഴിൽ ഘടന [1995 ലെ സർവ്വേ പ്രകാരം]

സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ പട്ടികജാതിയിൽപ്പെട്ട ജനവിഭാഗങ്ങൾ മറ്റ് ജനവിഭാഗങ്ങളോടൊപ്പം എത്തിയിട്ടില്ല. പൊതുസേവനത്തുറകൾ, വിവാഹം മറ്റു സാമൂഹ്യ ചടങ്ങുകൾ എന്നിവയിൽ പ്രകടമായ സാമൂഹ്യ വിവേചനം ഇല്ല. സാമൂഹ്യ സാമ്പത്തിക രംഗത്ത് തുല്യപദവി നേടിക്കഴിഞ്ഞവർപ്പോലും ജാതീയ വിഭാഗത്തിന്റെ ചട്ടക്കൂടിൽ ഒതുങ്ങിക്കൂടാനാണ് ശ്രമിക്കുന്നത്. രാഷ്ട്രീയ സാംസ്ക്കാരിക-സാമൂഹിക പ്രവർത്തനങ്ങളിൽ ഇവർ നേതൃത്വ നിരയിലേക്ക് വരുന്നില്ല. ഭൂസ്വത്തുക്കളുടെ കൈവശാവകാശം ഇവരിൽ ക്കുറവാണ്.

പഞ്ചായത്തിലെ പട്ടികജാതി കോളനികളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

പട്ടികജാതിയിൽ പ്പെട്ടവർക്ക് വീട് നിർമ്മാണത്തിന് നൽകുന്ന ധനസഹായം അപര്യാപ്തമായതിനാൽ പണിപൂർത്തിയാക്കാൻ സാധിക്കുന്നില്ല.

കോളനിയിലെ വീടുകളും അടിസ്ഥാന സൗകര്യങ്ങളും.

കോളനികൾ	വീട്നിർമ്മാണം			വീട് ആവശ്യ മുള്ളവർ	ആകെ വീടുകൾ	കക്കൂസ് ഉള്ളത്	ആവശ്യ മുള്ളവർ	കുളിമുറി ഉള്ളത്	ആവശ്യ മുള്ളവർ
	ഓല	ഓട്	മറ്റുള്ളത്						
വഞ്ചിയം മാവില	18	29	-	28	47	4	43	-	47
അരീക്കാമല മാവില	2	20	-	12	22	4	18	3	19
മൈക്കുന്ന്	-	12	-	9	12	1	11	-	12
പൂപ്പറമ്പ്	5	5	-	15	30	5	25	-	30
വലിയ അരീക്കാമല	10	55	-	25	65	13	52	3	62
കുനിയമ്പുഴ	6	20	-	10	26	3	23	-	25
മാങ്കുളം	3	18	1	15	22	-	22	-	22
മിഡിലാക്കയം	8	7	-	10	15	-	15	-	15
ചമതച്ചാൽ	6	8	-	8	14	-	14	-	14
ആകെ	58	194	1	132	253	30	223	7	246

ആദ്യകാലങ്ങളിൽ ആദിവാസികളുടെ ഇടയിൽ പച്ചമരുന്നുകൾ കൊണ്ടുള്ള ചികിത്സാരീതി നിലനിന്നിരുന്നു. ഈ ചികിത്സാരീതി ഇപ്പോൾ നാട്ടിൽ നിന്നും ഇല്ലാതാവുന്ന അവസ്ഥയാണ് കാണുന്നത്. കോളനികളിൽ കുടിവെള്ളം, വൈദ്യുതി തുടങ്ങിയവയുടെ ലഭ്യത ഉറപ്പാക്കിയിട്ടില്ല. പല കോളനികളുടേയും റോഡുകൾ ഗതാഗതയോഗ്യമല്ല. ജലജന്യ രോഗം കൂടുതലായിക്കണ്ടുവരുന്നത് കോളനി വാസികളിലാണ്. ആരോഗ്യ പ്രവർത്തകരുടെ ശ്രദ്ധ ഈ പ്രദേശങ്ങളിൽ പതിയേണ്ടതുണ്ട്.

കുടിവെളളം, വെളിച്ചം, റോഡ് എന്നിവ ലഭ്യമല്ലാത്ത കോളനികളുടെ വിവരങ്ങൾ (1995 ലെ സർവ്വേപ്രകാരം.)

വൈദ്യുതീകരിക്കാത്ത കോളനികൾ	കുടിവെളളക്ഷാമം അനുഭവിക്കുന്നകോളനികൾ	ഗതാഗതസൗകര്യം ഇല്ലാത്ത കോളനികൾ
വഞ്ചിയം	വലിയ അരീക്കാമല	വഞ്ചിയം
അരീക്കാമലവളപ്പിൽകോളനി	പൂപ്പറമ്പ്	മൈക്കുന്ന്
വലിയ അരീക്കാമല	മാങ്കുളം	പൂപ്പറമ്പ്
മാങ്കുളം	കുനിയമ്പുഴ	വലിയ അരീക്കാമല
കുനിയമ്പുഴ	മിഡിലാക്കയം	മാങ്കുളം
മിഡിലാക്കയം	ചമതച്ചാൽ	കുനിയമ്പുഴ
	മൈക്കുന്ന്	മിഡിലാക്കയം
	അരീക്കാമലവളപ്പിൽ	ചമതച്ചാൽ
	വഞ്ചിയം	അരീക്കാമലവളപ്പിൽ

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് പഞ്ചായത്ത് നൽകുന്ന 4 സെൻറ് കോളനിയിലെ സ്ഥലങ്ങൾ കൈമാറ്റം ചെയ്യുന്നു.

പ്രശ്നങ്ങൾ

1 പട്ടികജാതിക്കാർ വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.

2 വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തുടരുന്നു.

3 പട്ടികജാതിക്കാർക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമാണ്.

4 തൊഴിൽ മേഖലയിൽ സാധ്യത കുറയുന്നു.

5 വീട് നിർമ്മിക്കുവാൻ അനുവദിക്കുന്ന ധന സഹായം പര്യാപ്തമല്ല.

6 അനുവദിച്ചുകിട്ടുന്ന ആനുകൂല്യങ്ങൾ ദുർവിനിയോഗം ചെയ്യുന്നു.

7 കോളനികളിൽ പ്രാഥമിക സൗകര്യം ഇല്ല.

8 കുടിവെളളവും വൈദ്യുതിയും കോളനികളിൽ ആവശ്യത്തിന് ലഭിക്കുന്നില്ല.

9 റോഡുകൾ വേണ്ടത്രയില്ല. ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ ആണ് ആകെയുളളത്.

10 നിർദ്ധനകുടുംബങ്ങളിലെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം വേണ്ടത്ര ലഭിക്കുന്നില്ല.

11 ക്ഷേമ പദ്ധതികൾ ഫലപ്രദമായി പ്രയോജനപ്പെടുന്നില്ല.

12 അഭ്യസ്ഥവിദ്യരായ ജനങ്ങൾക്ക് നൽകുന്ന ധനസഹായവും വായ്പകളും ലക്ഷ്യം നേടുന്നില്ല.

സാധ്യതകൾ

1 കുടിവെളള പ്രശ്നം പരിഹരിക്കാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.

2 പട്ടികജാതി സർവ്വീസ് സഹകരണ സ്ഥാപനം സ്ഥാപിക്കുക.

3 പട്ടികജാതി കുട്ടികൾക്ക് അംഗീകൃത റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുക.

4 പഠനം അവസാനിപ്പിച്ചവരുടെ തുടർ വിദ്യാഭ്യാസം സാധ്യമാക്കുക.

5 കോളനികളിൽ ബോധവൽക്കരണ

കേന്ദ്രങ്ങൾ സ്ഥാപിക്കുക.

6 വളപ്പിൽ കോളനി, മിഡിലാക്കയം കോളനി, പൂപ്പറമ്പ് കോളനി എന്നിവയെ I.H.D.P കോളനികളായി അംഗീകരിക്കുക.

7 എല്ലാ കോളനികളിലും പട്ടികജാതി മഹിളാസമാജം രൂപീകരിക്കുക.

8 പട്ടികജാതി കലകൾക്ക് പ്രോത്സാഹനം നൽകുക.

9 പട്ടികജാതിക്കാരുടെ വീടുകൾ നന്നാക്കുന്നതിന് ആവശ്യമായ ധനസഹായം നൽകുക.

10 പട്ടികജാതി പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലനം നൽകുക.

11 ദുർബല വിഭാഗങ്ങൾക്ക് ട്രൈസം കോഴ്സ് നടത്തുക.

12 സാമൂഹ്യസാംസ്ക്കാരിക രംഗങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പ്വരുത്തുക.

13 പട്ടികജാതി ഭവനങ്ങളിൽ കക്കൂസ് കുളുമുറി സംവിധാനം ഏർപ്പെടുത്തുക.

14 എല്ലാകോളനികളിലും പച്ചക്കറിത്തോട്ടം ഉണ്ടാക്കുന്നതിനുള്ള സഹായങ്ങൾ നൽകുക.


15 പട്ടികജാതിക്കാർക്ക് സൗജന്യമായി ആടുമാടുകളേയും കോഴികളേയും വിതരണം ചെയ്യുക.

16 പരമ്പരാഗത തൊഴിൽ മേഖലയെ വൈവിധ്യവൽക്കരിക്കുക.

17 പട്ടികജാതിക്കാർക്കിടയിൽ നിലനിന്നിരുന്ന നാടൻ ചികിത്സാരീതി പ്രോത്സാഹിപ്പിക്കുക.

18 മിശ്ര വിവാഹിതർക്ക് യഥാസമയം സാമ്പത്തികസഹായം ലഭ്യമാക്കുക.

19 തൊഴിലവസരങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിലെ എല്ലാറോഡ്, തോട്,പുഴ പുറംമ്പോക്കുകളിലും മുള, ഈറ്റ, തഴ, കൈത എന്നിവ കൃഷിചെയ്ത് ആദിവാസി കോളനികൾക്ക് അസംസ്കൃത വസ്തുക്കൾ എത്തിച്ചുകൊടുക്കുക.





വനിതാക്ഷേമം

ജന്മിത്വത്തിനും സാമ്രാജ്യത്വത്തിനും എതിരെ നടന്ന ഐതിഹാസികമായ രണഭൂവിൽ ജീവൻ ഹോമിച്ച ധീര ദേശാഭിമാനികൾക്ക് ജന്മംനൽകിയ നാടാണ് ഏരുവേശ്ശി. 1946 ൽ ജന്മി-നാടുവാഴിത്വത്തിനെതിരായി കർഷകസംഘത്തിന്റെ നേതൃത്വത്തിൽ ജനങ്ങൾ സംഘടിക്കുകയും ചെറുത്തുനിൽക്കുകയും ചെയ്തു. ഇതിന്റെ ഫലമായി നിരവധിപ്പേർ ജയിലിൽ പോവുകയും, ഒളിവിലാവുകയും ചെയ്തു. നിബിഢ വനങ്ങളിൽ ഉള്ള കുടിലുകളിൽ സ്ത്രീകളും കുട്ടികളും മാത്രമായി. പ്രതികളെ തിരയാനെന്നപേരിൽ എംഎസ്പിക്കാരും ജന്മിമാരുടെ ഗുണ്ടകളും കുടിലുകളിൽ കയറി സ്ത്രീകളെ പീഡിപ്പിച്ചു. സ്ത്രീകൾ ഒറ്റക്കെട്ടായി ഇതിനെതിരെ പോരാടി.

ഏരുവേശ്ശി പഞ്ചായത്തിൽ 1959ൽ എൻ.ഇ.എസ് ബ്ളോക്കിന്റെ കീഴിൽ ആദ്യത്തെ മഹിളാസമാജം രൂപീകരിച്ചു. (Reg: No. 46) 25 അംഗങ്ങളുമായി ആരംഭിച്ച മഹിളാ സമാജത്തിന്റെ ആദ്യ പ്രസിഡണ്ട് ശ്രീ കെ നാരായണി അമ്മയും സെക്രട്ടറി ശ്രീ പി.കെ രാജമ്മയും ആയിരുന്നു. ബ്ളോക്കിൽ നിന്ന് 1965 ൽ ഒരു തയ്യൽമിഷ്യൻ ലഭിക്കുകയും നിർദ്ധനരായ വനിതകൾക്ക് തയ്യൽ പരിശീലനം നൽകുകയും ചെയ്തു. ഇതായിരുന്നുവനിതകൾക്ക് നടത്തിയ ആദ്യത്തെ സംരംഭം.

കൂടാതെ അടുക്കളത്തോട്ടം, ആരോഗ്യപോഷണക്ലാസുകൾ, റെഡ്ക്രോസിന്റെ നേതൃത്വത്തിൽ നിർദ്ധനരായ വനീതകൾക്ക് പാൽ തുടങ്ങിയവയും വിതരണം ചെയ്തു. തുടർന്ന് പഞ്ചായത്തിന്റെ പലഭാഗങ്ങളിലും മഹിളാസമാജങ്ങൾ രൂപീകരിക്കുകയും വനിതകൾക്കായുള്ള പല ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്തു.

ഏരുവേശ്ശി പഞ്ചായത്തിൽ ആകെ ജനസംഖ്യ 17752 ആണ്. അതിൽ സ്ത്രീകൾ 8790. 1000 പുരുഷന്മാർക്ക് 981 സ്ത്രീകൾ എന്ന അനുപാതത്തിലാണ്. മൊത്തം ജനസംഖ്യയുടെ 48.1% സ്ത്രീകൾ ആണ്.

സ്ത്രീപുരുഷ അനുപാതം

ഇന്ത്യ	:	1000 ത്തിന്	929
കേരളം	:	1000 ത്തിന്	1036
കണ്ണൂർ	:	1000 ത്തിന്	1101
ഏരുവേശ്ശി	:	1000 ത്തിന്	981

പഞ്ചായത്തിലെ സ്ത്രീപുരുഷ അനുപാതം സംസ്ഥാനത്തിലെ സ്ത്രീ പുരുഷ അനുപാതത്തെക്കാൾ കുറവാണ്, പരിശോധിക്കണം.

വിദ്യാഭ്യാസം:

പഞ്ചായത്തിലെ സാക്ഷരത നിരക്ക് 96% ആണ്. നിരക്ഷരരിൽ കൂടുതൽ സ്ത്രീകളാണ്. [8790 പേരിൽ 610 പേർ]

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്നവരുടെ വിവരം

ഹൈസ്കൂൾ		U.P സ്കൂൾ		L.P.സ്കൂൾ	
ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
710	795	691	689	934	887

പഞ്ചായത്തിലെ ഭൂരിഭാഗം വിദ്യാലയങ്ങളിലും എണ്ണത്തിലും പഠനനിലവാരത്തിലും പെൺ കുട്ടികളാണ് മുൻപന്തിയിൽ നിൽക്കുന്നത്. വിദ്യാഭ്യാസകാര്യത്തിൽ സ്ത്രീകൾ പുരുഷന്മാരോടൊപ്പം തന്നെയാണുള്ളത്. എന്നാൽ സ്ത്രീകളുടെ ശേഷി ഉപയോഗിക്കാതെ പോകുന്നു. കാരണം പെൺകുട്ടികളെജീവിതത്തിന്റെ എല്ലാ മേഖലകളിലും വിജയം കൈവരിക്കാൻ പ്രാപ്തരാക്കുകഎന്നതിലുപരി വിവാഹത്തിനൊരുക്കുക എന്നത് മാത്രമായി, വിദ്യാഭ്യാസത്തെ വികലമാക്കുന്നു. ഇവിടെ മുസ്ലീം സമുദായത്തിലും പട്ടിക ജാതിയിലും പെൺകുട്ടികൾ വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞുപോകുന്നു. അവരുടെ ഇടയിൽ ചെറുപ്പത്തിൽതന്നെ വിവാഹം കഴിക്കുന്ന രീതികാണപ്പെടുന്നു.

തൊഴിൽ

സ്ത്രീ വിദ്യാഭ്യാസകാര്യത്തിൽ മുൻപന്തിയിലാണെങ്കിലും തൊഴിൽ മേഖലയിൽ അവരുടെ പങ്കാളിത്തം കുറവാണ്. കൃഷി, കെട്ടിട നിർമ്മാണം, മൃഗസംരക്ഷണം, വും അദ്ധ്യാപനം, നൂൽനൂൽപ്പ്, തയ്യൽ, ചെങ്കൽ-കരിങ്കൽ മേഖലകളിലും സ്ത്രീകൾ കൂടുതലായും ജോലിചെയ്യുന്നു.

കൂലി നിരക്കിലുള്ള അന്തരം കാരണം കൂടുതലാളുകളും കൃഷിപ്പണിയേക്കാൾ കെട്ടിട നിർമ്മാണ രംഗത്താണ് താല്പര്യം കാണിക്കുന്നത്. തൊഴിൽ മേഖലയിൽ പുരുഷന്മാരെക്കാൾ കൂലികുറവ് സ്ത്രീകൾക്കാണ്. പഞ്ചായത്തിൽ 16% സ്ത്രീകൾ മാത്രമേ തൊഴിൽ എടുക്കുന്നവരായുള്ളൂ. ബഹുഭൂരിഭാഗം സ്ത്രീകളും തൊഴിൽ രഹിതരാണ്.

മൊത്തം 8790 സ്ത്രീകൾ സ്ഥിരം ശമ്പളം വാങ്ങുന്ന ജോലിക്കാർ 122 പേർ മാത്രമേയുള്ളൂ. ആകെ 11 സ്ത്രീകൾ മാത്രമേ തൊഴിൽ ഇല്ലായ്മ വേതനം വാങ്ങുന്നവരായിട്ടുള്ളൂ.

പഞ്ചായത്തിലെ സ്ത്രീപുരുഷന്മാരുടെ എണ്ണവും അവരുടെ കൂലിനിരക്കും.

ജോലി	പുരുഷൻ	സ്ത്രീ	തൊഴിൽദിനം	കൂലിനിരക്ക് സ്ത്രീ	കൂലിനിരക്ക് പുരുഷൻ
സർക്കാർജീവനക്കാർ	249	122	-	-	-
കാർഷികതൊഴിലാളികൾ	600	900	85	35	50
മറ്റുതൊഴിലുള്ളവർ	1560	100	180	40	80
തോട്ടം തൊഴിലാളികൾ	750	കണക്ക് ലഭ്യമല്ല	100	-	75
നിർമ്മാണ തൊഴിലാളികൾ	500	300	200	80	125
ചെങ്കൽ മേഖല	300	100	280	50	100
കരിങ്കൽ മേഖല	37	24	220	50	150

കൂലിനിലവാരം

ഇനം	ആൺ	പെൺ
കർഷകതൊഴിലാളി	50	35
കെട്ടിട നിർമ്മാണം	120	80
ചെങ്കൽ തൊഴിലാളി	100	50

നമ്മുടെ പഞ്ചായത്തിൽ ചുണ്ട പ്പറമ്പ് കേന്ദ്രീകരിച്ച്, ഒരു ഖാദി നൂൽ നൂൽപ്പു നെയ്ത്ത്കേന്ദ്രം ഉണ്ട്. സ്ത്രീകളെ കേന്ദ്രീകരിച്ച് നടത്തുന്ന ഒരേ ഒരു സ്ഥാ പനമായി ഇതുമാത്രമേ നമ്മുടെ പഞ്ചാ യത്തിൽ ഉള്ളൂ.

കുടുംബത്തിൽ പുരുഷ മേധാവി ത്വമാണ് നിലനില്ക്കുന്നത്. തൊഴിൽ എടു ക്കുന്ന സ്ത്രീകളുടെ സാമ്പത്തിക നില മെച്ച പ്പെട്ടതാണെങ്കിലും പുരുഷന്മാരുടെ വരു മാനത്തിന്റെ പകുതിപോലും വീടുകളിൽ എത്തുന്നില്ല. സ്ത്രീകൾക്ക് ലഭിക്കുന്ന വരുമാനത്തിന്റെ ഭൂരിഭാഗവും കുടും ബത്തിലെ വിദ്യാഭ്യാസം, ഭക്ഷണം എന്നി വയ്ക്കായി ചെലവാകുന്നു.

ആരോഗ്യം

സ്ത്രീകളുടെ ആരോഗ്യനില പുരുഷന്മാരുടേതിനേക്കാൾ വളരെ പിന്നിലാണുള്ളത്. പോഷകാഹാര ക്കുറവും ദാരിദ്ര്യജന്യ രോഗങ്ങളും സ്ത്രീ കളിലാണ് കൂടുതലും കണ്ടു വരുന്നത്. സ്ത്രീക്കാണ് കൂടുതലും കുടുംബാസൂ ത്രണം നടത്തുന്നത്. വീടുകളിലെ വിറക ടുപ്പിൽ നിന്നും ഉണ്ടാകുന്ന പുക, കരി എന്നിവയുടെ ആധിക്യം സ്ത്രീകൾക്ക് വിളർച്ചയും ശ്വാസകോശ സംബന്ധമായ രോഗങ്ങളും ഉണ്ടാക്കുന്നു.

പഞ്ചായത്ത് ഹെൽത്ത് സെന്റ റിൽനിന്നും കിട്ടിയവിവരങ്ങൾ താഴെ കൊടുക്കുന്നു.

വർഷം	ആകെ	ചികിത്സക്കായി എത്തുന്ന പുരുഷന്മാർ	സ്ത്രീകൾ	കുട്ടികൾ
1994-1995	18662	3499	5249	2914
1995-1996	18714	2871	5662	3279

മേൽപട്ടിക ചികിത്സക്കായി എത്തുന്ന സ്ത്രീകളുടെ എണ്ണത്തെ സൂചിപ്പിക്കുന്നു. കുടുംബത്തിലെ ഉത്തരവാദിത്വംകൊണ്ടുള്ള സമയക്കുറവ്, പി.എച്ച്.സി യിലെ ഡോക്ടർമാരുടെ

അഭാവം, മരുന്നുകളുടെ ദൗർലഭ്യം, യാത്രാ സൗകര്യത്തിന്റെ പരിമിതി ഇവ പി.എച്ച്.സിയുമായി ബന്ധപ്പെടാൻ പ്രതിബന്ധമായി നിലനിൽക്കുന്നു. മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും, കുട്ടികൾക്കും ആരോഗ്യ സംരക്ഷണത്തിനായി ബാലവാടിയിലൂടെ നല്കിവരുന്ന സി.എച്ച്.എം (കോൺസായ് മില്ക്ക്) ഇപ്പോൾ നിർത്തിയിരിക്കുന്നു. അമിതമായ അദ്ധ്വാനവും ഭർത്താക്കന്മാരുടെ മദ്യപാനവും സാമ്പത്തികമായി സ്ത്രീകളെ തകർക്കുന്നു. ഇത് അനാരോഗ്യം സൃഷ്ടിക്കുന്നു. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ 60 പെൺകുട്ടികൾക്ക് ഒരു മൂത്രപുരയും 100 പെൺകുട്ടികൾക്ക് 1 കക്കൂസും വേണമെന്ന നിയമം ഉണ്ടെങ്കിലും അതിനുള്ള സൗകര്യങ്ങളില്ല.

നമ്മുടെ പഞ്ചായത്തിലെ സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ 18 അങ്കനവാടികളും, 6 മഹിളാസമാജങ്ങളും ഉണ്ട്. എങ്കിലും എല്ലാം ഒരുപോലെ പ്രവർത്തനക്ഷമമല്ല. മഹിളാ സമാജത്തിന്റെ പ്രവർത്തനങ്ങളിൽ സഹായ നിർദ്ദേശങ്ങൾ പഞ്ചായത്തിൽ നിന്നും ഉണ്ടാകേണ്ടതുണ്ട്. തൊഴിൽ പരിശീലനം, കായിക പരിശീലനം, കായിക കലാമത്സരങ്ങൾ മുതലായവ സംഘടിപ്പിച്ച് മഹിളാസമാജങ്ങളെ കാര്യക്ഷമമാക്കണം.

വിധവകളായവരുടെ പെൺമക്കൾക്ക് വിവാഹത്തിനുള്ള ധനസഹായം പഞ്ചായത്തിലൂടെ നൽകിവരുന്നുണ്ടെങ്കിലും ഇത് ലഭിക്കുന്നതിനുള്ള നിരവധി സാങ്കേതിക തടസ്സങ്ങൾ നിലനില്ക്കുന്നുണ്ട്. ദേശീയ പ്രസവാനുകൂല്യ പദ്ധതി പ്രകാരം ഒരാൾക്ക്പോലും പഞ്ചായത്തിൽ നിന്നും ഈവർഷം ധനസഹായം വിതരണം ചെയ്തിട്ടില്ല. ഗുണഭോക്താക്കളെ ഇത്തരം ആനുകൂല്യങ്ങളെക്കുറിച്ച് ബോധവാൻ മാരാക്കേണ്ടതുണ്ട്.

വിവിധ ആനുകൂല്യങ്ങൾ ലഭിച്ചവർ
സ്ത്രീകൾ മാത്രം(1996-ൽ)

തൊഴിലില്ലായ്മ വേതനം	:	11
വാർദ്ധക്യകാല പെൻഷൻ	:	7
വിധവ പെൻഷൻ	:	35
വികലാംഗ പെൻഷൻ	:	4
കർഷകതൊഴിലാളി പെൻഷൻ	:	144
നിർമ്മാണ തൊഴിലാളി പെൻഷൻ	:	40

വീട്ടുജോലിയുടെ കാര്യത്തിലും മറ്റു പുരുഷ മേധാവിത്താശയങ്ങളും ഇന്നും തുടരുന്നതിന്റെ ഫലമായി പുറത്തുപോയി ജോലിയെടുക്കുന്ന സ്ത്രീകൾക്ക് വീട്ടിലെ എല്ലാജോലികളും കൂടി ചെയ്യേണ്ടിവരുന്നു. പുല്ലരിയൽ, വിറകു ശേഖരണം, പാചകം, അലക്ക്, കന്നുകാലി വളർത്തൽ, പച്ചക്കറികൃഷി തുടങ്ങിയ ജോലികളൊന്നും വരുമാനമുള്ളതായി ക്കാണുന്നില്ല. ഇതെല്ലാം ഇന്നും കാണാപ്പണികളായി നിലനില്ക്കുന്നു. കുടുംബത്തിന്റെ പൊതുപ്രശ്നങ്ങളിൽ ഉള്ള നിർണ്ണായക തീരുമാനങ്ങൾ എടുക്കുന്നതിൽ സ്ത്രീ പങ്കാളിത്തം കുറവാണ്.

സ്ത്രീ കുടുംബനാഥയായ കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. സ്ത്രീകൾതന്നെ എല്ലാ ചെലവുകളും വഹിക്കുന്ന കുടുംബങ്ങളും ഉണ്ട്. ദാരിദ്ര്യം കൊണ്ട് വിഷമം അനുഭവിക്കുന്ന സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മുസ്ലീം ക്രൈസ്തവൻ സമുദായങ്ങളിൽ ഇന്നും സ്ത്രീധന സമ്പ്രദായം നിലനില്ക്കുന്നു. ഈ സമ്പ്രദായം മറ്റു സമുദായങ്ങളിലേക്കും

വ്യാപിച്ചുവരുന്നതായി കാണുന്നുണ്ട്. ഇതു കാരണം സ്ത്രീപീഡനവും ഉണ്ടാവാറുണ്ട്. നിലവിലുള്ള നിയമം കർശനമായി നടപ്പിലാക്കാൻ പ്രാദേശിക ഭരണകൂടത്തിന്റെ ഇടപെടൽ ആവശ്യമാണ്.

പ്രശ്നങ്ങൾ

1 കുടുംബത്തിന്റെ ഉത്തരവാദിത്വം സ്ത്രീകളിലായതുകൊണ്ട് പൊതുപ്രവർത്തനങ്ങൾക്ക് സമയക്കുറവുണ്ട്.

2 സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്ത്രീകളെ മോശമായി ചിത്രീകരിക്കാറുണ്ട്.

3 ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള ആത്മ ധൈര്യം സ്ത്രീകൾ കാണിക്കുന്നില്ല.

4 തൊഴിലില്ലായ്മാ പ്രശ്നങ്ങൾ സ്ത്രീകളുടെ സാമ്പത്തിക ഭദ്രതയെ ഇല്ലാതാക്കുന്നു.

5 സ്ത്രീകൾക്ക് പുരുഷന്മാരെ അപേക്ഷിച്ച് കൂലികുറവാണ്.

6 വനിതകൾ സ്വയം തൊഴിൽ സംരംഭങ്ങളിൽ താൽപര്യം കാണിക്കുന്നില്ല.

7 തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഇല്ല.

8 സ്ത്രീകൾക്കുള്ള സർക്കാർ പദ്ധതിയെക്കുറിച്ച് സ്ത്രീകൾ അറിയുന്നില്ല.

9 അംഗനവാടികളിൽ ആവശ്യമായ സൗകര്യമില്ല.

10 മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും നൽകിവരുന്ന സി.എസ്.എം നിർത്തലാക്കിയിരിക്കുന്നു.

11 സ്ത്രീകളുടെ ഇടയിലുള്ള അന്ധവിശ്വാസവും അനാചാരവും വളർന്നുകൊണ്ടിരിക്കുന്നു.

12 വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്ക് പര്യാപ്തമായ മൂത്രപുരകളും കക്കൂസുകളും ഇല്ല.

13 വായനശാലകളും ഗ്രന്ഥാലയങ്ങളും ഉപയോഗിക്കുന്ന സ്ത്രീകൾ വളരെ കുറച്ചുമാത്രമേ ഉള്ളൂ.

14 ടിവി യും ആനുകാലിക പ്രസിദ്ധീകരണങ്ങളും ചെലുത്തുന്ന വികലമായ സ്വാധീനം സാംസ്ക്കാരിക ഭദ്രതയെ തകർക്കുന്നു.

സാധ്യതകൾ

1 തുല്യ ജോലിക്ക് തുല്യ വേതനം എന്ന തത്വം പ്രാവർത്തികമാക്കണം.

2 കാർഷിക ഉൽപ്പന്നങ്ങളിലൂടെയും മറ്റും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കണം.

3 കൂലിനിരക്ക് ആകർഷകമാക്കുക.

4 അതാതുപ്രദേശത്ത് സാധ്യതയുള്ള തൊഴിലിനെ മുൻനിർത്തി തൊഴിൽ പരിശീലനം നൽകുക.

5 I.R.D.P, D.W.C, R.A, W.I.P എന്നിവയിൽ നിന്നുള്ള സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഉപയോഗിക്കണം. നിർദ്ദേശവും പരിശീലനവും നൽകണം.

6 വിദ്യാലയങ്ങളിലും പൊതുസ്ഥലങ്ങളിലും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം.

7 പുകയില്ലാത്തതും ദക്ഷതകൂടിയതുമായ അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കണം.

8 P.H.C. യിൽ മരുന്നുകളും അത്യാവശ്യ ഉപകരണങ്ങളും ഡോക്ടർമാരുടെ സേവനവും ഉറപ്പ്വരുത്തുക.

9 രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, പ്രസവം തുടങ്ങിയവയ്ക്ക് P.H.C. യെത്തന്നെ ഉപയോഗിക്കണമെന്ന ബോധം സ്ത്രീകളിൽ ഉണ്ടാക്കിയെടുക്കണം.

10 പഞ്ചായത്ത്തലത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനായി ഒരു സമിതി രൂപീകരിക്കണം.

11 അർഹതയുള്ള മുഴുവൻ സ്ത്രീകൾക്കും പെൻഷൻ ആനുകൂല്യം ലഭ്യമാക്കുക. പഞ്ചായത്ത് വഴി വിതരണം ചെയ്യുക.

12 വായനാശീലം സ്ത്രീകളിൽ ഉണ്ടാക്കണം. സഞ്ചരിക്കുന്ന ലൈബ്രറികളുടെ പ്രവർത്തനം പഞ്ചായത്തിൽ ആരംഭിക്കണം.

13 അംഗനവാടികളിൽ സൗകര്യം വർദ്ധി

പ്പിക്കണം.

14 ഗർഭിണികൾക്കും, കുട്ടികൾക്കും വേണ്ടി സാമ്പത്തിക സമാഹരണത്തിലൂടെ പോഷകാഹാരം വിതരണം ചെയ്യുക.

15 ആരോഗ്യം, അടുക്കളശാസ്ത്രം, പരിസര ശുചിത്വം തുടങ്ങിയ വിവിധ മേഖലകളിൽ പരിശീലനം നൽകുക.

16 പെൺകുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക. കളിസ്ഥലം നിർമ്മിക്കുക.

17 ഓട്ടോഡ്രൈവിംങ്ങ് പരിശീലനകേന്ദ്രം സ്ഥാപിക്കുക.

18 വനിതാ സഹകരണ തൊഴിൽ കേന്ദ്രങ്ങൾ ഉണ്ടാക്കുക.

19 എല്ലാ വീടുകളിലും പച്ചക്കറിത്തോട്ടം നിർമ്മിക്കുക. അതിനാവശ്യമായ വിത്ത്, വളം, ഉപകരണങ്ങൾ എന്നിവ പഞ്ചായത്തിലൂടെ വിതരണം ചെയ്യുക.

20 കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കണം. ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകണം.

21 വനിതാ സഹകരണ ഹോട്ടലുകൾ, മിൽമപാൽപ്പന്ന യൂനിറ്റുകൾ സ്ഥാപിക്കുന്നതിന് സഹായം നൽകുക.

22 എല്ലാ വാർഡുകളിലും മഹിളാസമാജങ്ങൾ സ്ഥാപിക്കുക.

23 എല്ലാ വീടുകളിലും കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക.

24 സ്ത്രീകൾക്കായി ബുക്ക്ബൈൻറിങ്ങ് പരിശീലന കേന്ദ്രം സ്ഥാപിക്കുക.

	മഹിളാസമാജങ്ങളുടെ വിവരങ്ങൾ			
ക്രമനമ്പർ	പേര്	വാർഡ്	സ്ഥലം	കെട്ടിടം
1	ഏരുവേശ്ശി മഹിളാസമാജം	I	മുയിപ്ര	സ്വന്തം
2	ആദിവാസി മഹിളാസമാജം	IV	പൂപ്പറമ്പ്	സ്വന്തം
3	ഹരിജൻ മഹിളാസമാജം	VI	കുനിയമ്പുഴ	
4	പ്രിയദർശിനി മഹിളാസമാജം	IV	പൂപ്പറമ്പ്	
5	ആദിവാസി മഹിളാസമാജം	VIII	വലിയ അരീക്കാമല	
6	തെരുവ് മഹിളാസമാജം	I I	ഏരുവേശ്ശി തെരുവ്	





സഹകരണം

രണ്ടാം ലോക മഹായുദ്ധത്തെ തുടർന്ന് രാജ്യത്ത് കടുത്ത ഭക്ഷ്യക്ഷാമവും പട്ടിണി മരണവും ഉണ്ടായി. പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായ മലബാറിൽ ഇതിനെതിരായി വലിയ ജനകീയ പ്രക്ഷോഭവും അലയടിച്ചുയർന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേരള ഗാന്ധി എന്നറിയപ്പെടുന്ന ശ്രീമാൻ. കെ. കേളപ്പന്റെ നേതൃത്വത്തിൽ മലബാറിന്റെ പല ഭാഗങ്ങളിലും പി.സി.സി (പ്രൊക്യുമെൻറ് ആൻറ് കൺസ്യൂമേർസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി) സൊസൈറ്റികൾ അംഗീകരിച്ച് കൃഷിക്കാരിൽ നിന്നും മിച്ചമുള്ള നെല്ല് സംഭരിച്ചു കൊണ്ട് റേഷനിംഗ് സമ്പ്രദായം ആരംഭിച്ചു. 1943 ൽ ചെങ്ങളായിൽ പ്രവർത്തനമാരംഭിച്ച പി.സി.സി സൊസൈറ്റിയിൽ ഏരുവേശ്ശി വില്ലേജിലെ കൃഷിക്കാർ അംഗങ്ങളായി. അവിടെയാണ് ഇവിടുത്തെ കർഷകർ നെല്ലു നൽകിയത്. 1952 ഓടുകൂടി ചെങ്ങളായി പി.സി.സി യുടെ പ്രവർത്തനം നിലച്ചു. ഈ പി.സി.സി കളാണ് സഹകരണ പ്രസ്ഥാനത്തിന്റെ ഈ പ്രദേശത്തെ ആദ്യ ചുവടുവെയ്പ്.

കൃഷിക്കാരെ കൊള്ളയടിക്കുന്ന വിലമുറിക്കൽ സമ്പ്രദായം ഇവിടെ നിലവിലിരുന്നു. കൃഷിക്കാർക്ക് ആശ്വാസം പകരാൻ ഒരുസംഘം രൂപീകരിക്കാൻ ശ്രമിച്ചു. 12.10.57 ൽ കണ്ണൂർ സഹകരണ ഡെപ്യൂട്ടി രജിസ്ട്രറുടെ RE- 10883/57Cഎന്ന നമ്പരായി ലഭിച്ച ഓർഡർ പ്രകാരം വിവിധോദ്ദേശ ഐക്യനാണയ സംഘം ഏരുവേശ്ശിയിൽ രൂപീകരിച്ചു. ശ്രീ. M.C.പത്മനാഭൻ നമ്പ്യാർ ചീഫ് പ്രമോട്ടറായി രൂപീകരിച്ച സംഘം, നിയമാവലി അംഗീകരിച്ച് പ്രവർത്തനമാരംഭിച്ചു. ഇതിന്റെ പ്രവർത്തന ഉദ്ഘാടനം 1957 ൽ ഇരിക്കൂർ ബ്ലോക്ക് കോ-ഓപ്പറേറ്റീവ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. പി. കുമാരൻ അവർകൾ ഏരുവേശ്ശി സ്കൂളിൽവെച്ച് ചേർന്ന യോഗത്തിൽ നിർവ്വഹിച്ചു.

ഈ സ്ഥാപനമാണ് ഏരുവേശ്ശി സർവീസ് - സഹകരണ ബാങ്കായി മാറിയത്.

ഇതിന്റെ പ്രഥമ പ്രസിഡന്റ് ശ്രീ. എം.സി. രയരപ്പൻ നമ്പ്യാർ ആണ്. ആരംഭത്തിൽ കേവലം 30 അംഗങ്ങളും 150 രൂപ ഓഹരി മൂലധനവും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് രണ്ട് ബ്രാഞ്ചുകളും, 11,000 മെമ്പർമാരും 21 ലക്ഷം രൂപ ഓഹരിമൂലധനവും, 4 കോടിരൂപ പ്രവർത്തന മൂലധനവും 17 സ്ഥിരം ജീവനക്കാരും, 1 കമ്മീഷൻ ഏജൻറും പ്രവർത്തിക്കുന്ന സഹകരണ പ്രസ്ഥാനമായി വളർന്നു. 1965 ൽ സർവീസ് സഹകരണ സംഘമായി വളർച്ച പ്രാപിച്ചു. ഈ കാലഘട്ടത്തിൽ സ്ഥാപനത്തിന്റെ കീഴിൽ 5 റേഷൻ ഷോപ്പുകൾ പ്രവർത്തിച്ചിരുന്നു. 1974ൽ സഹകരണ സംഘത്തിന് സ്വന്തം കെട്ടിടം നിർമ്മിച്ചു. 1979 ൽ ഏരുവേശ്ശി സർവ്വീസ് സഹകരണ ബാങ്ക് ആയി ഉയർത്തി. 1985 ഏപ്രിൽ മാസത്തിൽ നെല്ലിക്കുറ്റിയിൽ ബ്രാഞ്ച് പ്രവർത്തനമാരംഭിച്ചു. 1990 ൽ കുടിയാൻ മലയിൽ ബ്രാഞ്ച് ആരംഭിച്ചു. ഇപ്പോൾ ബാങ്കിൽ 155 ലക്ഷം രൂപ നിക്ഷേപമുണ്ട്. കാർഷിക വായ്പയായി 191 ലക്ഷം രൂപയും കാർഷികേതര വായ്പയായി 70 ലക്ഷം രൂപയും വിതരണം ചെയ്തു. ബാങ്കിന്റെ കീഴിൽ ഒരു വളം ഡിപ്പോ പ്രവർത്തിക്കുന്നു. ഓണക്കാലത്ത് ഓണച്ചന്തകൾ നടത്തി വിലക്കയറ്റം തടയുവാൻ പരിശ്രമിക്കുന്നുണ്ട്.

ബാങ്കിന്റെ വിഭവ സമാഹരണം

ജില്ലാ ബാങ്കിൽ നിന്നും ലഭിക്കുന്ന വായ്പാ നിക്ഷേപം സ്വീകരിക്കൽ, ഓഹരി.

നിർദ്ദേശങ്ങൾ

1 പ്രാഥമിക സഹകരണ സ്ഥാപനങ്ങളെ സഹായിക്കുവാൻ വേണ്ടിയാണ് ജില്ലാ ബാങ്ക് പ്രവർത്തിച്ചുവന്നിരുന്നത്. എന്നാൽ പ്രാഥമിക ബാങ്കുകൾ വിതരണം ചെയ്യുന്ന അതേ വായ്പകൾതന്നെ ജില്ലാ ബാങ്കുകൾ വഴി വിതരണം ചെയ്യുന്നത് പ്രാഥമിക ബാങ്കുകളുടെ പ്രവർത്തന ശേഷിയിൽ കുറവ് വരുത്തുന്നു. അവ പരിഹരിക്കപ്പെടേണ്ടതാണ്.

2 ജില്ലാ ബാങ്കുകൾ പ്രാഥമിക ബാങ്കുകൾക്ക് സമാന്തരമായി ശാഖകൾ ആരംഭിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

3 ഗവൺമെൻറിന്റെ വിഹിതം വർദ്ധിപ്പിക്കേണ്ടതാണ്.

4 സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പൂർണ്ണമായും പി.എസ്.സിക്ക് വിടണം.

5 ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കും മെമ്പർമാർക്കും കാലാകാലങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തണം.

6 സഹകരണ സംഘങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ നടത്തുകയും വാർഡ് (മണ്ഡലം) അടിസ്ഥാനത്തിൽ ഭരണസമിതി അംഗങ്ങളുടെ തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്യണം.

7 കാർഷിക കാർഷികേതര വായ്പയുടെ പലിശ നിരക്ക് കുറക്കണം.

8 അപ്പക്സ് ബാങ്കുകളിൽ നിന്നും വായ്പ നൽകാൻ ലഭിക്കുന്ന ഫണ്ട് വർദ്ധിപ്പിക്കണം.

9 ഏരുവേശ്ശി കേന്ദ്രമാക്കി മുയിപ്രയിൽ സഹകരണ ബാങ്കിന്റെ ശാഖ തുറക്കണം.

10 N.R.I അക്കൗണ്ടുകൾ സഹകരണ ബാങ്കുകളിൽ തുടങ്ങുവാൻ ഗവൺമെൻറ് അനുമതി നല്കണം.

11 പഞ്ചായത്തിന്റെ ഫണ്ടുകൾ പൂർണ്ണമായും സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കണം.

12 സഹകരണ ബാങ്ക് നടത്തുന്ന ചിട്ടിയുടെ രജിസ്ട്രേഷൻ ഫീസ് പൂർണ്ണമായി ഒഴിവാക്കുക. 1ലക്ഷം രൂപവരെ സലയുള്ള ചിട്ടികൾ ആരംഭിക്കാനുള്ള അനുവാദം സഹകരണ ബാങ്കുകൾക്ക് നൽകണം.

മറ്റ് സഹകരണ സ്ഥാപനങ്ങൾ

ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ -ചരിത്രം.

ആദ്യകാലത്ത് പാലിനുവേണ്ടി എരുമ കളേയും, പശുക്കളേയും കൃഷിക്കാർ വളർത്തിയിരുന്നു. മരുന്നിന്റെ ഉപയോഗത്തിന് മാത്രമായിട്ടേ ആടുകളെ വളർത്തിയിരുന്നുള്ളൂ. എരുമകളെ പകൽ സമയത്ത് കെട്ടിയിട്ടുവളർത്തുന്ന രീതിയില്ലായിരുന്നു. പശുക്കളെ തൊഴുത്തിൽ കെട്ടി വളർത്തിയിരുന്നു. രാത്രി കാലങ്ങളിൽ വന്യ മൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നും രക്ഷനേടുന്നതിനുവേണ്ടി മേച്ചിൽ സ്ഥലങ്ങളിൽ എരുമകളെ പ്രതിമുഖമായി കെട്ടിയിരുന്നു. ഈ രീതി 'കൊമച്ചിടുക' എന്നപേരിലാണ് അറിയപ്പെട്ടിരുന്നത്. കുടുംബ പ്രതാപത്തിന്റെ അളവുകോലായിരുന്ന എരുമകളുടെ എണ്ണം ആദ്യ കാലങ്ങളിൽ ജനസംഖ്യ കുറവായതിനാലും പാൽഉല്പാദനം കൂടുതലായതിനാലും പാൽ സൗജന്യമായി ആളുകൾക്ക് കൊടുത്തിരുന്നു.

1943- ഓടുകൂടി മദ്ധ്യ തിരുവിതാംകൂറിൽ കുടിയേറ്റം ആരംഭിക്കുകയും വനഭൂമികൾ മിക്കതും കൃഷി ഭൂമികളായതുകൊണ്ട് എരുമ വളർത്തൽ ക്രമേണ കുറഞ്ഞു. അത്യുല്പാദന ശേഷിയുളള സങ്കരയിനം പശുക്കളുടെ ആവിർഭാവത്തോടുകൂടി പാൽ ഉൽപാദനം വർദ്ധിച്ചു. അവ വിറ്റഴിക്കുന്നതിന്വേണ്ടി സഹകരണസംഘങ്ങൾ ഉണ്ടാക്കുന്നതിനെ കുറിച്ച് കൃഷിക്കാർ ആലോചിക്കുകയും ഏരുവേശ്ശി പഞ്ചായത്തിൽ 1968 ൽ ചെമ്പേരി കേന്ദ്രമാക്കി ക്ഷീരോല്പാദക സഹകരണസംഘം ആരംഭിക്കുകയും ചെയ്തു. ഇപ്പോൾ ചെമ്പേരിക്ക് പുറമേ കുടിയാന്മല, വലിയ അരീക്കാമല, കോട്ടക്കുന്നിൽ പയസ് മൗണ്ട്, മുയിപ്ര എന്നീ 5 സ്ഥലങ്ങളിൽ ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഈ 5 സംഘങ്ങളിലും കൂടിപ്രതിവർഷം 40358.200 ലിറ്റർ പാൽ ശേഖരിച്ച് വില്പന നടത്തുന്നു.

സംഘത്തിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ നടത്തുന്നു. അംഗങ്ങളെ ബോധവല്ക്കരിക്കുന്നതിനു വേണ്ടി പഠന പര്യടന പരിപാടികൾ, സബ്സിഡി നിരക്കിൽ കൃഷിക്കാർക്ക് കാലിത്തീറ്റ വിതരണം, പശുക്കൾക്കുള്ള വൈറ്റമിൻ പൊടികൾ വിതരണം, സമീകൃതാഹാര വിതരണം, കൃത്രിമ ബീജാദാന പരിപാടികൾ, രോഗ പ്രതിരോധ നടപടികൾ, വന്ധ്യത നിവാരണ പദ്ധതികൾ എന്നിവ അവയിൽ ചിലത് മാത്രം. കൂടാതെ തീറ്റപ്പുൽകൃഷി പ്രോത്സാഹന പദ്ധതിയും സംഘത്തിന്റെ നേതൃത്വത്തിൽ നടത്തുന്നു.

നിർദ്ദേശങ്ങൾ

1 ക്ഷീര സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ മൃഗാശുപത്രിയുടെ സബ് സെന്ററുകൾ സ്ഥാപിക്കുക.

2 മാസന്തോറും സൗജന്യ വൈദ്യ പരിശോധന നടത്തി രോഗ പ്രധിരോധ നടപടികൾ സ്വീകരിക്കണം.

3 ശാസ്ത്രീയമായ രീതിയിൽ തൊഴുത്തുകൾ നിർമ്മിക്കുവാൻ കൃഷിക്കാർക്ക് സാമ്പത്തിക സഹായമനുവദിക്കണം.

4 നിയന്ത്രിത നിരക്കിൽ കാലിത്തീറ്റകൾ കൃഷിക്കാർക്ക് യഥാസമയങ്ങളിൽ ക്ഷീര സംഘങ്ങളിലൂടെ വിതരണം ചെയ്യണം.

5 ബീജാദാന കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കണം.

6 മൃഗ പരിപാലനം തൊഴിലായി സ്വീകരിച്ചിരിക്കുന്നവർക്ക് ഇൻഷൂറൻസ് പദ്ധതി കൂടുതൽ ആകർഷകമാക്കുക.

7 ഒരു സംഘത്തിന്റെ പ്രവർത്തന പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിൽ മറ്റ് സംഘ

ങ്ങൾ ഏജൻറുമാർമുഖേനയും വ്യക്തികൾ മുഖേനയും പാൽ ശേഖരിക്കുന്നരീതി അവസാനിപ്പിക്കണം.

8 കുനിയൻ പുഴയിൽ ക്ഷീര സഹകരണ സംഘം സ്ഥാപിക്കുക.

9 മിഡിലാക്കയത്ത് ക്ഷീര സഹകരണ സംഘം സ്ഥാപിക്കുക.

സ്കൂൾ സഹകരണ സംഘങ്ങൾ

ഏരുവേശ്ശി പഞ്ചായത്തിൽ ചെമ്പേരിയിലും, കുടിയാൻമലയിലും സ്കൂൾ സൊസൈറ്റികൾ രൂപീകരിച്ചെങ്കിലും ചെമ്പേരി സ്കൂളിൽ മാത്രമേ സൊസൈറ്റി പരിമിതമായ തോതിലെങ്കിലും പ്രവർത്തിക്കുന്നുള്ളൂ.

നിർദ്ദേശങ്ങൾ

1 സ്കൂൾ സഹകരണ സംഘങ്ങളിൽ പെയ്ഡ് സെക്രട്ടറിയെ നിയമിക്കണം.

2 കുട്ടികൾക്കും അദ്ധ്യാപകർക്കും ആവശ്യമുള്ള മുഴുവൻ സാധനങ്ങളും സൊസൈറ്റികൾ വഴി വിതരണം ചെയ്യുക.

റബ്ബർ ആൻഡ് അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ചെമ്പേരി ബ്രാഞ്ച്.

കണ്ണൂർ ജില്ല റബ്ബർ ആൻഡ് അഗ്രികൾച്ചറൽ കോ- ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ ശാഖ ചെമ്പേരിയിൽ പ്രവർത്തിക്കുന്നു.

പുതിയ സഹകരണ സംഘങ്ങളുടെ സാദ്ധ്യതകൾ÷

നിർദ്ദേശങ്ങൾ

1 വനിതാ വ്യവസായ സഹകരണസംഘം രൂപീകരിച്ച് ഹോട്ടൽ, പ്രിൻറിംങ്ങ് പ്രസ്, കുട നിർമ്മാണ യൂനിറ്റ്, സ്കൂൾ ബാഗ് നിർമ്മാണ യൂനിറ്റ് എന്നിവ ആരംഭിക്കുക.

2 തയ്യൽ തൊഴിലാളി സഹകരണ സംഘംരൂപീകരിച്ച് തയ്യലിന് ആവശ്യമുള്ള എല്ലാ വസ്തുക്കളും സൊസൈറ്റി മുഖേന വിപ ണനം നടത്തുക.

3 ഗൃഹ നിർമ്മാണ - ഗൃഹോപകരണ സഹകരണ സംഘംരൂപീകരിക്കുക.

4 പട്ടിക ജാതി പട്ടിക വർഗ സഹകരണ സംഘം ആരംഭിക്കുക. (ഹരിജൻ)

5 നാളികേര സംസ്ക്കരണ സഹകരണ സംഘം.

പഞ്ചായത്തിൽ കുരുമുളക് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി 9 വാർഡുകളിലും കൃഷിഭവൻെറ നിർദ്ദേശ പ്രകാരം കുരുമുളക് സമിതികളും നാളികേര കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ നാളികേര വികസന സമിതിയും റബ്ബർ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി റബ്ബർ ബോർഡിൻെറ നിർദ്ദേശ പ്രകാരം R.P.S.കളും സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു.

സെറി കൾച്ചറൽ സഹകരണ സംഘം

പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്ത് കേന്ദ്രമാക്കി ഒരു സഹകരണ സംഘം 1988 ൽ രൂപീകരിച്ചെങ്കിലും വേണ്ടത്ര ഭൗതിക സാഹചര്യങ്ങളുടെ അഭാവം മൂലം സംഘം പ്രവർത്തന രഹിതമായി.

കൺസ്യൂമർ സ്റ്റോർ


വിലക്കയറ്റത്തിൻെറ നീരാളിപ്പിടുത്തത്തിൽ നിന്നും ഉപഭോക്താക്കളെ രക്ഷിക്കുവാൻ വേണ്ടി 1988 ൽ ഏരുവേശ്ശി പഞ്ചായത്ത് കേന്ദ്രമാക്കി സഹകരണ മേഖലയിൽ ഒരു കൺസ്യൂമർ സൊസൈറ്റി രൂപീകരിച്ചു. എന്നാൽ നിയന്ത്രിത വിലക്ക് സാധനങ്ങൾ ലഭ്യമല്ലാത്തതിനാൽ പരസ്യമാർക്കറ്റിൽ നിന്നും സാധനങ്ങൾ വാങ്ങി വിൽക്കേണ്ടി വന്നതുകൊണ്ട് സൊസൈറ്റി അനാദായകരമായി മാറി. ഇപ്പോൾ പ്രവർത്തന രഹിതമാണ്.

നിർദ്ദേശങ്ങൾ

1 സർക്കാർ നിയന്ത്രിത വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ സൊസൈറ്റികൾക്ക് വിതരണം ചെയ്യുന്ന നടപടികൾ സ്വീകരിക്കണം.

2 പഞ്ചായത്ത് ഹൗസിംഗ് സൊസൈറ്റികൾ രൂപീകരിക്കണം.

3 ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കുക.



വിഭവ സമാഹരണം

വിഭവങ്ങളുടെ ഔചിത്യ പൂർണ്ണമായ വിനിയോഗമാണ് സാമൂഹ്യ പുരോഗതിയുടെ അടിസ്ഥാനഘടകം. ഗ്രാമ പഞ്ചായത്തുകൾ ഒരു പ്രാദേശിക ഗവൺമെൻറായി പ്രവർത്തിക്കുവാൻ തുടങ്ങിയ സാഹചര്യത്തിൽ പഞ്ചായത്തിൻെറ നിലവിലുള്ള വരുമാനം വലിയ തോതിൽ വർദ്ധിക്കേണ്ടിയിരിക്കുന്നു. ശക്തമായ സാമ്പത്തിക അടിത്തറയിൽ നിന്നുകൊണ്ട് മാത്രമേ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നമുക്ക് സാധിക്കൂ. കാർഷിക-കാർഷികേതര മേഖലകൾ പുഷ്ഠിപ്പെടുത്തുന്നതോടൊപ്പം മറ്റ് വിഭവ ശ്രോതസുകൾകൂടി നാം കണ്ടെത്തേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൻെറ വർദ്ധിച്ചുവരുന്ന ആവശ്യങ്ങളേയും പ്രശ്നങ്ങളേയും നേരിടുവാൻ നാം സമ്പത്ത് കണ്ടെത്താൻ പരിശ്രമിക്കണം. നമുക്ക് സുലഭമായ മനുഷ്യ ശക്തിയെ പ്രത്യുൽപാദന രംഗത്തേക്ക് തിരിച്ചുവിട്ടാൽ അത് അത്ഭുതകരമായ ഫലങ്ങൾ ഉളവാക്കുവൻ സാധിക്കും.

പട്ടിക-1

പഞ്ചായത്തിലെ കാർഷികവിഭവങ്ങൾ ചുവടെ ചേർക്കുന്നു.

	ആകെഭൂമി -	12129.73 ഏക്കർ		
	റവന്യുഭൂമി -	500 ഏക്കർ		
	പുറംമ്പോക്ക് ഭൂമി -	230 ഏക്കർ		
	കൃഷിയിനം	വിസ്തീർണ്ണം	ഉല്പാദനം	വരുമാനം
1	റബ്ബർ	4500 ഏക്കർ	1500 ടൺ	7,50,00000 രൂപ
2	തെങ്ങ്	2000 "	20,00000 തേങ്ങ	80,00000 രൂപ
3	കമുക്	600 "	320 ടൺ	1,92,00000 "
4	കശുമാവ്	3000 "	760 "	2,28,00000 "
5	കുരുമുളക്	200 "	40 "	28,00000 "
6	നെല്ല്	16 "	04 "	24,000 "
7	വാഴ	60 "	120 "	9,60,000 "
8	മരച്ചീനി	80 "	160 "	6,40,000 "

പട്ടിക-II

വിദേശങ്ങളിൽ ജോലിചെയ്യുന്നവർ	
വാർഡ് I	- 15 പേർ
വാർഡ് II	- 14 "
വാർഡ് III	- 20 "
വാർഡ് IV	- 15 "
വാർഡ് V	- 11 "
വാർഡ് VI	- 10 "
വാർഡ് VII	- 10 "
വാർഡ് VIII	- 11 "
വാർഡ് IX	- 28 "
ആകെ	134 "
പ്രതിവർഷ വരുമാനം	- 80,40,000 രൂപ

പഞ്ചായത്തിലെ ആകെ തൊഴിലെടുക്കുന്നവർ

തൊഴിൽ നികുതി അടക്കുന്ന ഉദ്യോഗസ്ഥർ	-	371
പഞ്ചായത്തിലെ കർഷകതൊഴിലാളികൾ സ്ത്രീ-900 പു:600	-	1500
റബ്ബർ ടാപ്പിംഗ് തൊഴിലാളികൾ	-	750
മദ്യവ്യവസായ തൊഴിലാളികൾ	-	9
ചെത്ത് തൊഴിലാളികൾ	-	15
നിർമ്മാണ തൊഴിലാളികൾ	-	800
ചുമട്ട് തൊഴിലാളികൾ	-	21
ചെങ്കൽ തൊഴിലാളികൾ സ്ത്രീ - 100 പു : 300	-	400

പട്ടിക III

പഞ്ചായത്തിന്റെ വരുമാനങ്ങൾ

ആകെ കെട്ടിടങ്ങളുടെ എണ്ണം 6882

1	കെട്ടിട നികുതി	-1,82, 679.04 രൂപ.
2	വിനോദ "	38,473.75 "
3	തൊഴിൽ "	1,25,555.00 "
4	പഞ്ചായത്ത്ഭൂമിയിൽനിന്നുള്ളവരുമാനം	1,20,207.00 "
5	അൺടൈഡ് ഫണ്ട്	2,77,750.00 "
6	J.R.Y ഫണ്ട്	2,75,660.00 "
7	അടിസ്ഥാന നികുതിഗ്രാൻറ്	91,798.00 "
8	M.I. ഗ്രാൻറ് (ചെറുകിട ജലസേചനം)	338.00 "
9	V.R.M. ഗ്രാൻറ്	28,401.00 "
10	V.T.C ഗ്രാൻറ്	3,21,174.00 "
11	ലൈസൻസ് ഫീസ്	5,980.00 "
	ആകെ	14,61,015.79 "

പട്ടിക IV

പഞ്ചായത്തിലെ കച്ചവട സ്ഥാപനങ്ങളുടെ എണ്ണം

(ലൈസൻസ് ഫീസ് ആവശ്യമുള്ളത്.)

1	വാർഡ് I മണ്ഡലം	34	ഏരുവേശ്ശി
2	വാർഡ് II "	10	വളയം കുണ്ട്
3	വാർഡ് III "	100	ചെമ്പേരി
4	വാർഡ് IV "	23	പൂപ്പറമ്പ്
5	വാർഡ് V "	30	നെല്ലിക്കുറ്റി
6	വാർഡ് VI "	11	താരചീത്ത
7	വാർഡ് VII "	13	രത്നഗിരി
8	വാർഡ് VIII "	20	വലിയ അരീക്കമല
9	വാർഡ് IX "	90	കുടിയാൻമല
	ആകെ സ്ഥാപനങ്ങൾ	331	

പട്ടിക V

ലൈസൻസ് ഫീസ് ചുമത്തിയിട്ടുള്ള പഞ്ചായത്തിലെ കച്ചവട സ്ഥാപനങ്ങളുടെ എണ്ണം

മണ്ഡലം	പേര്	എണ്ണം	തുക
1	ഏരുവേശ്ശി	15	305.60
2	വളയം കുണ്ട്	10	238.75
3	ചെമ്പേരി	52	1979.00
4	പൂപ്പറമ്പ്	22	577.75
5	നെല്ലിക്കുറ്റി	12	404.75
6	താരച്ചീത്ത	11	212.50
7	രത്നഗിരി	5	156.25
8	വലിയ അരീക്കമല	9	212.50
9	കുടിയാൻമല	49	1889.90
	ആകെ	185	5980.00

പട്ടിക VI

പഞ്ചായത്തിന്റെ ചെലവ് വിവരം

1995-1996

1	എസ്റ്റാബ്ലിഷ്മെൻറ്	1,66,658.00
2	പൊതുമരാമത്ത്	5,41,951.00
3	മറ്റ് വികസനചെലവുകൾ	54,238.00
	ആകെ	76,28,47.00

കെട്ടിട നികുതി

കെട്ടിടങ്ങളുടെ നികുതി ഇപ്പോൾ നിർണ്ണയിക്കുന്നത് നിർമ്മാണ ചെലവിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അത് ശാസ്ത്രീയമായ രീതിയിലല്ല. നികുതി നിശ്ചയിക്കുമ്പോൾ ആഡംബരവും വില കൂടുതലുള്ളതുമായ വീട്ടുപകരണങ്ങൾക്കും കൂടി നികുതി ഏർപ്പെടുത്തിയാൽ പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിയും. വീട്ടു നികുതി ചുമത്തിയതിന്റെ മാനദണ്ഡം എങ്ങനെ എന്നുള്ള വിവരം നികുതിദായകരെ ബോധ്യപ്പെടുത്തുകയും ചെയ്യണം.

തൊഴിൽനികുതി

ഇപ്പോൾ മാസ ശമ്പളക്കാരിൽ നിന്നും കച്ചവടസ്ഥാപനങ്ങളിലെ ഉടമ

സ്ഥരിൽ നിന്നും മാത്രമാണ് നികുതി പിരിക്കുന്നത്. മാസ ശമ്പളക്കാരിൽ വളരെ യധികം ആളുകൾ തൊഴിൽ നികുതി കൊടുക്കാതെ ഒഴിവായിപ്പോകുന്നു. ഉദാഹരണം പാരലൽ കോളേജിലെ ജീവനക്കാരാരും തന്നെ തൊഴിൽക്കരം അടക്കാറില്ല. അവരിൽ നിന്നും കരം ഈടാക്കിയാൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. കച്ചവട സ്ഥാപനങ്ങളിലെ തൊഴിലാളികളടക്കം മറ്റുമേഖലയിലെ തൊഴിലാളികളിൽ നിന്നും, വാഹന ഉടമകളിൽനിന്നും, കൃഷിക്കാരിൽനിന്ന് കാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലും കൂടി നികുതി ഏർപ്പെടുത്തിയാൽ പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

വിനോദനികുതി

വിനോദനികുതി പ്രധാനമായും സിനിമാ തീയറ്ററുകളിൽ നിന്നാണ് ഈടാക്കുന്നത്. പഞ്ചായത്തിൽ 3 സിനിമാ തീയറ്ററുകൾ ഉണ്ട്. തീയറ്ററുകളിൽ നികുതി പിരിവ് കാര്യക്ഷമമാക്കി നികുതിയുടെ ചോർച്ച ഒഴിവാക്കാം. സിനിമാ ടാക്കീസുകളുടെ സീറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസമോ പ്രതിവർഷമോ നികുതി ഈടാക്കിയാൽ നികുതി ച്ചോർച്ച ഒഴിവാക്കാം.

നിർദ്ദേശങ്ങൾ

1 പഞ്ചായത്തിലെ ഏറ്റവും വലിയ വിഭവം മനുഷ്യ ശേഷിയാണ്. ഇത് പരമാവധി ഉപയോഗപ്പെടുത്തി പുതിയ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

2 വിവിധ വിഭാഗം ജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിച്ചുകൊണ്ട് കൊക്കമുള്ള്, വഞ്ചിയം ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുക.

3 കുടിയാൻ മലയിലെ മിനി സ്റ്റേഡിയത്തിന്റെ പണി പൂർത്തിയാക്കി വാടക നിശ്ചയിച്ച് ആവശ്യക്കാർക്ക് കൊടുക്കുക.

4 പഞ്ചായത്തിൽ ചെമ്പേരി, കുടിയാൻ മല എന്നീസ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക. ഇതിനാവശ്യമുള്ള ധനം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി വാങ്ങാവുന്നതാണ്.

5 ചെമ്പേരിയിലും, കുടിയാൻമലയിലും ഓരോ ടാക്സി സ്റ്റാൻറുകൾ നിർമ്മിച്ചാൽ റോഡിൽ വാഹനങ്ങൾ പാർക്കുചെയ്യുന്നത് ഒഴിവാക്കുകയും അതോടൊപ്പം അപകടങ്ങൾ ഒഴിവാക്കാനും കഴിയും.

6 പൊതു ജല ശ്രോതസ്സുകളിൽ നിന്നും കൃഷിയാവശ്യത്തിന് ജലം ഉപയോഗിക്കുന്ന കൃഷിക്കാരിൽ നിന്നും വെള്ളത്തിന് ഒരു നിശ്ചിത സംഖ്യ കരം ഈടാക്കിയാൽ അതുപയോഗിച്ച്കൂടുതൽ ജലസേചന പ്രവർത്തികൾ നടപ്പിലാക്കുവാൻ കഴിയും.

7 പഞ്ചായത്തിന് അകത്തും പുറത്തുമുള്ള വ്യക്തികളുടേയോ സ്ഥാപനങ്ങളുടേയോ എന്തിന്റേയോ ഏതുവിധത്തിലുമുള്ള പരസ്യങ്ങളും പഞ്ചായത്തിൽ പ്രദർശിപ്പിക്കുന്നതിന് നികുതി ഈടാക്കണം.

8 പഞ്ചായത്തിന്റെ പരിധിയിൽ നടക്കുന്ന എല്ലാ വിവാഹങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും ഒരു നിശ്ചിത ഫീസ് ഈടാക്കി നിർദ്ധനരായ കുടുംബത്തിലെ വിവാഹത്തിന് നിശ്ചിത ഫണ്ട് ഉപയോഗിക്കുകയും ചെയ്യണം.

9 പഞ്ചായത്ത് സ്വന്തമായി വിഭവങ്ങൾ സമാഹരിച്ച് വ്യവസായങ്ങൾ ആരംഭിച്ചാൽ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സഹായകമാവുകയും തൊഴിലില്ലായ്മക്ക് ഒരു പരിധിവരെ പരിഹാരം ഉണ്ടാവുകയും ചെയ്യും.

ചെലവുകൾ

നമ്മുടെ പഞ്ചായത്തിന്റെ വരുമാനത്തിന്റെ അധികഭാഗവും ചെലവിടുന്നത് പൊതുമരാമത്ത് പ്രവർത്തനങ്ങൾക്കാണ്. റോഡുകളുടെ നിർമ്മാണവും അറ്റകുറ്റ പണികളുമാണ് പ്രധാന പ്രവർത്തനങ്ങൾ. ഇതിൽ പല ജോലികളും കരാർ അടിസ്ഥാനത്തിലാണ് ചെയ്യിക്കുന്നത്. ഇതുകൊണ്ടുതന്നെ പദ്ധതി ചെലവിന്റെ നല്ലൊരുഭാഗം ഇടത്തട്ടുകാരുടെ കയ്യിലേക്ക് പോവുന്നു. ഇത്തരം പ്രവർത്തികൾ വാർഡ് തലത്തിലുള്ള ജനകീയ കമ്മിറ്റികളെ ഏൽപ്പിച്ചാൽ ഒരു പരിധിവരെ വിഭവ ചോർച്ച ഒഴിവാക്കാൻ കഴിയും. നമ്മുടെ റോഡുകളുടെ സുരക്ഷിതത്തിന് ഓടകളും, കലുങ്കുകളും നിർമ്മിക്കേണ്ടിയിരിക്കുന്നു.

ധനകാര്യ സ്ഥാപനങ്ങൾ


നമ്മുടെ പഞ്ചായത്തിൽ ഏരുവേശ്ശി സർവ്വീസ് സഹകരണ ബാങ്കിന്റെ രണ്ട് ശാഖകൾ, സിൻഡിക്കേറ്റ് ബാങ്കിന്റെ ഒരുശാഖ, ഫെഡറൽ ബാങ്കിന്റെ ശാഖ, N.M.G. ബാങ്കിന്റെ 2 ശാഖകൾ എന്നിവ പ്രവർത്തിക്കുന്നു.

അനൗപചാരിക ധനകാര്യ സ്ഥാപനങ്ങൾ

പഞ്ചായത്തിൽ 5 ചിട്ടി സ്ഥാപനങ്ങൾ അനൗപചാരിക ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം നടത്തുന്നു.

ക്രെഡിറ്റ് യൂണിയനുകൾ - പരസ്പര സഹായ സുഹൃദ് സംഘങ്ങൾ

തലശ്ശേരി കേന്ദ്രമായിട്ടുള്ള സോഷ്യൽ സർവ്വീസ് സൊസൈറ്റികളെ ശാഖകളായി പഞ്ചായത്തിൽ കുടിയാൻമല, ചെമ്പേരി, ചെറിയ അരീക്കമല, രത്നഗിരി, നെല്ലിക്കുറ്റി എന്നിവിടങ്ങളിൽ പ്രവർത്തനം നടത്തുന്നു.




റിപ്പോർട്ട് തയ്യാറാക്കുന്നതിൽ നേതൃത്വം നല്കിയവർ

1 ശ്രീ. എൽ. പി. നമ്പൂതിരി
2 " എം. സി. പത്മനാഭൻ നമ്പ്യാർ
3 " കെ. വി. വർഗ്ഗീസ്
4 " ഡോ. പി. ടി. വർക്കി
5 " തോമസ് കുളത്തറ
6 " ടി. എ. ഔസേഫ്
7 " ഇ. പി. കുഞ്ഞമ്പുമാസ്റ്റർ
8 " പി. വി. നാരായണൻ
9 " എം. എ. തോമസ്
10 " ലൂക്കാ. എം. എൽ
11 " കെ. പി. കുമാരൻ
12 " രതീഷ് ബാബു .കെ. വി
13 " സി.ഒ. ജേക്കബ്
14 ശ്രീമതി. കെ.ടി.കത്രിക്കുട്ടിട്ടീച്ചർ
15 ശ്രീ. അലക്സാണ്ടർ കടുക്കുന്നേൽ
16 " ജോസഫ് അയ്യങ്കനാൽ
17 " കെ. വി. വർക്കി
18 " കെ. പി. കുഞ്ഞിരാമൻ
19 " ആഗസ്തി കവളക്കാട്ട്
20 ശ്രീമതി. പി. കെ. രാജമ്മ
21 ശ്രീ. ജോസഫ് പുന്നത്താനത്ത്

22 ശ്രീ. കെ. രാഘവൻ
23 " പി. രാഘവൻ
24 " ബെറ്റിജോസ്
25 ശ്രീമതി. കെ. ലക്ഷ്മിക്കുട്ടി
26 ശ്രീ. ജോയ്. എം.എൽ
27 " പി. രാജീവൻ
28 " സി.എ. മാത്യു
29 " ജോസഫ് ഇരുപ്പക്കാട്ട്
30 " പി.ജീ. സണ്ണി
31 " പി.കെ. ജോസഫ്
32 " മുഹമ്മദ് കുഞ്ഞി JHI
33 " വി.കെ. രാജപ്പൻ
34 " തെക്കേടത്ത് ജോയി
35 ശ്രീമതി. പ്രസന്ന. പി.പി.
36 ശ്രീ. എം. നാരായണൻ മാസ്റ്റർ
37 ശ്രീമതി. കെ.നാരായണി ടീച്ചർ.
38 ശ്രീ. കെ. കരുണാകരൻ.
39 ശ്രീമതി. മേരി കുര്യൻ.
40 ശ്രീ. ജോർജ്ജ് ജോസഫ് കട്ടയ്ക്കൽ.
41 ശ്രീ. തോമസ് മാത്യു പാലോലിൽ.
42 ശ്രീമതി. വത്സമ്മതോമസസ്

കേരളം



അധികാരം ജനങ്ങൾക്ക്

ഒൻപതാം പദ്ധതി
ജനകീയ പദ്ധതി

ഗ്രാമസഭകളിലൂടെ
വികസന സെമിനാറിലൂടെ

പുതിയൊരു വികസന സംസ്കാരം